# ആയുൎവ്വേദം.

(അഗ്നിപുരാണതൎജ്ജിമയിൽനിന്നു എടുത്തതു്)

The Mathrubhumi Ptg. & Pub. Co. Ltd.
CALICUT

ബി. വി. ബുക്ക്ഡിപ്പോ,

തിരുവനന്തപുരം.

Since 1923

# ആയുൎവ്വേദം

(അഗ്നിപുരാണതൎജ്ജിമയിൽനിന്നും എടുത്തതു്)

---

പരിഭാഷകൻ

കെ. വാസുദേവൻ മൂസ്സതു്.

---

പ്രകാശകൻ

കുളക്കുന്നത്തു ശങ്കരമേനോൻ.

---

ബി. വി. ബുക്ക്ഡിപ്പോ,

തിരുവനന്തപുരം

[പകൎപ്പവകാശം]

---

“കമലാലയ” പ്രസ്

തിരുവനന്തപുരം

1104

[വില ൮ ണ.

Since 1923

# ആയുർവ്വേദം.

## സിദ്ധൌഷധാദികഥനം

### അദ്ധ്യായം ൧

അഗ്നി:—ഇനി ഞാൻ, സുശ്രുതന്നു് ധന്വന്തരിഭഗവാനാൽ ഉപദേശിക്കപ്പെട്ടതും മൃതസഞ്ജീവനകരവും ഏററവും സാരമായിട്ടുള്ളതുമായ ആയുർവ്വേദത്തെപ്പറയാം.

സുശ്രുതൻ:—അല്ലയോ ധന്വന്തരിഭഗവാനേ, അങ്ങുന്നു് മനുഷ്യർക്കും, കുതിരകൾക്കും, ഗജങ്ങൾക്കുമുണ്ടാകുന്ന രോഗങ്ങളെല്ലാം ശമിപ്പിക്കുന്നതായ ആയുർവ്വേദത്തെയും മൃതസഞ്ജീവനങ്ങളായ സിദ്ധയോഗങ്ങൾ, സിദ്ധമന്ത്രങ്ങൾ എന്നിവയേയും എനിക്കു പറഞ്ഞുതരണമേ!

(ജ്വരചികിത്സ)

ധന്വന്തരി:—വൈദ്യൻ ജ്വരമുള്ളവനെ, അവന്റെ ബലം നോക്കിക്കൊണ്ടു്, ആദ്യം ലംഘനം ചെയ്യിച്ചു്, ചുക്കു ചതച്ചിട്ടുവെച്ചതും മലരിട്ടതുമായ കഞ്ഞിയുടെ തെളി ഭുജിപ്പിക്കണം. തണ്ണീർദ്ദാഹമുള്ള ജ്വരരോഗിയെയാകട്ടേ മുത്തങ്ങ, പർപ്പടകം, രാമച്ചം, ചന്ദനം, ഇരുവേലി, ചുക്കു് എന്നിവയിട്ടുവെച്ച വെള്ളം സേവിപ്പിക്കണം. ഇങ്ങനെയാണു് ആറുദിവസം ചെയ്യേണ്ടതു്. ആറുദിവസം കഴിഞ്ഞാൽ തിക്തകത്തെ നിശ്ചയമായും സേവിപ്പിക്കാം. ജ്വരരോഗിയുടെ ദോഷങ്ങളെക്കളഞ്ഞു് അവനെ ആദ്യം സ്നേഹിപ്പിക്കയും പിന്നെ വിരേചനം ചെയ്യിക്കയും വേണം. പഴക്കംചെന്ന നവരനെല്ലു്, വരിനെല്ലു്, ചെന്നെല്ലു്, പ്രമോദകമെന്ന നെല്ലു് എന്നിവകൊണ്ടും ഇവയെപ്പോലെയുള്ള (ലഘുത്വമുള്ള) മററു ദ്രവ്യങ്ങളെക്കൊണ്ടുമുണ്ടാക്കിയ അന്നപാനാദികളും, യവംകൊണ്ടുണ്ടാക്കിയ ഭക്ഷ്യപേയാദികളും ജ്വരങ്ങളിൽ പത്ഥ്യങ്ങളാകുന്നു. ചെറുപയറു്, കറുത്തതായ മസൂരമെന്ന പയറു്, ചണംപയറു്, മുതിര, മകുഷ്ഠപ്പയറു്, തുവരയും, കക്കോടനെല്ലു്, താമരയരി, വലനെല്ലു് എന്നിവയും, നാരകാദികളും, കായുള്ള പടോലവും, വേപ്പും, പർപ്പടവും, ദാഡിമനാരങ്ങയും ജ്വരത്തിങ്കൽ നല്ലവയാണു്.

(രക്തപിത്തചികിത്സ)

അധോഗമായ (കീഴ്പോട്ടുപോകുന്നതായ) രക്തപിത്തത്തിങ്കൽ വമനം നല്ലതാകുന്നു; ഊർദ്ധ്വഗമായ രക്തപിത്തത്തിങ്കലാകട്ടേ വിരേ

Since 1923

ചന്മാണ് നല്ലത്. ചുക്കൊഴികെയുള്ള ഷഡംഗം*കൊണ്ടുണ്ടാക്കിയ വെള്ളം കുടിയ്ക്കുന്നതും, രക്തപിത്തത്തിൽ ഉത്തമമാണ്. മലപ്പൊടി, ഗോതമ്പം, മലര്, യവം, ചെന്നെല്ല്, മസൂരമെന്ന പയറ്, മകുട്ടപ്പയറ്, ചണംപയറ് ഇവയും, ഗോതമ്പംകൊണ്ടു നെയ്യും പാലും ചേർത്തുണ്ടാക്കിയ ഭക്ഷ്യങ്ങളും രക്തപിത്തത്തിങ്കൽ ഉത്തമമത്രേ. അതുപോലെ തേനം, തേൻ ചേർത്തതായ ആടലോടകനീരും നല്ലതാണ്.

(അതിസാരചികിത്സ)

അതിസാരത്തിങ്കൽ പഴകിയ ചെന്നെല്ലിന്റെ അരിവെച്ച ചോറുണ്ണുന്നതു നന്ന്. അഭിഷ്യന്ദമുണ്ടാക്കാത്തതായ എല്ലാവിധം അന്നവും, പാച്ചോററിത്തൊലി ചേർത്തതായ ഭക്ഷ്യവും ഹിതമാകുന്നു. കാററിനെ വർജ്ജിയ്ക്കുകയും വേണം.

(ഗുല്മചികിത്സ)

എല്ലാത്തരം ഗുല്മങ്ങളിലും ഏററവും പ്രയത്നപ്പെട്ടു ചികിത്സ ചെയ്യേണ്ടതാകുന്നു. വാട്യം (=യവാന്നം) പാലും കൂട്ടി ഭക്ഷിക്കുകയും, വാസ്തുകമെന്ന ചീര നെയ് ചേർത്തു പാകംചെയ്തു ഭക്ഷിക്കുകയും വേണം. ഗോതമ്പം, ചെന്നെല്ലരി, തിക്തരസമുള്ള സാധനങ്ങൾ എന്നിവയെല്ലാം ഗുല്മരോഗമുള്ളവർക്കു ഹിതമാകുന്നു.

[ഉദരചികിത്സ]

ഉദരരോഗമുള്ളവർക്ക് ഗോതമ്പം, ചെന്നെല്ലരി, ചെറുപയറ് എന്നിവ ഹിതങ്ങളാകുന്നു. ബ്രവമം(= ഗോമൂത്രം), ഋക്ഷം (=ശതാവരി), കരിങ്ങാലി, കടുക്ക എന്നിവയും നന്ന്. പഞ്ചകോലം (അതായതു് കാട്ടതിപ്പലി, കാട്ടുമുളക്, കൊടുവേലി, തിപ്പലി, ചുക്ക് എന്നിവ) ഏററവും ഹിതമാകുന്നു. അതുപോലെതന്നെ ജാംഗലങ്ങളായ മാംസങ്ങൾ, വേപ്പ് (വേപ്പിന്റെ ഇല, തൊലി മുതലായവ), നെല്ലിയ്ക്ക, പടോലം, മാതുളംഗരസം, ജാതിയ്ക്ക, ഉണങ്ങിയ മൂലരിക്കിഴങ്ങ്, ഇന്തുപ്പ് ഇവയും ഉദരരോഗികൾക്കു ഹിതങ്ങളാണ്.

(കുഷ്ഠചികിത്സ)

കുഷ്ഠരോഗമുള്ളവർക്കു കുടിയ്ക്കുവാൻ കരിങ്ങാലിക്കാതൽ ചതച്ചിട്ടു തിളപ്പിച്ച വെള്ളം നല്ലതാകുന്നു. മസൂരമെന്ന പയറ്, ചെറുപയറ് ഇവയിട്ടുവെച്ച കഞ്ഞിയും നന്ന്. ഉണ്ണുവാൻ പഴക്കംചെന്ന ചെന്നെല്ലരിയുടെ ചോറാണുത്തമം. വേപ്പ്, പർപ്പടകം, ശാകം എന്നിവയോടുകൂടി ഭക്ഷണം കഴിക്കണം. ജാംഗലമാംസങ്ങളുടെ രസങ്ങളും കൊള്ളാം. വിളയുപ്പ്, കുരുമുളക്, മുത്തങ്ങ, കൊട്ടം, പാച്ചോററി, തുവർച്ചിലക്കാരം ഇവ

* ഷഡംഗം = മുത്തങ്ങ, ചന്ദനം, ചുക്ക്, ഇരുവേലി, പർപ്പടകം, രാമച്ചം.

യും നന്ന്. മനയോലയും വയമ്പും ഗോമൂത്രത്തിലരച്ചു പുരട്ടുന്നതും ഉത്തമമാകുന്നു.

CALICUT

[പ്രമേഹചികിത്സ]

പ്രമേഹരോഗമുള്ളവൎക്ക് അപൂപങ്ങൾ (അപ്പങ്ങൾ)—കൊട്ടം—കരുയവം—യവം മുതലായവ ഹിതങ്ങളാകുന്നു. യവാന്നംകൊണ്ടുണ്ടാക്കിയ പലതരം പലഹാരങ്ങളും, ചെറുപയറ്, മുതിര, പഴകിയ ചെന്നെല്ലിന്റെ അരി എന്നിവയും തിക്തരസമുള്ളവയും രൂക്ഷതയുള്ളവയുമായ ശാകങ്ങളും തിക്തരസങ്ങളായ ഹരിതദ്രവ്യങ്ങളും എള്ള്, മുരിങ്ങ, താന്നിക്ക, ഇംഗുദം (ഓടക്കായ) എന്നിവയുടെ എണ്ണകളും, ചെറുപയറ്, യവം, ഗോതമ്പം എന്നിവയും ഒരു സംവത്സരം പഴകിയ ധാന്യവും പ്രമേഹികൾക്കു ഹിതങ്ങളാകുന്നു.

(രാജയക്ഷ്മചികിത്സ)

രാജയക്ഷ്മാവ് (=ക്ഷയം) ഉള്ളവൎക്ക് ഭോജനത്തിങ്കൽ ജാംഗലമാംസരസം ഉത്തമമത്രെ. മുതിര, ചെറുപയറ്, ചെറുലന്തക്കുരു മുതലായവയും, ഉണങ്ങിയ മൂലരിക്കിഴങ്ങ്, ജാംഗലമാംസം, പൂപമാംസം, വിഷ്കിരമാംസം എന്നിവകൊണ്ടുണ്ടാക്കിയ രസങ്ങളും, ദധിയും, ദാഡിമനാരങ്ങനീരും ചേൎത്ത രസങ്ങളും ക്ഷയരോഗികൾക്കു ഹിതങ്ങളാകുന്നു.

(ശ്വാസകാസചികിത്സ)

ശ്വാസകാസങ്ങളുള്ളവനെ മാതളംഗരസം, തേൻ, മുന്തിരിങ്ങ, വ്യോഷം (അതായതു ചുക്ക്, മുളക്, തിപ്പലി എന്നിവ) മുതലായവ ചേൎത്തു സംസ്കരിക്കപ്പെട്ട യവച്ചോറ്, ഗോതമ്പച്ചോറ്, ചെന്നെല്ലരിച്ചോറ് ഇവ ഭുജിപ്പിക്കണം. ദശമൂലം (അതായതു് കുമിഴ്, കൂവളം, പൂപ്പാതിരി, പലകപ്പയ്യാന, മുഞ്ഞ, ഓരില, മൂവില, ചെറുള, ചെറുവഴുതിന, ഞെരിഞ്ഞിൽ ഇവയുടെ വേരുകൾ), കുറുന്തോട്ടിവേര്, ചുവന്നരത്ത, മുതിര എന്നിവ ചേൎത്തു പാകംചെയ്യപ്പെട്ട കഞ്ഞികൾ, മാംസരസങ്ങൾ, കഷായങ്ങൾ എന്നിവ ശ്വാസകാസങ്ങളേയും ഹിധ്മ (ഇക്കിൾ) യേയും നിവാരണംചെയ്യും. ഉണങ്ങിയ മൂലേരിക്കിഴങ്ങ്, മുതിരവേര്, ജാംഗലമാംസരസം എന്നിവ ചേൎത്തു് പഴക്കംചെന്ന യവത്തിന്റെയൊ, ഗോതമ്പത്തിന്റെയൊ, ചെന്നെല്ലിന്റെയൊ ചോറ് ഉശീരസഹിതമായി ഉണ്ണുകയുമാകാം. (ഉശീരം=രാമച്ചം)

(ശോഫ—ഗ്രഹണീചികിത്സ)

ശോഫം (വീക്കം) ഉള്ളവൻ ശൎക്കര ചേൎത്ത് [illegible]. ശൎക്കരയോടുകൂടിയ ചുക്കോ സേവിക്കണം. ഗ്രഹണീരോഗത്തെ നശിപ്പിക്കുന്നതിന്ന് മോര്, കൊട്ടവേലിക്കിഴങ്ങ് എന്നിവ രണ്ടും ഉത്തമങ്ങളായ ഔഷധങ്ങളാകുന്നു.

[വാതരോഗചികിത്സ]

പഴക്കംചെന്ന യവം, ഗോതമ്പം, ചെന്നെല്ല്, ജാംഗലമാംസരസം, ചെറുപയറ്, നെല്ലിക്ക, ഈന്തപ്പഴം, മുന്തിരിങ്ങ, ലന്ത, തേൻ, നൈ, പാൽ, വേപ്പിൻതൊലി, പൎപ്പടകം, ആടലോടകം, തക്രം, അരിഷ്ടം എന്നിവ വാതരോഗികൾക്ക് ഹിതങ്ങളാകുന്നു.

[ഹൃദ്രോഗചികിത്സ]

ഹൃദ്രോഗമുള്ളവരെ വിരേചിപ്പിക്കുന്നതു നന്ന്. ഹിധ്മയുള്ളവൎക്ക് തിപ്പലി ഉത്തമൌഷധമത്രെ. തണുത്ത വെള്ളം ചേൎത്തവയായ മോര്, കാടി, സീധുമദ്യം എന്നിവയും നന്ന്. മദാത്യയത്തിങ്കൽ മുത്ത്, തുവൎച്ചിലക്കാരം, അയമോദകം എന്നിവയും, മദ്യവും നന്ന്. ഉരഃക്ഷതമുള്ളവൻ തേനോ, പാലോ ചേൎത്തതായ കോലരക്ക സേവിക്കണം. അഗ്നിയെ രക്ഷിച്ചുംകൊണ്ടു് മാംസരസാഹാരംചെയ്താൽ ക്ഷയത്തെജ്ജയിക്കാം. ചുവന്ന ചെന്നെല്ല്, വരി, കഴമനെല്ല്, യവം എന്നിവയുടെ അന്നവും, പലഹാരവും, മാംസവും, ശാകവും, തുവൎച്ചിലയുപ്പും, കൎച്ചൂരിയും നല്ലവയാകുന്നു.

[അൎശശ്ചികിത്സ]

അൎശസ്സുകൾക്ക് കടുക്ക ഹിതമത്രെ. ദധിമണ്ഡവും, തക്രവും വെള്ളം ചേൎത്തുപയോഗിക്കുന്നതും നന്ന്. മുത്തങ്ങ പതിവായിട്ടുപയോഗിക്കുന്നതും, കൊടുവേലിക്കിഴങ്ങും, മരമഞ്ഞളും, അരച്ചുപുരട്ടുന്നതും നന്ന്. യവത്തിന്റെ അന്നവും, പലഹാരവും, ചെന്നെല്ലരിച്ചോറ്, വാസ്തുച്ചീര, തുവൎച്ചിലയുപ്പ് എന്നിവയും ഹിതങ്ങളാകുന്നു.

[മൂത്രകൃച്ഛ്രചികിത്സ]

മൂത്രകൃച്ഛ്രത്തിങ്കൽ മത്തങ്ങ, വെള്ളരിക്ക, ഗോതമ്പം എന്നിവ പാലോ, കരിമ്പിൻനീരോ, നൈയോ ചേൎത്തു സേവിക്കുന്നതു നല്ലതാകുന്നു. കുടിപ്പാൻ ദധിമണ്ഡം, സുരാമദ്യം മുതലായവയും നന്ന്. മലർ, മലർപ്പൊടി, തേൻ, ശൂല്യമാംസം (ശൂലപ്രോതപചിതമായ മാംസം), ചിററീന്തൽ എന്നിവയും നന്ന്.

[ഛൎദ്യാദിചികിത്സ]

കാട, തിത്തിരി, മയിൽ എന്നീ പക്ഷികളുടെ മാംസങ്ങൾ ഛൎദ്ദിയെ ഹനിക്കുന്നവയാണ്. പാനകങ്ങളും, ശാല്യന്നവും കേവലം ചൂടുള്ളവയോ തിളപ്പിച്ചു ചൂടേററിയവയോ ആയ വെള്ളവും, പാലും ഛൎദ്ദിയുള്ളവൎക്കു ഹിതങ്ങളാകുന്നു. തൃഷ്ണയെ (തണ്ണീർദ്ദാഹത്തെ) ശമിപ്പിക്കുവാൻ മുത്തങ്ങയും, ശൎക്കരയുംകൂട്ടി അരച്ച് ഗുളികയാക്കി ആയതു് വായിൽ ധരിക്കുന്നതു നല്ലതാകുന്നു. യവംകൊണ്ടുള്ള പലഹാരങ്ങളും ഉണങ്ങിയ മുലേരിക്കിഴങ്ങുകൊണ്ടുള്ള അപ്പവും അങ്ങിനെതന്നെ. പടോലം, വേത്രാഗ്രം എന്നീ ശാകങ്ങൾ ഊരുസ്തംഭത്തെ നശിപ്പിക്കുന്നവയത്രെ. ചെറുപയറ്, തുവര, മസൂരപ്പയറ്, എള്ള് ഇവ ചേൎത്തു പാകം

ചെയ്തുണ്ടാക്കിയ ജാംഗലമാംസരസങ്ങളോടോ, ഇന്തുപ്പ്-നെയ്-തേൻ-ചുക്ക്-നെല്ലിക്ക-ലന്തക്ക എന്നിവയുടെ ചാറുകളോടോ ചേർത്ത് പഴകിയ ഗോതമ്പം-യവം-ചെന്നെല്ല് എന്നിവയുടെ അന്നം ശീലിക്കുകയും വേണം.

(വിസർപ്പചികിത്സ)

വിസർപ്പരോഗമുള്ളവൻ ദാഡിമനാരങ്ങയുടെ നീരിൽ പഞ്ചസാരയും, തേനും, മുന്തിരിങ്ങയും ചേർത്തു സേവിക്കണം. ചെന്നെല്ല്, നവരനെല്ല്, ഗോതമ്പം, യവം, ചെറുപയറു മുതലായി ലാഘുത്വമുള്ളവയായ ഭക്ഷ്യങ്ങൾ അവന്നു ഹിതങ്ങളാകുന്നു. കരിന്താളി, കരിമുത്തിൾ, വാസ്തുച്ചീര, വേത്രാഗ്രം എന്നിവയും ഉപയോഗിക്കാം.

(രക്തവാതാദിചികിത്സ)

രക്തവാതത്തെ ശമിപ്പിപ്പാൻ വെള്ളവും, പഞ്ചസാരയും, തേനും നല്ലതാകുന്നു. നാസാരോഗങ്ങളിൽ (മൂക്കിലുണ്ടാകുന്ന രോഗങ്ങളിൽ) കറുകനീരിൽ കറുകതന്നെ കൽക്കമാക്കി കാച്ചിയ നെയ് ഹിതമാകുന്നു. കഞ്ഞുണ്ണിനീരിലൊ, നെല്ലിക്കനീരിലൊ കാച്ചിയ നെയ്കൊണ്ടുള്ള നസ്യവും നല്ലതാകുന്നു. നസ്യം എല്ലാ രോഗങ്ങളിലും നല്ലതാണ്. വിശേഷിച്ചും, ഊർദ്ധ്വാംഗരോഗങ്ങളിൽ നസ്യം ഉത്തമമാകുന്നു.

(ദന്തരോഗചികിത്സ)

തണുത്ത വെള്ളം കുടിയ്ക്കുക, തണുപ്പുള്ള ചോറുണ്ണുക, എള്ളു ഭക്ഷിയ്ക്കുക ഇവയെല്ലാം പല്ലുകൾക്കുറപ്പു വരുത്തുന്നവയാകുന്നു. ഇവ ചെയ്താൽ തുഷ്ടിയുമുണ്ടാകും. എള്ളിന്റെ എണ്ണകൊണ്ടു കവിൾക്കൊള്ളുന്നതു് പല്ലുകൾക്കുറപ്പുണ്ടാകുവാൻ ഏററവും നല്ലതാകുന്നു. വിഴാലരി ഗോമൂത്രത്തിലരച്ചുണക്കിപ്പൊടിച്ച് അതുകൊണ്ടു പല്ലുതേയ്ക്കുന്നതു് ദന്തക്രിമികളെ നശിപ്പിക്കും.

(ശിരോരോഗാദിചികിത്സ)

ശിരോരോഗങ്ങളെ നശിപ്പിക്കുന്നതിന്ന് നെല്ലിക്ക നെയ്യിലരച്ചു ശിരസ്സിൽ പുരട്ടുന്നതു നല്ലതാകുന്നു. സ്നിഗ്ദ്ധവും ഉഷ്ണവുമായിട്ടുള്ള ഭോജനവും ഹിതമത്രെ. കണ്ണുരോഗം ശമിപ്പാൻ എണ്ണയോ ആട്ടിൻമൂത്രമോ കണ്ണുകളിൽ നിറയ്ക്കുന്നതു നല്ലതാകുന്നു. കണ്ണുകളിലെ വേദന ശമിപ്പാൻ എല്ലാവിധം ചുതപ്പുളിമദ്യങ്ങൾകൊണ്ടും കണ്ണുപൂരണം ചെയ്യാം.

(നേത്രരോഗചികിത്സ)

കാവിമണ്ണ്, ചന്ദനം, കോലരക്ക്, പിച്ചകമൊട്ട് ഇവ കൂട്ടിയരച്ചുണ്ടാക്കിയ ഗുളിക കണ്ണിലുണ്ടാകുന്ന ശുക്ലരോഗങ്ങളെ ശമിപ്പിക്കും. ചുക്ക്, മുളക്, തിപ്പലി, കടുക്ക, നെല്ലിക്ക, താന്നിക്ക, തുത്ഥാഞ്ജനം ഇവകൊണ്ടുള്ള കഷായം സർവ്വാക്ഷിരോഗശമനമത്രെ. രസാഞ്ജനവും അങ്ങനെതന്നെ. രസാഞ്ജനം നെയ്യിൽ വറുത്തു് ലോദ്ധ്രം, കാഞ്ഞി

കം (കാടി), ഇന്തുപ്പ് ഇവയോടുകൂടി കല്ലിന്മേലരച്ച് കണ്ണിൽ എഴുതുന്നത് എല്ലാ നേത്രരോഗങ്ങളിലും കണ്ണിൽനിന്നു വെള്ളംവരുന്നതു ശമിപ്പാൻ നല്ലതാകുന്നു. കാവിമണ്ണും ചന്ദനവും അരച്ചു കണ്ണുകളുടെ പുറമേ പുരട്ടുന്നതും നല്ലതാകുന്നു. നേത്രരോഗശമനത്തിന്നു സ്ഥിരമായി ത്രിഫല ശീലിക്കുന്നതു നന്ന്. ത്രിഫലയുടെ പൊടി തേനോ നെയ്യോ ചേൎത്തു രാത്രിയിൽ സേവിക്കുന്നതു ദീൎഘായുസ്സുണ്ടാവാൻ നന്ന്.

(വൃഷ്യൗഷധങ്ങൾ)

ശതാവരിനീർ ചേൎത്തു കുറുക്കിയ പാലും ശതാവരിനീരിൽ കാച്ചിയ നെയ്യും വൃഷ്യങ്ങളാണെന്നു പറയപ്പെടുന്നു. കാകോളി, ഉഴുന്ന് ഇവകൊണ്ടു സിദ്ധങ്ങളായ പാലും നെയ്യും വൃഷ്യങ്ങളത്രേ. ത്രിഫല മുൻപറഞ്ഞതുപോലെ ഇരട്ടിമധുരവും കൂട്ടി സേവിക്കുന്നതും ആയുഷ്യമാകുന്നു.

(വിവിധചികിത്സ)

ത്രിഫല പതിവാകി ഇരട്ടിമധുരം മുതലായവയുടെ രസങ്ങളിൽ ചേൎത്തു ശീലിച്ചാൽ ദേഹത്തിനുള്ള ചുളിവും നരയും ശമിക്കും. മേഹവിപ്ര, വയമ്പുകൊണ്ടു കാച്ചിയതായ നെയ് ശീലിച്ചാൽ ഭ്രതദോഷങ്ങളം ശമിയ്ക്കും. കവ്യം (?) ബുദ്ധിയെ കൊടുക്കുന്നതും സൎവ്വാഭീഷ്ടങ്ങളെ സ്സാധിപ്പിക്കുന്നതുമാണ്. കറുന്തോട്ടിവേർ കൽക്കവും കഷായവുമായിക്കാച്ചിയതോ, ചുവന്നരത്തയും കരിങ്കുറിഞ്ഞിവേരും കൂട്ടിച്ചേൎത്തു കാച്ചിയതോ ആയ തൈലം വാതവികാരങ്ങളെ ശമിപ്പിയ്ക്കും. വ്രണങ്ങളിൽ കഫത്തെ അഭിവൃദ്ധിപ്പിക്കാത്തതായ ആഹാരം ഒക്കെയും ഹിതമാകുന്നു. വ്രണത്തിന്നു പാചനം വരുത്തുവാൻ അമ്ലരസമായിട്ടുള്ള സക്തുപിണ്ഡി ഉത്തമമാണ്. പഴുത്താൽ അതു പൊട്ടുവാനും ഇതു ഹിതമാകുന്നു. പിന്നെ ഉണങ്ങുവാൻ നിംബചൂൎണ്ണം നല്ലതാകുന്നു. സൂത്യപചാരം (പ്രസവിച്ച സ്ത്രീയുടെ ചികിത്സ) വിശിഷ്ടമായിട്ടുള്ളതു് ബലികൎമ്മമാകുന്നു. സൂതിക്കയ്ക്കു രക്ഷാബന്ധം ചെയ്യുന്നതും നന്ന്. രക്ഷാബന്ധനം എല്ലാ പ്രാണികൾക്കും എപ്പോഴും ഹിതമാകുന്നു.

(വിഷചികിത്സ)

സൎപ്പം കടിച്ചവന്ന് വേപ്പിൻെറ ഇലകൾ കടിച്ചുതിന്നുന്നതു് ഉത്തമമായ ചികിത്സയാണ്. കരിമ്പനക്കുരമ്പ്, വേപ്പില, കാട്ടുപ്പ, പഴയ എണ്ണ, പഴയ നെയ്, പഴയ യവം ഇവയും നല്ലതാകുന്നു. തേൾ കടിച്ചവന്ന് മയിൽപ്പീലിയും നെയ്യും കൂട്ടി ധൂപം ചെയ്യുന്നതു നന്ന്. പ്ലാശിൻകുരു എരുക്കിൻപാലിലരച്ചു തേൾ കൊത്തിയ കടിവായിൽ പുരട്ടുന്നതും ഉത്തമമത്രേ. കറുത്തതായ ഗുൽഗ്ഗുലുവും ത്രിഫലയും കൂട്ടി അരച്ചുപുരട്ടുന്നതും തേൾ കടിച്ചതിന്നൗഷധമാകുന്നു. ടമരക്കിൻപാൽ, എള്ള്, എണ്ണ, മാംസം, ശൎക്കര ഇവ സമഭാഗമായി ചേൎത്തു കുടിച്ചാൽ അതികഠിനമായ പേപ്പട്ടിവിഷം പൊട്ടന്നനവേ ശമിക്കുന്നതാണ്.

തണ്ഡുലീയച്ചീരയുടെ വേരും ത്രികോല്പക്കൊന്നയും സമം പൊടിച്ചു നൈ ചേൎത്തു സേവിച്ചാൽ സൎപ്പവിഷം, കീടവിഷം എന്നിവ വേഗത്തിൽ ശമിയ്ക്കുകയും ശരീരത്തിന്നു ബലമുണ്ടാകയും ചെയ്യും. ചന്ദനം, പതിമുകം, കൊട്ടം, പുത്തൽപ്പീരം, ഇരുവേലി, രാമച്ചം, പൂപ്പാതിരി, കരുനൊച്ചിവേർ, നന്നാരിക്കിഴങ്ങ്, വിരിമരത്തൊലി ഇവ ചേൎന്ന യോഗം ലൂതാവിഷത്തെ ശമിപ്പിക്കും.

(ഔഷധവൎഗ്ഗങ്ങൾ)

അല്ലയോ ദ്വിജ, ശിരോവിരേചനത്തിന്ന് ശക്കരയും ചുക്കും ഉത്തമമാകുന്നു. സ്നേഹപാനം, വസ്തി എന്നിവയിൽ എണ്ണയും നെയ്യും അത്യുത്തമമത്രേ. സ്വേദനീയങ്ങളിൽ അഗ്നിയും സ്തംഭനീയങ്ങളിൽ ശീതോദകവും ശ്രേഷ്ഠമാകുന്നു. വിരേചനദ്രവ്യങ്ങളിൽവെച്ചു ശ്രേഷ്ഠമായിട്ടുള്ളതു് ത്രികോല്പക്കൊന്നയും, വമനദ്രവ്യങ്ങളിൽവെച്ചു പരമമായിട്ടുള്ളതു് മലംകാരയ്ക്കയുമാകുന്നു. വാതത്തിന്നു വസ്തിയും, പിത്തത്തിന്നു വിരേചനവും, കഫത്തിന്നു വമനവും ശ്രേഷ്ഠചികിത്സകളത്രേ. അതുപോലെതന്നെ വാതത്തിന്ന് എണ്ണയും, പിത്തത്തിന്നു നെയ്യും, കഫത്തിന്നു തേനും പരമൌഷധങ്ങളുമാകുന്നു.

— :(ഠ): —

# അദ്ധ്യായം ൨.

ധന്വന്തരി:—അല്ലയോ സുശ്രുത! വ്യാധികൾ നാലുവിധത്തിലാണെന്നു പറയപ്പെട്ടിരിക്കുന്നു. ഒന്ന് ശാരീരം; രണ്ട് മാനസം; മൂന്ന് ആഗന്തുജം; നാല് സഹജം. ശാരീരങ്ങളായ വ്യാധികൾ ജ്വരം, കുഷ്ഠം മുതലായവയാകുന്നു. മാനസവ്യാധികൾ ക്രോധാദികളത്രെ. ആഗന്തുജവ്യാധികൾ വിഘാതം (=മുറിവു മുതലായതു)കൊണ്ടുണ്ടായവയാണ്. സഹജവ്യാധികൾ വിശപ്പ്, ജര മുതലായവയുമാകുന്നു.

മേല്പറഞ്ഞവയിൽവെച്ച് ശാരീരങ്ങളും ആഗന്തുജങ്ങളുമായ വ്യാധികളുടെ നാശത്തിന്ന് ഞായറാഴ്ചദിവസം നെയ്യും ശക്കരയും ഉപ്പും സ്വൎണ്ണവുംകൂട്ടി ബ്രാഹ്മണന്നു ദാനംചെയ്കയും വിപ്രനെ പൂജിക്കയും വേണം. തിങ്കളാഴ്ച ബ്രാഹ്മണന്ന് അഭ്യംഗസ്നാനത്തിന്ന് എണ്ണ കൊടുക്കുന്നവൻ സൎവ്വരോഗങ്ങളിൽനിന്നും മുക്തനാകും. ശനിയാഴ്ചയും തൈലദാനം ഉത്തമമത്രേ. ആശ്വിനമാസത്തിൽ ഗോരസത്തോടുകൂടിയ അന്നം ദാനം ചെയ്യുന്നതും വ്യാധിശാന്തിക്കു നല്ലതാണ്. ദേവലിംഗത്തെ നെയ്കൊണ്ടോ പാൽകൊണ്ടോ സ്നാനംചെയ്യിക്കുന്നവൻ വ്യാധികളിൽനിന്നു മുക്തിയെ പ്രാപിക്കും. ത്രിമധുരത്തിൽ മുക്കിയതായ കറുകപ്പുല്ല് ഗായത്രീമന്ത്രംകൊണ്ട് അഗ്നിയിൽ ഹോമിക്കുകയും വേണം. ഏതു നക്ഷത്രത്തിലാണോ വ്യാധിയുണ്ടാകുന്നതു് ആ നക്ഷത്രത്തിൽ ദേവന്ന് അഭി

ഷേകവും ബലിയും ചെയ്യുന്നതു വ്യാധികൾക്കു ശാന്തികരമാകുന്നു. മാനസങ്ങളായ വ്യാധികൾ മുതലായവയ്ക്കു വിഷ്ണുസ്തോത്രം ജപിക്കുന്നതുതന്നെയാണു പരിഹാരം.

ഇനി ഞാൻ വാതപിത്തകഫങ്ങളെന്ന ദോഷങ്ങളേയും, ധാതുക്കളേയും പറയാം, കേട്ടാലും. ഹേ സുശ്രുത! നാം ഭക്ഷിക്കുന്നതായ അന്നം പക്വാശയത്തിൽനിന്നു മുക്തമായാൽ രണ്ടുപ്രകാരത്തിലായി പോകുന്നു. ഒരംശം കിട്ട(മല)മായും, മറെറാരംശം രസമായും തീരുന്നു. ഇവയിൽ കിട്ടാംശം മലമാകുന്നു. പുരീഷം, മൂത്രം, വിയർപ്പ്, കണ്ണിലെ പീള, നാസാമലം, കണ്ണമലം, ദേഹമലം എന്നിവയെല്ലാം കിട്ടമാകുന്നു. രസഭാഗത്തിൽനിന്നു രസധാതു ഉണ്ടാകുന്നു. രസധാതു സമമായാൽ പിന്നെ രസം രക്തമായിച്ചമയും. രക്തത്തിൽനിന്നു മാംസവും, മാംസത്തിൽനിന്നു മേദസ്സും, മേദസ്സിൽനിന്ന് അസ്ഥിയുമുണ്ടാകുന്നു. അസ്ഥിയിൽനിന്നു മജ്ജയുണ്ടാകുന്നു. മജ്ജയിൽനിന്നാണ് ശുക്ലമുണ്ടാകുന്നതു്. ശുക്ലത്തിൽനിന്നാണ് രാഗവും ഓജസ്സും ജനിക്കുന്നതു്.

ദേശം, രോഗം, ബലം, ശക്തി, കാലം, പ്രകൃതി എന്നിവയേയും ഔഷധത്തിന്റെ ബലത്തേയും വഴിപോലെ പരീക്ഷിച്ചറിഞ്ഞിട്ടുവേണം വൈദ്യൻ ചികിത്സ ചെയ്യുവാൻ. ചികിത്സ ആരംഭിക്കുന്നതിന്നു രിക്താതിഥിയേയും, ചൊവ്വ-ശനി ആഴ്ചകളേയും, ദാരുണോഗ്രയോഗങ്ങളേയും വർജ്ജിക്കണം. വിഷ്ണുവിനേയും, പശുക്കളേയും, ബ്രാഹ്മണരേയും, ആദിത്യചന്ദ്രന്മാരേയും, ദേവാദികളേയും യഥാവിധി പൂജിച്ചിട്ടുവേണം ചികിത്സ ആരംഭിപ്പാൻ. ഹേ വിദ്വൻ, ചികിത്സ ആരംഭിക്കുമ്പോൾ ഒരു മന്ത്രം ജപിക്കേണ്ടതുണ്ടു്. അതു കേട്ടുകൊൾക:—

(ശ്ലോ.)

ബ്രഹ്മദക്ഷാശ്വിരുദ്രേന്ദ്ര—ഭൂചന്ദ്രാർക്കാനിലാനലാഃ
ഋഷയശ്ചൗഷധിഗ്രാമാ—ഭൂതസംഘാശ്ച പാന്തു തേ ||
രസായനമിവർഷീണാം—ദേവാനാമമൃതം യഥാ
സുധേവോത്തമനാഗാനാം—ഭൈഷജ്യമിദമസ്തു തേ || *

ധാരാളം വൃക്ഷങ്ങളും വെള്ളവുമുള്ളതായ ദേശം ആനൂപമെന്നു പ്രസിദ്ധമാകുന്നു; അതു് വാതകഫങ്ങളെ വർദ്ധിപ്പിക്കുന്നതത്രേ. വൃക്ഷങ്ങളും വെള്ളവുമില്ലാത്തതായ ദേശത്തെ ജാംഗലമെന്നും, വൃക്ഷങ്ങളും വെള്ളവും കുറഞ്ഞ ദേശത്തെ സാധാരണമെന്നും പറയുന്നു. ജാംഗലദേശം പിത്തഭൂയിഷ്ഠവും, സാധാരണദേശം മദ്ധ്യമമായിട്ടുള്ളതുമാകുന്നു.

വായു രൂക്ഷവും ശീതവും ചലവുമായിട്ടുള്ളതത്രെ. പിത്തം ഉഷ്ണവും കടുവും ദ്രവവുമാകുന്നു. കഫം സ്ഥിരവും അമ്ലവും സ്നിഗ്ദ്ധവും മധുര

* അർത്ഥം:— ബ്രഹ്മാവു, ദക്ഷൻ, അശ്വിനീദേവകൾ, രുദ്രൻ, ഇന്ദ്രൻ, ഭൂമി, ചന്ദ്രൻ, സൂര്യൻ, വായു, അഗ്നി എന്നിവരും, ഋഷിമാരും, ഔഷധിസമൂഹങ്ങളും, ഭൂതസംഘങ്ങളും നിന്നെപ്പാലിക്കട്ടെ. ഈ ഔഷധം നിനക്ക് ഋഷിമാർക്ക് രസായനംപോലെയും, ദേവകൾക്ക് അമൃതംപോലെയും, ഉത്തമനാഗങ്ങൾക്കു സുധാപാനംപോലെയും ആയിരിക്കട്ടെ.

വുമത്രെ. ഈ വാതപിത്തകഫങ്ങൾക്ക് അവയുടെ ഗുണങ്ങളോട തുല്യമായ ഗുണത്തോടുകൂടിയ ദ്രവ്യങ്ങളെക്കൊണ്ടു വൃദ്ധിയും, വിപരീതഗുണങ്ങളായ ദ്രവ്യങ്ങളെക്കൊണ്ടു ക്ഷയവും ഭവിക്കും.

മധുരം, അമ്ലം, ലവണം ¶ എന്നീ രസങ്ങൾ കഫത്തെ വർദ്ധിപ്പിക്കുന്നവയും വായുവിനെ നശിപ്പിക്കുന്നവയുമാകുന്നു. കടുകം, തിക്തം, കഷായം § എന്നീ രസങ്ങളാകട്ടേ വാതത്തെ വർദ്ധിപ്പിക്കുകയും കഫത്തെ ക്ഷയിപ്പിക്കുകയും ചെയ്യും. അപ്രകാരംതന്നെ കടുകം, അമ്ലം, ലവണം എന്നീ രസങ്ങൾ പിത്തത്തെ വർദ്ധിപ്പിക്കും; തിക്തം, മധുരം, കഷായം എന്നീ രസങ്ങൾ പിത്തത്തെ ക്ഷയിപ്പിക്കയും ചെയ്യും. ഇപ്പറഞ്ഞ ഗുണങ്ങൾ രസത്തിന്നു മാത്രമായിട്ടുള്ളവയല്ല; വിപാക || രസത്തിന്നുമുള്ളതാകുന്നു. ഉഷ്ണവീര്യമുള്ള ദ്രവ്യങ്ങൾ കഫവാതഹരങ്ങളും, ശീതവീര്യമുള്ള ദ്രവ്യങ്ങൾ പിത്തഹരങ്ങളുമാകുന്നു. ഹേ സുശ്രുത, ഇപ്പറഞ്ഞ രസവീര്യവിപാകങ്ങളെക്കൊണ്ടു മാത്രമല്ല പ്രഭാവം ‡ കൊണ്ടും ദ്രവ്യങ്ങൾ അവയുടെ കർമ്മത്തെച്ചെയ്യുന്നു.

കഫത്തിന്നു ശിശിരഋതുവിൽ ചയ (=സ്വസ്ഥാനത്തു വെച്ചു തന്നെയുള്ള വൃദ്ധി)വും, വസന്തഋതുവിൽ പ്രകോപവും, ഗ്രീഷ്മഋതുവിൽ ശമനവും ഭവിക്കുമെന്നു പറയപ്പെടുന്നു. ഹേ സുശ്രുത, വായുവിന്നു ഗ്രീഷ്മഋതുവിൽ ചയവും, വർഷർത്തുവിൽ പ്രകോപവും, ശരദൃതുവിൽ പ്രശമവും ഭവിക്കുമെന്നും പറയുന്നു. പിത്തത്തിന്നാകട്ടെ വർഷർത്തുവിൽ ചയവും, ശരത്തിൽ പ്രകോപവും, ഹേമന്തത്തിൽ പ്രശമവും ഭവിക്കും.

വർഷാദികളായ മൂന്നു ഋതുക്കൾ (അതായതു് വർഷം, ശരത്തു്, ഹേമന്തം എന്നിവ) വിസർഗ്ഗമെന്നും, ശിശിരാദികളായി ഗ്രീഷ്മാന്തങ്ങളായ മൂന്ന് ഋതുക്കൾ (അതായതു് ശിശിരം, വസന്തം, ഗ്രീഷ്മം എന്നിവ) ആദാനമെന്നും പറയപ്പെടുന്നു. ഇവയിൽ വിസർഗ്ഗം സോമാത്മകവും ആദാനം ആഗ്നേയവുമാകുന്നു. എന്തുകൊണ്ടെന്നാൽ വർഷം മുതലായ മൂന്ന് ഋതുക്കളിൽ മുഴവൻ ക്രമത്തിൽ സോമൻ രസങ്ങളിൽ സഞ്ചരിച്ചുംകൊണ്ടു് യഥാക്രമം അമ്ലം, ലവണം, മധുരം എന്ന രസങ്ങളെ ജനിപ്പിക്കും; അപ്രകാരംതന്നെ ശിശിരാദികളായ മൂന്ന് ഋതുക്കളിൽ മുഴവൻ സൂര്യൻ രസങ്ങളിൽ സഞ്ചരിച്ചുംകൊണ്ടു് യഥാക്രമം തിക്തം, കഷായം,

---

¶ മധുരം = സ്വാദ്. അമ്ലം = പുളി. ലവണം = ഉപ്പ്.

§ കടുകം = എരു. തിക്തം = കയ്പ്. കഷായം = ചവർപ്പ്.

|| വിപാകരസം = ദഹനം വരുമ്പോളുണ്ടാകുന്ന രസം. ദ്രവ്യങ്ങൾക്ക് അവയെ ആസ്വദിക്കുമ്പോളുണ്ടാകുന്ന രസംതന്നെ അവയുടെ പാചനാവസ്ഥയിലും ഉണ്ടാകുമെന്നില്ല. ചില ദ്രവ്യങ്ങൾക്ക പചനം വരുമ്പോൾ രസാന്തരം വരും. അതത്രെ വിപാകരസം.

‡ പ്രഭാവം = രസവീര്യവിപാകങ്ങളെ അതിക്രമിച്ചുള്ള ഒരസാധാരണ ശക്തി.

കടുകം എന്നീ രസങ്ങളെ വർദ്ധിപ്പിക്കുകയും ചെയ്യും *. രാത്രികൾ വർദ്ധിക്കുന്ന തോതനുസരിച്ച് മനുഷ്യരുടെ ദേഹബലവും ക്രമേണ വർദ്ധിക്കും; അപ്രകാരംതന്നെ രാത്രികൾ കുറയുന്ന തോതനുസരിച്ചു ബലം കുറയുകയും ചെയ്യും¶. രാത്രി, ഭക്ഷണം, പകൽ, വയസ്സ് ഇവയുടെ ആദിമദ്ധ്യാവസാനങ്ങളിൽ കഫപിത്തവാതങ്ങൾ കോപിക്കും*f*. അവ കോപിക്കുവാൻ തുടങ്ങുന്ന ആദികാലത്ത് അവയ്ക്കു ചയവും, കോപം തീരുന്ന കാലത്തു ശമവും ഭവിക്കും.

അതിഭക്ഷണംചെയ്ക, ഭക്ഷണം ഇല്ലാതിരിക്കുക എന്നിവകൊണ്ടും മൂത്രപുരീഷാദിവേഗങ്ങളെ ഉദീരണംചെയ്ക (=വേണ്ടാത്തപ്പോൾ പ്രവർത്തിപ്പിക്കുക), ധാരണംചെയ്ക (=വേണ്ടസമയത്തു പ്രവർത്തിപ്പിക്കാതെ തടഞ്ഞുനിർത്തുക) ഇവകൊണ്ടും എല്ലാരോഗങ്ങളും ഉണ്ടാകും. ഭോജനം ചെയ്യുമ്പോൾ അന്നംകൊണ്ടു കുക്ഷിയുടെ രണ്ടംശങ്ങളെയും, പാനംകൊണ്ട് ഒരംശത്തെയും പൂരണംചെയ്യണം. നാലാമത്തെ അംശം വായുമുതലായവയ്ക്കാശ്രയമാകയാൽ, അതിനെ അവശിഷ്ടമാക്കി ഒഴിച്ചിടുകയും വേണം. വ്യാധിയുടെ നിദാനം (=കാരണം) എന്തെന്നറിഞ്ഞ് അതിനു വിപരീതമായ ഔഷധം പ്രയോഗിക്കണം. ഇതാണ് ഔഷധപ്രയോഗത്തിങ്കൽ സാരമായിട്ടുള്ളത്.

മനുഷ്യശരീരത്തിൽ കഫത്തിന്റെ സ്ഥാനം നാഭിയുടെ ഊർദ്ധ്വഭാഗത്തും, പിത്തത്തിന്റെ സ്ഥാനം നാഭിയുടെ അധോഭാഗത്തും, വാതത്തിന്റെ സ്ഥാനം ഗുദത്തിന്റെയും ശ്രോണിയുടെ ഇടയിലും ആണെന്നു പറയപ്പെടുന്നു. ഇങ്ങനെ കഫപിത്തവാതങ്ങൾ പ്രത്യേകം ചില സ്ഥാനങ്ങളിലിരിക്കുന്നവയാണെങ്കിലും അവ ദേഹത്തിലെല്ലാടത്തും വ്യാപിച്ചാണിരിക്കുന്നത്. വിശേഷിച്ചും വാതം സർവ്വശരീരവ്യാപിയാകുന്നു. ദേഹത്തിന്റെ മദ്ധ്യത്തിലാണു ഹൃദയം സ്ഥിതിചെയ്യുന്നത്. ഹൃദയമാണു മനസ്സിന്റെ സ്ഥാനമെന്നു പറയപ്പെടുന്നു.

വാതപ്രകൃതിയായിട്ടുള്ളവൻ കൃശനായും, തലമുടി കുറഞ്ഞവനായും, ചാപല്യമുള്ളവനായും, വളരെ വാക്കുകൾ പറയുന്നവനായും, വായുവൈഷമ്യത്തോടുകൂടിയവനായും, സ്വപ്നത്തിൽ ആകാശത്തൂടെ സഞ്ചരിക്കുന്നവനായുമിരിക്കും. പിത്തപ്രകൃതിയായിട്ടുള്ളവൻ അകാലത്തിൽ നരയ്ക്കുന്നവനായും, ക്രോധശീലനായും, വിയർപ്പ് അധികമുള്ളവനായും,

* വർഷർത്തുവിൽ അമ്ലരസവും, ശരത്തുവിൽ ലവണരസവും, ഹേമന്തർത്തുവിൽ മധുരരസവും വർദ്ധിച്ചിരിക്കുമെന്നും, അപ്രകാരംതന്നെ ശിശിരർത്തുവിൽ തിക്തരസവും, വസന്തർത്തുവിൽ കഷായരസവും, ഗ്രീഷ്മർത്തുവിൽ കടുകരസവും വർദ്ധിച്ചിരിക്കുമെന്നും സാരം.

¶ രാത്രി അധികമുള്ള കാലത്തു ബലമേറുകയും, കുറയുന്ന കാലത്തു ബലം കുറയുകയും ചെയ്യും.

*f* രാത്രിയെക്കൊണ്ടു മൂന്നുകൂറിട്ടാൽ ഒന്നാംകൂറിൽ കഫവും, രണ്ടാംകൂറിൽ പിത്തവും, മൂന്നാംകൂറിൽ വാതവും കോപിക്കും. ഇതുപോലെ ഭക്ഷണാദികളിലും ഊഹിക്കണം.

Since1923

മധുരരസത്തിൽ അധികം പ്രതിപത്തിയുള്ളവനായും, സ്വപ്നത്തിൽ ദീപ്തിമത്തുക്കളായ വസ്തുക്കളെദ്ദൎശിക്കുന്നവനായുമിരിക്കും. കഫപ്രകൃതിയായിട്ടുള്ള മനുഷ്യൻ അംഗദാർഢ്യമുള്ളവനായും, മനസ്സിന്നു സ്ഥിരതയുള്ളവനായും, ശരീരത്തിന്നു നല്ല പ്രഭയുള്ളവനായും, തലരോമങ്ങൾക്കു സ്നിഗ്ദ്ധതയുള്ളവനായും, സ്വപ്നത്തിൽ സ്ഥൂലജലത്തെ ദൎശിക്കുന്നവനായുമിരിക്കും. ഹേ മുനിസത്തമ! വാതപ്രകൃതിക്കാർ തമോഗുണപ്രധാനരായും, പിത്തപ്രകൃതിക്കാർ രജോഗുണപ്രധാനരായും, കഫപ്രകൃതിക്കാർ സത്വഗുണപ്രധാനരായുമിരിക്കുമെന്നും പറയപ്പെട്ടിരിക്കുന്നു.

മനുഷ്യദേഹത്തിൽ രക്തവും പിത്തവും വ്യവായം* ഗുരുത്വമുള്ള കൎമ്മം ചെയ്ക എന്നിവയാൽ കോപിക്കും; വായു ചീത്തയായ അന്നം ഭക്ഷിക്കുക, മനസ്സിൽ ശോകമുണ്ടാവുക എന്നിവയാൽ കോപിക്കും. അപ്രകാരംതന്നെ, ഹേ ദ്വിജ, വിദാഹം (=ഉൾപ്പുഴുക്ക്) ഉണ്ടാക്കുന്ന ദ്രവ്യങ്ങളോ ഉഷ്ണമായ അന്നമോ ഭുജിക്കുക, വഴിനടക്കുക എന്നിവയാലും ഭയത്താലും പിത്തം കോപിക്കും. അധികം വെള്ളംകുടിക്കുന്നവർ, ഗുരുത്വമുള്ള അന്നംഭുജിക്കുന്നവർ, ഊണുകഴിഞ്ഞ ഉടനെ ശയിക്കുന്നവർ, അലസരായിട്ടുള്ളവർ എന്നിവൎക്കു കഫം കോപിക്കും. വാതാദിദോഷങ്ങളാലുണ്ടാകുന്ന രോഗങ്ങളെ മേല്പറയുവാൻപോകുന്നപ്രകാരം അവയുടെ ലക്ഷണങ്ങളെക്കൊണ്ടറിഞ്ഞു ശമിപ്പിക്കണം.

വാതകോപംകൊണ്ടുണ്ടായ വ്യാധിയുടെ ലക്ഷണം അസ്ഥികളിൽ മുറിഞ്ഞുനോവ്, വായയ്ക്കു ചവൎപ്പുരസം, വായ്‌വരൾച്ച, കോട്ടുവായിടൽ, രോമാഞ്ചമുണ്ടാവൽ എന്നിവയാകുന്നു. പിത്തകോപത്താലുണ്ടായ വ്യാധിയുടെ ലക്ഷണം നഖങ്ങൾക്കും കണ്ണുകൾക്കും തലരോമത്തിന്നും മഞ്ഞനിറമുണ്ടാവുക, വായ്ക്കു എരുവുരസമുണ്ടാവുക, തണ്ണീർദ്ദാഹമുണ്ടാവുക, ദേഹത്തിന്നുഷ്ണം തോന്നുക എന്നിവയത്രേ. കഫകോപത്താലുണ്ടായ വ്യാധിയുടെ ലക്ഷണം ആലസ്യം തോന്നുക, വായിൽനിന്നു വെള്ളംവരിക, ശരീരത്തിന്നു കനം തോന്നുക, വായ്ക്കു മധുരരസമുണ്ടാവുക, ഉഷ്ണമേല്പാനാഗ്രഹമുണ്ടാവുക എന്നിവയാകുന്നു. സ്നിഗ്ദ്ധമായും ഉഷ്ണമായുമുള്ള അന്നം, അഭ്യംഗം, തൈലപാനം മുതലായവ വാതത്തെ ശമിപ്പിക്കും. നൈ, പാൽ, പഞ്ചസാര മുതലായവ ശീലിക്കുക, ചന്ദ്രരശ്മിയേല്ക്കുക മുതലായവ പിത്തത്തെശ്ശമിപ്പിക്കും. തേൻ, ത്രിഫലാതൈലം, വ്യായാമം മുതലായവ കഫത്തെയും ശമിപ്പിക്കും. എന്നാൽ സൎവ്വരോഗങ്ങളും ശമിക്കുന്നതിന്നു വിഷ്ണുധ്യാനവും വിഷ്ണുപൂജയുമാണ് ഉത്തമം.

——(o)——

Since 1923

* വ്യവായം = മൈഥുനം.

## അദ്ധ്യായം ൩.

ധന്വന്തരി:—ഇനി ഞാൻ രസാദികളുടെ ലക്ഷണവും ഔഷധങ്ങളുടെ ഗുണവും പറയാം; കേട്ടാലും.

ഔഷധങ്ങളുടെ രസം, വീൎയ്യം, വിപാകം എന്നിവയറിയുന്ന വൈദ്യൻ, രാജാവു മുതലായവരെ രക്ഷിക്കണം.

മധുരം, അമ്ലം, ലവണം എന്നീ രസങ്ങൾ സോമങ്കൽനിന്നു ജനിക്കുന്നവയാണെന്നു പറയപ്പെട്ടിരിക്കുന്നു. അപ്രകാരം തന്നെ, ഹേ മഹാബാഹോ, കടു-തിക്തം-കഷായം എന്നീ രസങ്ങൾ അഗ്നിയിൽനിന്നു ജനിക്കുന്നവയുമാകുന്നു.

ദ്രവ്യത്തിൻെറ വിപാകരസം കടുകം-അമ്ലം-ലവണം ഇങ്ങനെ മൂന്നാകുന്നു. വീൎയ്യമാകട്ടെ ശീതം, ഉഷ്ണം എന്നിങ്ങനെ രണ്ടുവിധവുമാണു്. ഹേ ദ്വിജശ്രേഷ്ഠ, ഔഷധങ്ങൾക്കുള്ള പ്രഭാവം എന്നതു് ഇന്നപ്രകാരമെന്നു നിർദ്ദേശിക്കുവാൻ കഴിയാത്തതായ ഒരു ശക്തിയത്രേ. മധുരം, കഷായം, തിക്തം ഈ രസങ്ങൾ ശീതവീൎയ്യങ്ങളും, ശേഷം രസങ്ങൾ (അതായതു് അമ്ലലവണകടുകങ്ങൾ) ഉഷ്ണവീൎയ്യങ്ങളുമാണെന്നു പറയപ്പെട്ടിരിക്കുന്നു. എന്നാൽ ഗുഡൂചി (=ചിററമൃതു്) തിക്തരസമാണെങ്കിലും ശീതവീൎയ്യമാകുന്നില്ല; ഉഷ്ണവീൎയ്യമാകുന്നു. അപ്രകാരംതന്നെ, ഹേ മാനദ, പത്ഥ്യ (=കടുക്ക)കഷായരസമാണെങ്കിലും ഉഷ്ണവീൎയ്യമാകുന്നു. അങ്ങനെതന്നെ, മാംസം മധുരമാണെങ്കിലും ഉഷ്ണവീൎയ്യമാകുന്നു. ആസ്വദിക്കുമ്പോൾ ലവണരസവും മധുരരസവുമായിട്ടുള്ള ദ്രവ്യങ്ങൾ വിപാകത്തിങ്കൽ മധുരരസങ്ങളായിരിക്കും. ഉഷ്ണമായിരിക്കുന്ന അമ്ലവും അങ്ങനെതന്നെ. ശേഷമുള്ളവ കടുവിപാകങ്ങളായിട്ടുള്ളവയത്രേ. വീൎയ്യത്തിലും വിപാകത്തിലും വിപൎയ്യസ്തങ്ങളായിട്ടുള്ള ദ്രവ്യങ്ങളെ പ്രഭാവംകൊണ്ടു വേണം നിൎണ്ണയിക്കുവാൻ. ക്ഷൌദ്രം (=തേൻ) മധുരരസമാണെങ്കിലും വിപാകത്തിങ്കൽ കടുകരസമാകുന്നു.

ഇനി ഔഷധകല്പനകളെപ്പറയാം. കഷായത്തിൻെറ കല്പന എങ്ങനെയെന്നാൽ പറയാം. ദ്രവ്യത്തെ (അതായതു് കഷായത്തിനുള്ള ഔഷധത്തെ) പതിനാറിരട്ടി വെള്ളത്തിൽവെച്ചു വേവിച്ചു് നാലിരട്ടിയാക്കുക. ഇതാണു പ്രത്യേകം വിധിയില്ലെങ്കിൽ കഷായം വെയ്ക്കേണ്ടുന്ന ക്രമം. ഇങ്ങനെ നിൎമ്മിതമായ കഷായം ജലം മാത്രമത്രേ—ചണ്ടിപിഴിഞ്ഞുകളയണമെന്നു സാരം—സ്നേഹപാകത്തിങ്കൽ (എണ്ണ, നെയ്യ് മുതലായവ കാച്ചുന്നതിൽ) ദ്രവ്യത്തിൻെറ നാലിരട്ടി ദ്രവത്തിൽ ദ്രവ്യത്തോളം സ്നേഹം ചേൎക്കണം. ദ്രവ്യത്തിൻെറ പ്രമാണത്തിൻെറ കാലംശം സ്നേഹം ചേൎക്കണം. വെള്ളംകൂടാതെയുള്ള ദ്രവ്യം എത്രയോ, അത്രയുമാണു സ്നേഹമെന്നു സാരം. സ്നേഹങ്ങളുടെ പാകം ഔഷധത്തിനു സംവൎത്തനം ശമിക്കുന്നതാകുന്നു, (എപ്പോൾ ഔഷധസംവൎത്തനം ശമിക്കുന്നുവോ അ

Since 1923

പ്പോൾ അരിക്കണമെന്നർത്ഥം). ലേഹ്യത്തിന്റെ പാകം തന്തുവ്യതയുമാകുന്നു. സ്വച്ഛമായും അല്പൌഷധമായുമുള്ള കഷായം മേല്പറഞ്ഞവിധത്തിലായിരിക്കും.

ഇനി മാത്രയെപ്പറയാം. ചൂർണ്ണത്തിന്ന് ഒരക്ഷവും, കഷായത്തിന്നു നാലുപലവുമുള്ള മാത്രയെ മദ്ധ്യമമാത്ര എന്നു പറയുന്നു. എന്നാൽ മാത്രയെ ഇത്രയെന്നു പരിച്ഛേദിക്കുവാൻ വയ്യ. ഹേ മഹാഭാഗ, വയസ്സ്-കാലം-ബലം- അഗ്നി-ദേശം-ദ്രവ്യം-രോഗം ഇവയുടെ അവസ്ഥ നോക്കി വൈദ്യൻ മാത്രയെ നിർണ്ണയിക്കേണ്ടതാണ്.

സൌമ്യങ്ങളായ രസങ്ങൾ പ്രായേണ ധാതുവൃദ്ധികരങ്ങളാണ്. അതിൽവെച്ചും മധുരരസമുള്ള ദ്രവ്യങ്ങൾ വിശേഷിച്ചും ധാതുവൃദ്ധികരങ്ങളാകുന്നു. ദോഷങ്ങളുടെയും ധാതുക്കളുടെയും ഗുണങ്ങളോടു തുല്യമായ ഗുണങ്ങൾ ഏതു ദ്രവ്യത്തിന്നുണ്ടോ ആ ദ്രവ്യമേ ധാതുവൃദ്ധിയെ ഉണ്ടാക്കുകയുള്ളു; ഇതിൽനിന്നു വിപരീതമായിട്ടുള്ള ദ്രവ്യം ധാതുക്ഷയത്തെ ഉണ്ടാക്കും.

അല്ലയോ മനുജശ്രേഷ്ഠ, ഈ ദേഹത്തിലുള്ള സ്വാഭാവികമായ ചികിത്സകൾ മൂന്നുവിധമാകുന്നു. ഒന്ന് ആഹാരം, രണ്ട് മൈഥുനം, മൂന്ന് നിദ്ര—ഇവയാണ് ആ മൂന്നു ചികിത്സകൾ. ഈ മൂന്നുകൂട്ടം തീരെ ശീലിക്കാതിരിക്കയോ, അത്യന്തം ശീലിക്കയോ ചെയ്താൽ ദേഹത്തിന്നു നാശം ഭവിക്കും. ദേഹം മൂന്നുവിധമാകുന്നു. ക്ഷയിച്ചതു്, തടിച്ചതു്, മദ്ധ്യനിലയിലുള്ളതു് ഇവയാണ് മൂന്നുവിധം. ഇവയിൽ ക്ഷയിച്ച ദേഹത്തിന്നു ബൃംഹണവും,* തടിച്ചതിന്നു കർശനവും,|| മദ്ധ്യാവസ്ഥയിലുള്ളതിന്ന് രക്ഷണവും ചെയ്യേണ്ടതാണ്. ചികിത്സ തർപ്പണമെന്നും, അപതർപ്പണമെന്നും രണ്ടുപ്രകാരമാകുന്നു. മനുഷ്യൻ ഹിതാശിയും (പഥ്യമായ ആഹാരം ഭുജിക്കുന്നവൻ), മിതാശിയും (മിതമാംവണ്ണം ഭുജിക്കുന്നവൻ), ജീർണ്ണാശിയും (മുമ്പു ഭക്ഷിച്ചതു ദഹിച്ചതിന്നുശേഷം മാത്രം ഭുജിക്കുന്നവൻ) ആയിരിക്കേണ്ടതാണ്.

ഔഷധകല്പന അഞ്ചുവിധമാകുന്നു. രസം, കൽക്കം, ശൃതം, ശീതം, ഫാണ്ടം എന്നിവയാണ് അഞ്ചുവിധം. രസമെന്നാൽ ഔഷധം പിഴിഞ്ഞെടുത്ത നീരാകുന്നു; കൽക്കമെന്നതു് ഔഷധം അരച്ചുകലക്കിയതത്രേ; ശൃതമെന്നാൽ ക്വാഥമാക്കി പിഴിഞ്ഞരിച്ചതാകുന്നു; ശീതമെന്നു പറയുന്നതു് ഒരു രാത്രിമുഴുവൻ വെള്ളത്തിൽ ഔഷധമിട്ടുവെച്ച് പിറേറന്നു രാവിലെ അരിച്ച കഷായമത്രേ; ഫാണ്ടം എന്നു പറയുന്നതു് അപ്പോൾത്തന്നെ ഔഷധം ഇടിച്ചുപിഴിഞ്ഞരിച്ച കഷായമാകുന്നു......

അഗ്നിയ്ക്കുവേണ്ടി ആഹാരശുദ്ധിയെ നോക്കേണ്ടതാണ്. അഗ്നിയെ ആശ്രയിച്ചാണ് മനുഷ്യരുടെ ബലം ഇരിക്കുന്നതു്. ഇന്തുപ്പും, ത്രിഫ

---

* ബൃംഹണം=തടിപ്പിക്കൽ; ഇതിനെത്തന്നെ തർപ്പണമെന്നും പറയുന്നു.

|| കർശനം=ചടപ്പിക്കൽ; ഇതിനെ അപതർപ്പണമെന്നും പറയുന്നു.

ലയും കൂടി ഭക്ഷിച്ചാൽ വർണ്ണഗുണം ഉണ്ടാകും. ഇന്തുപ്പു കൂട്ടിയതായ ജാംഗലമാംസരസമോ, തൈരോ, പാലോ, തിപ്പലിയോ ഭുജിക്കുകയും ചെയ്യാവുന്നതാണ്. വാതാധികനായ മനുഷ്യൻ രസാധികമായോ, സമരസമായോ ഉള്ള ആഹാരത്തെ ഭക്ഷിക്കണം. ഗ്രീഷ്മകാലത്തിങ്കൽ ശരീരത്തിന്ന് നല്ലവണ്ണം മർദ്ദനം (തിരുമ്മൽ) ചെയ്യണമെന്നു പറയപ്പെട്ടിരിക്കുന്നു. ശിശിരത്തിങ്കൽ അതു സമമാകുംവണ്ണം ചെയ്യണം. വസന്തത്തിലാകട്ടെ മദ്ധ്യമമാകുംവണ്ണമേ ചെയ്യാവൂ. ഗ്രീഷ്മത്തിൽ ധാരാളം താക്കിങ്കൽ മർദ്ദനംചെയ്താൽ മജ്ജ, സ്നായു, രക്തം, അസ്ഥി എന്നിവയ്ക്കു ശക്തിയുണ്ടാകയും, ദേഹം മാംസളമായി വരികയും ചെയ്യും. പ്രാജ്ഞനായവൻ ചുമലുകളേയും, കൈകളേയും, കണങ്കാലുകളേയും, കാൽമുട്ടുകളേയും ശത്രുവിനെയെന്നപോലെ മർദ്ദനംചെയ്യണം. ജത്രുപ്രദേശത്തേയും, മാറിടത്തേയും മുമ്പു പറഞ്ഞതുപോലെയും മർദ്ദിക്കണം. അംഗസന്ധികളിലെല്ലാം നല്ലവണ്ണം മർദ്ദനംചെയ്ത് അംഗസന്ധികളെ പ്രസാരണംചെയ്കയും വേണം. എന്നാൽ അവയെ വ്യാക്ഷേപിക്കരുതാത്തതുമാണ്. അജീർണ്ണമുള്ളപ്പോൾ ദേഹം തളരുവാനിടയാക്കരുത്. ഊണു കഴിച്ചയുടനേയും, വെള്ളം കുടിച്ചയുടനേയും ദേഹത്തിന്ന് ശ്രമം വരുത്തുകയുമരുത്. ദിനത്തിന്റെ നാലാമത്തെ ഭാഗത്തിലോ, ഒരു പ്രഹരത്തിലധികം സമയമോ വ്യായാമം ചെയ്യരുത്. ഒരിക്കൽ തണുത്ത വെള്ളത്തിൽ കുളിച്ചാൽ പിന്നെ ഉഷ്ണജലത്തെയും ദേഹായാസത്തെയും ഉപേക്ഷിക്കണം. ശ്വാസത്തെ ഹൃദയത്തിൽ കെട്ടിനിറുത്തുകയുമരുത്. വ്യായാമം കഫാധികനെയും, മർദ്ദനം വാതാധികനെയും ഹനിക്കും. സ്നാനം പിത്താധികനായവനെ നശിപ്പിക്കും. വ്യായാമമർദ്ദനാദികളുടെ അന്തത്തിങ്കൽ വെയിൽകൊള്ളുക, സ്ത്രീസേവചെയ്ക എന്നിവ ചെയ്യരുത്. ആതപക്ലേശകർമ്മാദികളിൽ വ്യായാമവും ചെയ്യരുത്.

——:o:——

## അദ്ധ്യായം ൪.

ധന്വന്തരി:— ഇനി ഞാൻ വൃക്ഷായുർവേദത്തെപ്പറയാം, കേട്ടാലും.

ഇത്തിമരം ഗൃഹത്തിന്റെ ഉത്തരഭാഗത്തുണ്ടാകുന്നതു ശുഭമാകുന്നു. പേരാൽമരം കിഴക്കുഭാഗത്തും, മാവു തെക്കുഭാഗത്തും, അരയാൽമരം പടിഞ്ഞാറുഭാഗത്തും ഉത്തമമാണ്. മുള്ളുള്ള മരങ്ങൾ ഗൃഹത്തിന്റെ സമീപത്തായി തെക്കുവശത്തു തനിയെ ഉണ്ടാകുന്നതു നന്ന്. ഉദ്യാനം ഗൃഹസമീപത്തായിരിക്കണം.

പുഷ്പിതങ്ങളായ തിലങ്ങളെ ഗ്രഹിക്കുകയോ, വൃക്ഷങ്ങളെ നടുകയോ ചെയ്യുന്നതു് ബ്രാഹ്മണനെയും ചന്ദ്രനെയും പൂജിച്ചിട്ടുവേണം.

Since 1923

ചോതി, അത്തം, രോഹിണി, തിരുവോണം, മൂലം എന്നീ നക്ഷത്രങ്ങൾ വൃക്ഷങ്ങൾ വെപ്പാൻ നല്ലവയത്രേ. വൃക്ഷങ്ങളെ നടികടത്തുന്നതിന്നും, വാഹനങ്ങളിലേറുന്നതിന്നും, പൊയ്കയിലിറക്കുന്നതിന്നും അത്തം, മകം, അനിഴം, അശ്വതി, പൂയം, കേട്ട ഈ നക്ഷത്രങ്ങൾ കൊള്ളാം.

ജലാശയം നിൎമ്മിക്കുന്നതിന്ന ചതയവും ഉത്രം, ഉത്രാടം, ഉത്രട്ടാതി ഇവയും നല്ല നാളുകളാണ്. വരുണനേയും, വിഷ്ണുവിനേയും, പൎജ്ജന്യനേയും പൂജിച്ചിട്ടുവേണം ജലാശയം നിൎമ്മിപ്പാൻ.

വേപ്പ്, അശോകം, പുന്ന, നെന്മേനിവാക, ഞാഴൽ, വാഴ, ഞാവൽ, ഇലഞ്ഞി, ഡാഡിമനാരകം എന്നിവയെ മേൽക്കാണിച്ച സമയങ്ങളിൽ നടാവുന്നതാണ്. നട്ട വൃക്ഷങ്ങൾക്ക് ഗ്രീഷ്മൎത്തുവിൽ രാവിലേയും വൈകുന്നേരവും നനയ്ക്കണം; ശീതകാലത്ത് ഓരോദിവസം ഇടവിട്ട നനച്ചാൽ മതി; കടയ്ക്കൽ നനവില്ലാതെ നിലം വരണ്ടുപോയാൽ വൎഷൎത്തുവിലായാലും നനയ്ക്കണം.

വൃക്ഷങ്ങൾ വെയ്ക്കുന്നതിന്റെ അകലം ഇരുപതുകോലാണ് ഉത്തമം; പതിനാറുകോലകലം വിടുന്നത് മദ്ധ്യമമത്രേ; ഒരു വൃക്ഷത്തിൽ നിന്ന മറെറാരു വൃക്ഷത്തിന്നുള്ള അകലം, എത്ര ചുരുങ്ങിയാലും, പന്ത്രണ്ടുകോലെങ്കിലും ഉണ്ടായിരിക്കണം. വൃക്ഷങ്ങൾ കായ്ക്കാതിരിക്കുന്നപക്ഷം അവയെ ആദ്യം ആയുധംകൊണ്ടു ചെത്തി ശോധനംചെയ്കയും, പിന്നെ വിഴാലരിപ്പൊടിയും നെയ്യുംകൂടി കുഴച്ചതുകൊണ്ടു പുരട്ടി, തണുത്തവെള്ളംകൊണ്ടു സേചനംചെയ്കയും വേണം. കായ്കൾ ഉണ്ടായി, അവ നശിച്ചുപോകയാണെങ്കിൽ മുതിര, ഉഴുന്ന്, ചെറുപയറ്, യവം, എള്ള് ഇവയുടെ പൊടി നെയ്യിൽ കുഴച്ചുതേച്ച് തണുത്തവെള്ളംകൊണ്ടു നനയ്ക്കണം. നെയ്യും തണുത്ത വെള്ളവും കൂട്ടിയതുകൊണ്ടു നനയ്ക്കുന്നത് പൂവും കായുമുണ്ടാകുവാൻ എപ്പോഴും നല്ലതാണ്. ആട്ടിന്റെയും കറിയാട്ടിന്റെയും ചാണകം പൊടിച്ച പൊടി, യവത്തിന്റെ പൊടി, എള്ള്, പശുമാംസം, വെള്ളം ഇവയെല്ലാം കൂട്ടിച്ചേൎത്ത് ഏഴരാത്രി സൂക്ഷിക്കുക. ഈ വെള്ളംകൊണ്ടു സേചനംചെയ്യുന്നതായാൽ, ഏതു വൃക്ഷങ്ങൾക്കും, കായ്കളും പൂക്കളും വൎദ്ധിക്കും. മത്സ്യവെള്ളംകൊണ്ടു നനച്ചാൽ വൃക്ഷങ്ങൾ വേഗത്തിൽ വളരും (വളരാത്ത വൃക്ഷങ്ങൾ വളരും). വിഴാലരി, അരി, മത്സ്യമാംസം ഇവ കൂടിയത് ഉത്തമമായ വളമാകുന്നു; ഈ വളം എല്ലാ വൃക്ഷങ്ങൾക്കുമുണ്ടാകുന്ന എല്ലാ രോഗങ്ങളേയും ശമിപ്പിക്കുന്നതുമാണ്.

-----------

Since 1923

# അദ്ധ്യായം ൪.

---

ധന്വന്തരി:—ഇനി നാനാരോഗഹരങ്ങളായ ഔഷധങ്ങൾ പറയാം.

ചെറുവഴുതിനവേര്, കച്ചൂരിക്കിഴങ്ങ്, മഞ്ഞൾ, മരമഞ്ഞൾ, കുടകപ്പാലയരി ഇവകൊണ്ടുള്ള കഷായം കുട്ടികൾക്കുണ്ടാകുന്ന എല്ലാത്തരം അതിസാരങ്ങളിലും, മുലപ്പാലിനുള്ള ദോഷങ്ങളിലും നല്ലതാകുന്നു.

കർക്കടകശൃംഗി, തിപ്പലി, അതിവിടയം ഇവ എല്ലാം കൂടിയോ, അല്ലാത്തപക്ഷം അതിവിടയം മാത്രമായോ പൊടിച്ച് ആ പൊടി തേനിൽ ചാലിച്ചു സേവിച്ചാൽ ശിശുവിനുള്ള ചുമ, ഛർദ്ദി, പനി എന്നിവ ശമിക്കും.

കുട്ടികൾക്കു നെയ് ചേർത്തതോ, അല്ലെങ്കിൽ നെയ്യും എണ്ണയും ചേർത്തതോ ആയ വയമ്പ് പതിവായി കൊടുക്കണം; അല്ലെങ്കിൽ ഇരട്ടിമധുരമോ, ശംഖുപുഷ്പത്തിൻവേരോ പാലിൽ ചേർത്തു കൊടുക്കണം. ഇങ്ങനെ ചെയ്താൽ വാക്കിന്നു ശുദ്ധിയും, രൂപഗുണവും, ആയുസ്സും, ബുദ്ധിയും, ശ്രീയും വർദ്ധിക്കും.

വയമ്പ്, അഗ്നിശിഖ (മേത്തോന്നി?), ആടലോടകവേര്, ചുക്ക്, തിപ്പലി, വരട്ടുമഞ്ഞൾ, ഇരട്ടിമധുരം, ഇന്തുപ്പ് ഇവ കൂട്ടി അരച്ചു പ്രഭാതത്തിൽ കുട്ടികളെ സേവിപ്പിക്കുക. ബുദ്ധി വർദ്ധിക്കും.

ദേവതാരം, മുരിങ്ങവേര്, ത്രിഫല, മുത്തങ്ങ ഇവകൊണ്ടു വെച്ച കഷായം തിപ്പലിലും മുന്തിരങ്ങയും അരച്ചുചേർത്തു സേവിക്കുക. എല്ലാവിധത്തിലുമുള്ള ക്രിമികളും ശമിക്കും.

ത്രിഫലക്കഷായം, കഞ്ഞുണ്ണിനീര്, ചുക്കുകഷായം, ആട്ടിൻപാൽ, ഗോമൂത്രം ഇവയിൽ തേനും നെയ്യും ചേർത്തു ധാരചെയ്യുന്നതു ശിശുവിന്റെ നാസാരോഗത്തിൽ ഹിതമാകുന്നു. കറുകച്ചാറുകൊണ്ടു നസ്യംചെയ്താൽ മൂക്കിൽനിന്നു രക്തംവരുന്നതു നില്ക്കും. വെളുത്തുള്ളി, ഇഞ്ചി, മുരിങ്ങവേര് ഇവയുടെ നീര് ചെവിയിൽ നിറച്ചാൽ കണ്ണത്തിൽനിന്നുള്ള രക്തസ്രാവം ശമിക്കും. ആർദ്രകാദിയായ തൈലം ശൂലവേദനയേയും ഓഷ്ഠരോഗത്തേയും ശമിപ്പിക്കും. ജാതിക്ക, ജാതിപത്രിക, ചുക്ക്, മുളക്, തിപ്പലി, മഞ്ഞൾ ഇവകൊണ്ടു കബളംചെയ്താൽ മൂത്രരോഗം ശമിക്കും. പാലിൽ കടുക്ക മാത്രം അരച്ചു കൽക്കംചേർത്ത് എണ്ണകാച്ചി അതു കവിൾക്കൊണ്ടാൽ ദന്തരോഗം മാറും.

കൊത്തമ്പാലയരി, ഇരുവേലി, തെങ്ങിൻവേര്, കവുങ്ങിൻവേര്, ചുക്ക് ഇവയുടെ കഷായവും ഗോമൂത്രവും കൂട്ടി കവിൾക്കൊള്ളുക. ജിഹ്വയിലുണ്ടാകുന്ന രോഗങ്ങൾ ശമിക്കും.

കരുനൊച്ചിവേര് കഷായംവെച്ച് * മേത്തോന്നിക്കിഴങ്ങു കൽക്കവും ചേൎത്ത് എണ്ണ കാച്ചി ആ എണ്ണകൊണ്ടു നസ്യംചെയ്താൽ ഗണ്ഡമാലയും ഗളഗണ്ഡവും ശമിക്കും.

എരുക്ക്, ആവൽ, കള്ളി, കൊന്ന, പിച്ചകം ഇവയുടെ തളിര് ഗോമൂത്രത്തിലരച്ചു തേച്ചു തിരുമ്മുക. എല്ലാവിധം ത്വഗ്രോഗങ്ങളും ശമിക്കും. കാർകോലരി, എള്ള് ഇവ ഒരു സംവത്സരം മുടങ്ങാതെ സേവിച്ചാൽ കുഷ്ഠരോഗം ശമിക്കും. കടുക്ക, ചേരിൻകുരു ഇവയുടെ എണ്ണയും ഗുഡപിണ്ഡിയും കുഷ്ഠരോഗശമനമാകുന്നു.

പൊൻകുരുഞ്ഞിവേര്, കൊട്ടവേലിക്കിഴങ്ങ്, വരട്ടുമഞ്ഞൾ, ത്രിഫല, ത്രികടുകം ഇവയുടെ പൊടി ചേൎത്തതായ മോര് അർശോരോഗത്തിങ്കൽ സേവിക്കണം. അതല്ലെങ്കിൽ കടുക്കയും ശർക്കരയും ചേൎത്തു സേവിച്ചാലും മതി.

പ്രമേഹരോഗമുള്ളവൻ ത്രിഫല, മരമഞ്ഞൾ, അതിവിടയം ഇവയുടെ കഷായമോ, പച്ചനെല്ലിക്ക പിഴിഞ്ഞ നീരിൽ മഞ്ഞൾ അരച്ചു ചേൎത്ത് അതോ സേവിക്കണം. ഇവ തേൻ ചേൎത്തോ ചേൎക്കാതെയോ സേവിക്കാം.

കൊന്നത്തൊലി കഷായംവെച്ച് അതിൽ ആടലോടകവേരരച്ചുചേൎത്ത് ആവണക്കെണ്ണ മേമ്പൊടിചേൎത്തു സേവിക്കുക. രക്തവാതം ശമിക്കും. തിപ്പലിയുടെ കഷായം സേവിച്ചാൽ പ്ലീഹരോഗവും ശമിക്കും.

ഉദരരോഗമുള്ളവൻ കള്ളിപ്പാലിൽ വളരെ പ്രാവശ്യം ഭാവനം ചെയ്തതായ കടുക്കാ സേവിക്കണം. അല്ലെങ്കിൽ നാഗദന്തിവേര്, കൊട്ടവേലിക്കിഴങ്ങ്, വിഴാലരി, ചുക്ക്, മുളക്, തിപ്പലി ഇവ അരച്ചുചേൎത്തതായ പാൽ സേവിക്കണം.

കാട്ടുതിപ്പലിവേര്, കാട്ടുമുളകിൻവേര്, കടുക്ക, തിപ്പലി, വിഴലരി ഇവ നെയ്യിലരച്ചു തേച്ച കുടത്തിൽ ഒരുമാസം ഇരുന്നു പഴകിയതായ കുടമോര്, ഗ്രഹണി- അൎശസ്സ്- പാണ്ഡു-ഗുല്മൻ- കൃമി ഇവയെശ്ശമിപ്പിക്കും.

ത്രിഫല, ചിററമൃത്, ആടലോടകവേര്, പുത്തരിച്ചുണ്ടവേര്, കിരിയാത്ത ഇവയുടെ കഷായം തേൻ മേമ്പൊടിചേൎത്തു സേവിച്ചാൽ പാണ്ഡുരോഗവും കാമിലയും ശമിക്കും.

രക്തപിത്തമുള്ളവൻ ആടലോടകനീര് പഞ്ചസാരയും തേനും ചേൎത്തു സേവിക്കുക. അപ്രകാരംതന്നെ ശതാവരിക്കിഴങ്ങ്, മുന്തിരിങ്ങ, കുറുന്തോട്ടിവേര്, ചുക്ക് ഇവയിട്ടു കുറുക്കിയ പാലും സേവിക്കാം.

ശതാവരിക്കിഴങ്ങ്, പാൽമുതുക്കിൻകിഴങ്ങ്, കടുക്ക, കുറുന്തോട്ടിവേര്, വെങ്കുറുന്തോട്ടിവേര്, ഉഴരകവേര്, ആടലോടകവേര്,

Since 1923

* കരുനൊച്ചിയില ഇടിച്ചുപിഴിഞ്ഞ നീരെടുത്തുമാകാം.

നായ്ക്കുരണവേര് ഇവ പൊടിച്ച് നെയ്യും തേനും ചേൎത്തു സേവിക്കുക, ക്ഷയരോഗം ശമിക്കും.

കടുക്ക, മുരിങ്ങത്തൊലി, ഉങ്ങിൻതൊലി, എരുക്കിൻതൊലി ഇവ ചതച്ചുപിഴിഞ്ഞ നീർ, തേനും ഇന്തുപ്പും ചേൎത്തു സേവിക്കുക. മൂത്രവിദ്രധിയും പരിപാകം വന്ന ആന്ത്രവും ശമിക്കും.

ത്രികോല്പക്കൊന്ന, അടപതിയൻകിഴങ്ങ്, നാഗദന്തിവേര്, മഞ്ചട്ടിപ്പൊടി, മഞ്ഞൾ, മരമഞ്ഞൾത്തൊലി, മാക്കിരക്കല്ല്, വേപ്പില ഇവ അരച്ചുപുരട്ടുന്നതു ഭഗന്ദരത്തിങ്കൽ നല്ലതാകുന്നു.

കൊന്നത്തൊലി, മഞ്ഞൾ, കോലരക്ക് ഇവയുടെ പൊടിയും നെയ്യും തേനും ചേൎത്തതായ വൎത്തി (തിരി) വ്രണത്തിലിടുക. വ്രണത്തിന്നു ശുദ്ധിവരും. പഴുപ്പിന്റെ ഗതി ശമിക്കുകയും ചെയ്യും. നാൽക്കോല്പക്കൊന്ന, ഇരട്ടിമധുരം, മഞ്ഞൾ, പാച്ചോറ്റിത്തൊലി, പതിമുകം, ചെങ്ങഴിനീർക്കിഴങ്ങ്, ചന്ദനം, കുരുമുളക് ഇവ കൽക്കമായി പാലിൽ അരച്ചുകലക്കി കാച്ചിയ തൈലം വ്രണമുണങ്ങുന്നതിന്നുത്തമമാകുന്നു.

കൃഷ്ണതുളസിയില, പരുത്തിയില ഇവ ചുട്ടുപൊടിച്ച ഭസ്മം മലങ്കാരയ്ക്ക, മഞ്ഞൾ ഇവ അല്പം ഇന്തുപ്പും ചേൎത്തു കിഴി കെട്ടി അതുകൊണ്ടു പിണ്ഡസ്വേദനം ചെയ്യുന്നതും, ഈ ഔഷധങ്ങളെക്കൊണ്ടു കാച്ചിയ തൈലം പുരട്ടുന്നതും ക്ഷതത്തിന്നുള്ള ഔഷധമാകുന്നു. കംബീസാരം (കടലാവണക്കിൻകുരുവിന്നുള്ളിലെ കാമ്പ്?) പാലുംകൂട്ടി തീയിൽ ദഹിപ്പിച്ച് വ്രണത്തിന്മേൽ പുരട്ടുക. ഇതു വ്രണത്തെശ്ശമിപ്പിക്കും ...

ചുക്ക്, അയമോദകം, ഇന്തുപ്പ്, പുളിമരത്തൊലി ഇവ സമമായെടുത്ത് എല്ലാം കൂടിയേടത്തോളം കടുക്കയും ചേൎത്ത് അരച്ച് മോരിലോ ചൂടുവെള്ളത്തിലോ കുടിച്ചാൽ അതിസാരം ശമിക്കും. ആമദോഷത്തോടുകൂടിയതും പഴകിയതും രക്തസ്രാവമുള്ളതും വേദനയോടുകൂടിയതുമായ അതിസാരത്തിങ്കൽ കുടകപ്പാലയരി, അതിവിടയം, ചുക്ക്, കൂവളത്തിൻവേര്, മുത്തങ്ങ ഇവയുടെ കഷായം സേവിപ്പിക്കണം.

കടുകരോഹിണി, തിപ്പലി, കൊട്ടം, മലര് ഇവ പൊടിച്ച് ശീലപ്പൊടിയിട്ട് തേനിൽ കുഴച്ച് വായിൽധരിച്ചാൽ തണ്ണീർദ്ദാഹം ശമിക്കും.

പാടക്കിഴങ്ങ്, മരമഞ്ഞൾത്തൊലി, ജാതിപത്രിക, മുന്തിരിങ്ങ, ത്രിഫല ഇവയുടെ കഷായം തേൻ മേമ്പൊടിചേൎത്ത് അതു കവിൾക്കൊണ്ടാൽ മുഖപാകം (വായിന്നുള്ളിലെ പഴുപ്പ്) ശമിക്കും.

തിപ്പലി, അതിവിടയം, പുത്തരിച്ചുണ്ടവേർ, ദേവതാരം, പാടക്കിഴങ്ങ്, മുത്തങ്ങ ഇവയുടെ കഷായം ഗോമൂത്രത്തിൽ വെച്ച് തേനും ചേൎത്തു കവിൾക്കൊണ്ടാൽ എല്ലാം കണ്ഠരോഗങ്ങളും ശമിക്കും.

കടുക്ക, ഞെരിഞ്ഞിൽ, കൊട്ടത്തൂവ്വവേരു്, ചെറുതുമ്പവേരു്, കല്ലൂർവഞ്ഞിവേർ ഇവയുടെ കഷായം തേൻചേൎത്തു സേവിച്ചാൽ മൂത്രകൃച്ഛ്രം ശമിക്കും. മുലംകുരുമ്പു്, ഇലവംഗത്തൊലി, നീർമാതളത്തിൻവേരു് ഇവയുടെ കഷായം ശക്കരയെന്നും അശ്മരിയെന്നും പേരുള്ള മൂത്രകൃച്ഛ്രവികാരങ്ങളെ ശമിപ്പിക്കും.

ശ്ലീപദരോഗമുള്ളവൻ ചെറുപരുവവേരുകൊണ്ടുള്ള കഷായമോ, തേൻ ചേൎത്ത പാലോ ശീലിക്കണം. ഉഴുന്നു്, എരുക്കിൻതൊലി ഇവയും പാലുംചേൎത്തു കാച്ചിയ തൈലമോ, തേൻ ചേൎത്തതായ ഇന്തുപ്പോ, കുളക്കോഴിമനെയൊ പുരട്ടിയാൽ കാലടികളിലെ രോഗങ്ങൾ ഒഴിഞ്ഞുപോകും.

---

ചുക്കു്, തുവച്ചിലക്കാരം, കായം ഇവയുടെ പൊടി ഇഞ്ചിനീരിൽ കാച്ചിയ നെയ്‍ ചേൎത്തു സേവിക്കുകയോ ഇവയുടേതന്നെ കഷായം സേവിക്കുകയോ ചെയ്താൽ മലബന്ധത്താൽ കെട്ടുപോയ ജഠരാഗ്നിക്കു് ദീപ്തിവരും.

ശൂലരോഗത്താൽ പരവശനായവൻ തുവച്ചിലക്കാരം, കൊട്ടവേലിക്കിഴങ്ങു്, കായം, അയമോദകം ഇവയുടെ രസം ചേൎത്തതോ, അല്ലെങ്കിൽ വിളയുപ്പും അയമോദകവും ചേൎത്തതോ ആയ മോരു സേവിക്കണം. നെല്ലിക്ക, പടോലവള്ളി, ചെറുപയറു് ഇവയുടെ കഷായം നെയ്‍ ചേൎത്തു് സേവിച്ചാൽ വിസൎപ്പം ശമിക്കും. ചുക്കു്, ദേവതാരം ഇവയുടെ കഷായം ഗോമൂത്രസഹിതമായിട്ടു പാനംചെയ്യുന്നതു് ശോഫഹരമാകുന്നു. ചുക്കു്, മുളകു്, തിപ്പലി, ഉരുക്കുപൊടി, ക്ഷാരം ഇവ ചേൎത്തതായ ത്രിഫലക്കഷായവും അങ്ങനെതന്നെ. ശക്കര, മുരിങ്ങവേരു്, ത്രികോല്പക്കൊന്ന ഇവയുടെ കഷായം ഇന്തുപ്പു പൊടിച്ചുചേൎത്തു സേവിക്കുന്നതു വിരേചനമാകുന്നു. ത്രികോല്പക്കൊന്ന, ത്രിഫല ഇവയുടെ കഷായം ശക്കരചേൎത്തു സേവിക്കുന്നതും വിരേചനം വരുവാൻ നന്നു്. വയമ്പു്, മലങ്കാരയ്ക്ക ഇവയുടെ കഷായം ചേൎത്തതായ പാൽ വമനത്തിനുത്തമമാകുന്നു.

കടുക്ക, നെല്ലിക്ക, താന്നിക്ക ഇവ വെവ്വേറെ തൂറീത പലം; ഓരോന്നും വെവ്വേറെ കഞ്ഞുണ്ണിനീരിൽ ഭാവനംചെയ്യുക; എന്നിട്ടു് വിഴാലരിയും, ലോഹചൂൎണ്ണവും പത്തിലൊരംശം വീതം ചേൎക്കുക; ശതാവരി_ചിററമൃതു്–കൊട്ടവേലിക്കിഴങ്ങു് ഇവ ഇരുപത്തഞ്ചു പലവും ചേൎക്കുക; ഈ പൊടി തേനും, നെയ്യും, എണ്ണയും കൂട്ടിച്ചാലിച്ചു സേവിക്കുക. എന്നാൽ പ്രായാധിക്യംകൊണ്ടു ദേഹത്തിലുണ്ടാവുന്ന ചുളിവും, നരയും ശമിക്കും. ഒരു രോഗവുമില്ലാതെ നൂറുകൊല്ലം ജീവിക്കുകയും ചെയ്യും. ത്രിഫല തോ..,പഞ്ചസാരയുംചേൎത്തു സേവിച്ചാൽ സൎവ്വരോഗങ്ങളും ശമിക്കും. ത്രിഫലയും തിപ്പലിയുംകൂട്ടി പൊടിച്ചു് പഞ്ചസാര, തേൻ, നെയ്‍ ഇവ ചേൎത്തു സേവിച്ചാലും അങ്ങനെതന്നെ.

കടുക്ക, കൊട്ടുവേലിക്കിഴങ്ങ്, ചുക്ക്, ചിററമൃത്, നിലപ്പനക്കിഴങ്ങ് ഇവയുടെ പൊടിയും, ശക്കരയുംകൂടി ഭക്ഷിച്ചുംകൊണ്ടിരിക്കുന്നവൻ മുന്നൂറുസംവത്സരം ജീവിക്കും........

ഇതു് ധമ്മകാമാത്ഥമോക്ഷങ്ങളാകുന്ന ചതുവ്വിധപുരുഷാത്ഥങ്ങളെസ്സാധിപ്പിക്കുന്നതാകുന്നു. ഇതു പഠിക്കുന്നതാരോ അവൻ സ്വഗ്ഗത്തെ പ്രാപിക്കും.

—— (൧) ——

# അദ്ധ്യായം ൩.

ധന്വന്തരി:—ഇനി മന്ത്രരൂപങ്ങളായിട്ടുള്ള ഔഷധങ്ങളെപ്പറയാം.

ഓംകാരം (പ്രണവം) മുതലായ മന്ത്രങ്ങൾ ആയുസ്സിനേയും, ആരോഗ്യത്തേയും ഉണ്ടാക്കുന്നവയും സ്വഗ്ഗതി വരുത്തുന്നവയുമാണു്. മന്ത്രങ്ങളിൽവെച്ചു് ഏററവുമധികം ശ്രേഷ്ഠമായിട്ടുള്ളതു് ഓങ്കാരമത്രെ; അതു ജപിച്ചാൽ അമരത്വം ലഭിക്കും. ഗായത്രിയും പരമമായ മന്ത്രമാകുന്നു. അതു ജപിച്ചാൽ ഭുക്തിയും മുക്തിയും ലഭിക്കും.

"ഓം നമോ നാരായണായ" എന്ന മന്ത്രം സവ്വാത്ഥസാധകമാകുന്നു. "ഓം നമോ ഭഗവതേ വാസുദേവായ" എന്ന മന്ത്രം സവ്വത്തെയും ദാനംചെയ്യുന്നതത്രേ. "ഓം ഹ്രൂം നമോ വിഷ്ണവേ" എന്ന മന്ത്രവും പരമമായ ഔഷധമാകുന്നു. ഈ മന്ത്രത്താലാണു് സുരന്മാർ ശ്രീമാന്മാരും രോഗഹീനന്മാരുമായി ഭവിച്ചതു്; ഭൂതങ്ങൾക്കുപകാരം വന്നതും ഇതിനാൽത്തന്നെയാകുന്നു.

ധമ്മമന്ത്രം മഹത്തായ ഔഷധമത്രേ. ധമ്മ, സ്സദ്ധമ്മകൃ, ദ്ധമ്മീ * ഈ മന്ത്രങ്ങളാണു ധമ്മമന്ത്രങ്ങൾ. ഇവയെജ്ജപിക്കുന്നവൻ നിമ്മലനായി ഭവിക്കും.

ശ്രീദഃ, ശ്രീശഃ, ശ്രീനിവാസഃ, ശ്രീധരഃ, ശ്രീനികേതനഃ, ശ്രിയഃപതിഃ, ശ്രീപരമഃ—ഈ മന്ത്രങ്ങളെജ്ജപിച്ചാൽ ശ്രീയുണ്ടാകും.

കാമീ, കാമപ്രദഃ, കാമഃ, കാമപാലഃ, വാരിഃ, ആനന്ദഃ, മാധവഃ—ഈ ഹരിനാമങ്ങൾ കാമപ്രദങ്ങളത്രെ.

രാമഃ, പരശുരാമഃ, നൃസിംഹഃ, വിഷ്ണുഃ, ത്രിവിക്രമഃ—ഇ നാമങ്ങൾ വിജയമിച്ഛിക്കുന്നവർ ജപിക്കേണ്ടതാണു്. വിദ്യയെ അഭ്യസിക്കുന്നവർ നിത്യവും പുരുഷോത്തമമന്ത്രത്തെജ്ജപിക്കണം.

---

* ഇവ കേവലനാമരൂപമായിജ്ജപിക്കുകയോ, ധമ്മായ നമഃ, സദ്ധമ്മകൃതേ നമഃ—ധമ്മിണേ നമഃ ഇത്യാദിവിധയാ ജപിക്കുകയോ ആകാം. ശേഷമുള്ളവയും ഇങ്ങനെതന്നെ,

Since1923

ദാമോദരമന്ത്രം ബന്ധനത്തിൽനിന്നു മോചനം നല്കുന്നതാണ്. പുഷ്കരാക്ഷമന്ത്രം നേത്രരോഗങ്ങളെ നിവാരണംചെയ്യുന്നതത്രേ. ഹൃഷീകേശമന്ത്രം ഭയത്തെ കളയും. ഔഷധപ്രയോഗത്തിൽ അച്യുതനാമമന്ത്രവും, അമൃതനാമമന്ത്രവും ജപിക്കണം. വെള്ളം കടക്കുവാൻ തുടങ്ങുമ്പോൾ നാരസിംഹമന്ത്രം ജപിക്കേണ്ടതാണ്. വഴിയാത്രയിൽ ക്ഷേമംവരേണമെന്നിച്ഛിക്കുന്നവൻ കിഴക്ക്, തെക്ക്, പടിഞ്ഞാറ്, വടക്ക് ഈ ദിക്കുകളിലേയ്ക്കു പോകുമ്പോൾ യഥാക്രമം ചക്രീ, ഗദീ, ശാർങ്ഗീ, ഖഡ്ഗീ എന്നീ നാമമന്ത്രങ്ങളെജ്ജപിക്കണം. നാരായണനാമമന്ത്രം സർവ്വകാലത്തിങ്കലും ജപിക്കാം. നൃസിംഹമന്ത്രം ഭയമുണ്ടാകുമ്പോഴും ജപിക്കണം. വിഷഭയത്തിന്നിടയുള്ളപ്പോൾ ഗരുഡധ്വജനാമമന്ത്രം ജപിക്കണം. വാസുദേവമന്ത്രം സർവ്വസമയങ്ങളിലും ജപിക്കേണ്ടതാണ്. പത്തായത്തിൽ ധാന്യാദികൾ ഇടുമ്പോഴും, ഉറങ്ങുമ്പോഴും അനന്തനാമം, അച്യുതനാമം ഇവയെജ്ജപിക്കണം. ദുസ്സ്വപ്നം കണ്ടാൽ നാരായണനാമവും, അഗ്നിദാഹം മുതലായവയുണ്ടായാൽ ജലശായിനാമവും ജപിക്കണം. വിദ്യയെ അർത്ഥിക്കുന്നവൻ വിദ്യാഭ്യാസമാരംഭിക്കുമ്പോൾ ഹയഗ്രീവനാമം ജപിക്കണം. പുത്രനുണ്ടാകേണ്ടതിന്നു ജഗത്സൂതി എന്ന നാമമാണു ജപിക്കേണ്ടത്. ശൌര്യംകൊണ്ടു സാധിക്കേണ്ട കാര്യങ്ങൾക്കു പുറപ്പെടുമ്പോൾ ബലഭദ്രനാമം ജപിക്കണം. അതൊന്നുതന്നെ സർവ്വാർത്ഥസാധകമാകുന്നു.

——:o:——

## അദ്ധ്യായം ൭.

———

ധന്വന്തരി:—ഇനി ഞാൻ മൃതസഞ്ജീവനങ്ങളായ ചില സിദ്ധയോഗങ്ങളെപ്പറയുന്നു. ഇവ, ആത്രേയനാൽ പറയപ്പെട്ടവയും, ദിവ്യങ്ങളും, സർവ്വരോഗഹരങ്ങളുമാകുന്നു.

ആത്രേയൻ:—വില്വാദി പഞ്ചമൂലത്തിൻെറ * കഷായം വാതംകൊണ്ടുള്ള ജ്വരത്തിങ്കൽ ഉത്തമമാകുന്നു. കാട്ടുതിപ്പലിവേര്, ചിററമൃത്, ചുക്ക് ഇവകൊണ്ടുള്ള കഷായം പാചനം (ആമദോഷഹരണം) വരുത്തുന്നതത്രേ. നെല്ലിക്ക, കടുക്ക, തിപ്പലി, കൊടുവേലിക്കിഴങ്ങ് ഇവയുടെ കഷായം എല്ലാ ജ്വരങ്ങൾക്കും അന്തകനാകുന്നു. കൂവളവേര്, മുഞ്ഞവേര്, ചോനകപ്പുല്ല്, കുമിഴിൻവേര്, പുപ്പാതിരിവേര്, ഓരിലവേര്, മൂവിലവേര്, ചെറുവഴുതിനവേര്, കണ്ടകാരിച്ചുണ്ടവേര് ഇവയുടെ കഷായം പിത്തോപദ്രവം, പചനമില്ലായ്മയെ

* വില്വാദിപഞ്ചമൂലം—കൂവളവേര്, കുമിഴൻവേര്, പുപ്പാതിരിവേര്, പലകപ്പയ്യാനവേര്, മുഞ്ഞവേര്.

യും, വാരിപ്പുറങ്ങളിലെ വേദനയേയും, ചുമയേയും ശമിപ്പിക്കും. ഇതിൽ ദർഭവേർകൂടി ചേർക്കുകയുമാകാം. ചിററമൃതു്, പർപ്പടകം, മുത്തങ്ങക്കിഴങ്ങ്, പുത്തരിച്ചുണ്ടവേരു്, ചുക്കു് ഇവയുടെ കഷായം വാതപിത്തജ്വരത്തിങ്കൽ ഉത്തമമാകുന്നു; ഇതിന്നു പഞ്ചഭദ്രമെന്നത്രെ പേർ. ത്രികോല്പക്കൊന്ന, കാട്ടുവെള്ളരിവേരു്, കടുകരോഹിണി (അഥവാ ചുക്കു്) ത്രിഫല, കൊന്നവേരു് ഇവയുടെ കഷായം ശോധനവും മലഭേദനവും സർവ്വജ്വരങ്ങളേയും ശമിപ്പിക്കുന്നതുമത്രെ.

ദേവതാരം, കുറുന്തോട്ടിവേരു്, ആടലോടകവേരു്, ചുക്കു്, മുളകു്, തിപ്പലി, പതിമുകം, വിഴാലരി ഇവ സമം എടുത്തു പൊടിച്ചു് എല്ലാം കൂടിയേടത്തോളം പഞ്ചസാര ചേർത്തു സേവിക്കുക. ഈ പൊടി അഞ്ചുവിധം കാസങ്ങളെയും ജയിക്കും. ദശമൂലം കച്ചൂരിക്കിഴങ്ങ്, ചുവന്നരത്ത, തിപ്പലി, കൂവളത്തിൻവേരു്, പുഷ്കരമൂലം, കർക്കടകശൃംഗി, കീഴാർനെല്ലി, ചെറുതേക്കിൻവേരു്, ചിററമൃതു്, കൊടിവേരു് ഈ ഔഷധങ്ങളെക്കൊണ്ടു വിധിപ്രകാരം കഞ്ഞിയോ കഷായമോ ഉണ്ടാക്കി സേവിച്ചാൽ ചുമയും, ഹൃദയവേദനയും, ഗ്രഹണിയും, പാർശ്വവേദനയും, ഇക്കിട്ടം, ഏക്കവും ശമിക്കും. തേൻ ചേർത്തതായ ഇരട്ടിമധുരപ്പൊടി, പഞ്ചസാരചേർത്തതായ തിപ്പലിപ്പൊടി, ശർക്കരചേർത്തതായ ചുക്കിൻപൊടി, ഇന്തുപ്പു്-വിളയുപ്പു്-തുവർച്ചിലയുപ്പു് എന്നീ ഔഷധങ്ങൾ കാസഘ്നങ്ങൾ (ചുമയെ ശമിപ്പിക്കുന്നവ) ആകുന്നു.

അയമോദകം, ജീരകം, കുരുമുളകു്, മുന്തിരിങ്ങ, മരപ്പുളി, ഡാഡിമനാരങ്ങ, തുവർച്ചിലക്കാരം ഇവ പൊടിച്ചു് ശർക്കരയും, തേനും ചേർത്തു സേവിക്കുക. ഈ പൊടി എല്ലാ അരോചകങ്ങളേയും ശമിപ്പിക്കും. ഇഞ്ചിനീരു് തേൻ ചേർത്തു സേവിപ്പിക്കുക. എന്നാൽ അരോചകവും, ഏക്കവും, ചുമയും ശമിക്കും; മൂക്കിൽ നിന്നുള്ള വെള്ളംവരവും, കഫവും തീരുകയും ചെയ്യും. പേരാൽത്തൊലി, ശൃംഗിവേരു്, കാവിമണ്ണു്, പാച്ചോററിത്തൊലി, ഡാഡിമനാരങ്ങ, ഇരട്ടിമധുരം, തേൻ ഇവ അരിക്കാടിയിൽ ചേർത്തു സേവിച്ചാൽ ഛർദ്ദിയും തൃഷ്ണയും ശമിക്കും.

ചിററമൃതു്, ആടലോടകം, പാച്ചോററിത്തൊലി, തിപ്പലി ഇവ തേൻ ചേർത്തു സേവിച്ചാൽ കഫസഹിതമായ രക്തത്തേയും, തൃഷ്ണാകാസജ്വരങ്ങളേയും ശമിപ്പിക്കും. ആടലോടകനീരു്, തേൻ ചേർത്തതായ താമ്രരസം, നെന്മേനിവാകപ്പുവിൻെറ രസം ഇവയിൽ ഭാവനംചെയ്തതായ കുരുമുളകും കാസാദികളിൽ ഹിതമാകുന്നു. മഞ്ഞളെന്ന ചയറ് എല്ലാ ആർത്തികളെയും (വേദനകളെയും ജയിക്കുന്നതത്രെ. തണ്ഡുലീയകച്ചീര പിത്തഹരവുമാകുന്നു.

കരുനൊച്ചിവേരു്, നന്നാറിക്കിഴങ്ങ്, വിഴിമരത്തിൻവേരു്, അങ്കോലത്തിൻവേരു്—ഇവ കൂടിയ യോഗം വിഷഹരമാകുന്നു.

ചുക്ക്, ചിററമൃത്, കണ്ടകാരിച്ചുണ്ടവേര്, പുഷ്കരമൂലം, കാട്ടുതിപ്പലിവേര് ഇവ കഷായംവെച്ച് തിപ്പലി പൊടിച്ചു മേപ്പൊടി ചേൎത്തു സേവിച്ചാൽ മൂൎച്ഛയും, മദങ്ങളും ശമിക്കും. കായം, തുവൎച്ചില ക്കാരം, ചുക്ക്, മുളക്, തിപ്പലി ഇവ ഈരണ്ടു പലം കൽക്കംചേൎത്തു-നാലിടങ്ങഴി നൈ പതിനാറിടങ്ങഴി ഗോമൂത്രത്തിൽ കാച്ചി അരിക്കുക, ഈ നൈ സേവിച്ചാൽ ഉന്മാദം ശമിക്കും. ശംഖപുഷ്പത്തിൻവേര് വയമ്പ്, കൊട്ടം ഇവ കൽക്കംചേൎത്ത് ബ്രഹ്മിനീരിൽ കാച്ചിയ പഴയ നൈ അപസ്മാരം, ഉന്മാദം ഇവയെജ്ജയിക്കും. ഈ ഘൃതം ബുദ്ധിക്കും വളരെ നല്ലതാകുന്നു. പഞ്ചഗവ്യഘൃതവും അങ്ങനെതന്നെ.

പഞ്ചഗവ്യത്തിൽ കടുക്ക കൽക്കംചേൎത്തു കാച്ചിയ നൈ കുഷ്ഠത്തെശ്ശമിപ്പിക്കും. പടോലവള്ളി, ത്രിഫല, വേപ്പിൻതൊലി, ചിററമൃത്, ചെറുവഴുതിനവേര്, ആടലോടകവേര്, ഉങ്ങിൻതൊലി ഇവ കൊണ്ടു കാച്ചിയ നൈയ് കുഷ്ഠഹരമാകുന്നു. ഇതിന്നു വജ്രകമെന്നത്രേ പേർ. വേപ്പിൻതൊലി, പടോലവള്ളി, ചെറുവഴുതിനവേര്, ചിററമൃത്, ആടലോടകവേര്, ഇവ പതിപ്പത്തു പലം പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് നാലൊന്നാക്കി ത്രിഫലയരച്ചു കൽക്കം ചേൎത്ത് ഒരിടങ്ങഴി നൈ കാച്ചുക. ഈ നൈയ്യിന്നു പഞ്ചതിക്തംഎന്നു പേരാകുന്നു. ഇതു് കുഷ്ഠത്തെ ശമിപ്പിക്കും. എന്നതന്നെയല്ല, എണ്പതുവിധം വാതരോഗങ്ങളേയും,നാല്പതുവിധം പിത്തരോഗങ്ങളേയും, ഇരുപതുവിധം കഫരോഗങ്ങളേയും, കാസം-പീനസം-അൎശ്ശസ്സ്-വ്രണം മുതലായവയേയും, മററു രോഗങ്ങളേയും ഈ യോഗം ശമിപ്പിക്കും. ഇതു യോഗങ്ങളിൽവെച്ച് രാജാവാകുന്നു. സൂൎയ്യൻ അന്ധകാരത്തെയെന്നപോലെ ഇതു് രോഗങ്ങളെ അകററും.

ഉപദംശമെന്ന രോഗം ശമിക്കേണ്ടതിന്ന് ത്രിഫലാകഷായം, കഞ്ഞുണ്ണിനീര് എന്നിവകൊണ്ടു് വ്രണം തേച്ചുകഴുകണം. എന്നിട്ട് പടോലപത്രത്തിന്റെ പൊടികൊണ്ടോ, ഡാഡിമനാരങ്ങയുടെ തോടു പൊടിച്ചു പൊടികൊണ്ടോ, അത്തിത്തിപ്പലിയുടെ പൊടികൊണ്ടോ, ത്രിഫലപ്പൊടികൊണ്ടോ അവചൂൎണ്ണനംചെയ്കയും വേണം.

ത്രിഫല, അയോരജസ്സ് (ഇരുമ്പുപൊടി), ഇരട്ടിമധുരം, കഞ്ഞുണ്ണി, ചെങ്ങഴിനീർക്കിഴങ്ങ്, കുരുമുളക്, ഇന്തുപ്പ് ഇവകൊണ്ടു് എണ്ണ കാച്ചി അഭ്യംഗംചെയ്താൽ തലകൊഴിയുന്നതു ശമിക്കും. പാൽ, കഞ്ഞുണ്ണിനീര് ഇവ ഈരണ്ടിടങ്ങഴി; അതിൽ ഇരട്ടിമധുരവും, ചെങ്ങഴിനീർക്കിഴങ്ങും കൽക്കംചേൎത്ത് ഒരു നാഴി എണ്ണ കാച്ചുക; ഇതുകൊണ്ടു് നസ്യംചെയ്താൽ തലനരയ്ക്കുന്നത് മാറും.

വേപ്പിൻതൊലി, പടോലവള്ളി, ത്രിഫല, ചിററമൃത്, കരിങ്ങാലിക്കാതൽ, ആടലോടകവേര് ഇങ്ങനെ ഒരു യോഗം; പുത്തരി

ച്ചുണ്ടവേര്, പാടക്കിഴങ്ങ്, ത്രിഫല, ചിററമൃത്, രക്തചന്ദനം ഇങ്ങനെ മറെറാരു യോഗം. ഈ രണ്ടു യോഗങ്ങൾ ജ്വരത്തെയും, കഫവിസ്ഫോടാദിരോഗങ്ങളെയും ഹനിക്കും. പടോലവള്ളി, ചിററമൃത്, പുത്തരിച്ചുണ്ടവേര്, ആടലോടകവേര്, വേപ്പിൻതൊലി, പർപ്പടകം, കരിങ്ങാലിക്കാതൽ ഇവകൊണ്ടുള്ള കഷായം വിസ്ഫോടജ്വരങ്ങളെ ഹനിക്കും. ദശമൂലം, ചിററമൃത്, കടുക്ക, ദേവതാരം, തഴുതാമവേര്, മുരിങ്ങവേര്, ചുക്ക്, ഇവയുടെ കഷായം ജ്വരം, വിദ്രധി, ശോഫം എന്നിവയിൽ ഹിതമാകുന്നു.

ഇരിപ്പക്കാതൽ, വേപ്പില ഇവ അരച്ചുപുരട്ടുന്നതു് വ്രണശോധനമാകുന്നു. ത്രിഫല, കരിങ്ങാലി, മരമഞ്ഞത്തൊലി, കൊന്നത്തൊലി, വെൺകുരുന്തോട്ടിവേര്, ദർഭവേര്, വേപ്പിൻതൊലി, മൂലേരിയില ഇവയുടെ കഷായങ്ങൾ ശോധനത്തിന്നു നല്ലവയാകുന്നു. ഉങ്ങിനില, വേപ്പില, കരുനൊച്ചിയില ഇവയുടെ ചാറ് വ്രണത്തിലുള്ള കൃമികളെ കളയും. താതിരിപ്പൂവ്, ചന്ദനം, കുറുന്തോട്ടിവേര്, പറച്ചുണ്ടവേര്, ഇരട്ടിമധുരം, ചെങ്ങഴിനീർക്കിഴങ്ങ്, മരമഞ്ഞത്തൊലി, മേദ ഇവ നെയ്യിൽ അരച്ചുപുരട്ടുന്നതു വ്രണമുണങ്ങുവാൻ നല്ലതാകുന്നു. ഗുൽഗുലു, ത്രിഫല, ചുക്ക്, മുളക്, തിപ്പലി ഇവ സമാംശമായി പൊടിച്ച്; നെയ്യിൽ ചാലിച്ചു പുരട്ടിയാൽ നാഡീവ്രണം-ദുഷ്ടവ്രണം-ഭഗന്ദരം-വ്രണഗുല്മം ഇവ ശമിക്കും.

കടുക്ക ഗോമൂത്രത്തിൽ വേവിച്ച്, എണ്ണയും ഇന്തുപ്പും ചേർത്ത്, ദിവസംതോറും പ്രഭാതത്തിൽ സേവിച്ചാൽ കഫവാതരോഗങ്ങൾ ശമിക്കും. കഫവാതജങ്ങളായ രോഗങ്ങളിൽത്തന്നെ ചുക്ക്, മുളക്, തിപ്പലി, ത്രിഫല ഇവയുടെ കഷായം ഇന്തുപ്പും കാരവും മേപ്പൊടിചേർത്തു സേവിക്കാം. എന്നാൽ, വിരേചനം വരികയും, കഫത്തിന്റെ വർദ്ധന നിലയ്ക്കുകയും ചെയ്യും. തിപ്പലി, കാട്ടുതിപ്പലിവേര്, വയമ്പ്, കൊടുവേലിക്കിഴങ്ങ്, ചുക്ക് ഇവകൊണ്ടു കഷായമുണ്ടാക്കി സേവിച്ചാൽ ആമവാതം ശമിക്കും. സർവ്വാംഗങ്ങളിലും വ്യാപിച്ചതും, ആമദോഷത്തോടുകൂടിയതും, വിശേഷിച്ചു സന്ധികളേയും അസ്ഥികളേയും മജ്ജയേയും ആശ്രയിച്ചിട്ടുള്ളതുമായ വാതത്തിങ്കൽ ചുവന്നരത്ത, ചിററമൃത്, ആവണക്കിൻവേര്, ദേവതാരം, ചുക്ക് ഇവയുടെ കഷായം സേവിക്കണം. അല്ലെങ്കിൽ ദശമൂലവും ചുക്കുംകൂടി വെച്ച കഷായവുമാകാം. ചുക്ക്, ഞെരിഞ്ഞില് ഇവയുടെ കഷായം പതിവായിട്ടു പ്രഭാതത്തിൽ സേവിച്ചാൽ ആമദോഷത്തോടുകൂടിയ വാതത്തിന്നു പാചനം വരികയും, അരക്കെട്ടിലുള്ള കടച്ചിലും വേദനയും ശമിക്കുകയും ചെയ്യും. തലനീലി സമൂലമായി ഇടിച്ചുപിഴിഞ്ഞ വെള്ളത്തിൽ കാച്ചിയ തൈലവും, ചിററമൃത് കൽക്കവും കഷായവുമായി കാച്ചിയ തൈലവും വളരെക്കാലം ഇടവിടാതെ ശീലിച്ചുംകൊണ്ടിരുന്നാൽ രക്തവാതം ശമി

ക്കും. ചിററമൃതിൻെറ പൊടിയും, കഷായവും ഇതിന്ന നല്ലതാകുന്നു. തിപ്പലി, ദിനംതോറും എണ്ണത്തിൽ അധികമാക്കി സേവിക്കുന്നതും; ശ ക്കരയോടുകൂടി കടുക്ക സേവിക്കുന്നതും ഇതിന്ന ഹിതമാകുന്നു. പടോല വള്ളി, ത്രിഫല, തിപ്പലി, കടുകരോഹിണി, ചിററമൃത് ഇവകൊണ്ടു ള്ള കഷായം, ദാഹം (ചുട്ടുനീറൽ) ഉള്ളതായ രക്തവാതത്തെ പൊട്ടുന്ന നവേ ശമിപ്പിക്കും. ചിററമൃതും ത്രിഫലയും കഷായംവെച്ചതിൽ (അല്പം ചൂടോടുകൂടി) ഗുൽഗുലു സേവിക്കുക; അതല്ലെങ്കിൽ കരുന്തോട്ടിവേര്, തവിഴാമവേര്, ആവണക്കിൻവേര്, ചെറുവഴുതിനവേര്, വെൾ വഴുതിനവേര്, തൈരിൻതെളിവ്, കായം, ഇന്തുപ്പ് ഇവയോടുകൂടി ഗുൽ ഗുലു സേവിക്കുക; ഇതു ചെയ്താൽ പൊട്ടുന്നനവേതന്നെ വാതവേദന ശമിക്കും.

തിപ്പലിവേരും, പഞ്ചലവണങ്ങളും *, തിപ്പലി-കൊടുവേലി-ചുക്ക്-ത്രിഫല-ത്രികോൽപ്പക്കൊന്ന-വയമ്പ്-തുവർച്ചിലക്കാരം-ചവൽക്കാരം-ശാദ്വല (ചമ്മലന്തി?)- നാഗദന്തി-എരുമക്കള്ളി-ആട്ടുക്കൊട്ടപ്പാല ഇവയും ഓരോ കഴഞ്ചു വീതം എടുത്തരച്ച് ലന്തക്കുരുപ്രമാണമുള്ള ഗുളികയാക്കുക. ഈ ഗുളിക ലന്തക്കുരുകഷായത്തിൽ സേവിക്കുക. ശോഫം ശമിക്കും. പകപ്പമായിട്ടുള്ള ശോഫത്തിങ്കലും, വർദ്ധിച്ചുവശായ ഉദരാദിരോഗങ്ങളിലും ത്രികോൽപ്പക്കൊന്ന ഉത്തമമായ ഔഷധമത്രെ. ദേവതാരം, തവിഴാമവേര്, ചുക്ക് ഇവ ചതച്ചിട്ടു കുറുക്കിയ പാലും ശോഫഹരമാകുന്നു. അപ്രകാരംതന്നെ എരുക്ക്, തവിഴാമ, വേപ്പ് ഇവയുടെ ഇലയിട്ടു വെച്ച വെള്ളം പകരുന്നതും ശോഫഹരമാകുന്നു.

പ്ലാശിൻതൊലി ചുട്ട ഭസ്മം കലക്കിയ വെള്ളം നെയ്യിനെക്കാൾ ഇരട്ടി; അതിൽ ചുക്കും, മുളകും, തിപ്പലിയും കൽക്കമായി നെയ് കാച്ചുക; ഈ നെയ് സേവിച്ചാൽ അർശസ്സ് (ഗുദകീലം; ഗുദത്തിലുണ്ടാകുന്ന ആണി) പറിഞ്ഞുവീഴും, സംശയമില്ല. ഞാവൽപ്പൂവ്, താമരവളയം, കരുനൊച്ചിവേര് ഇവ കഷായവും ഇന്തുപ്പു കൽക്കവുമായി കാച്ചിയ നെയ്യും അങ്ങനെതന്നെ.

വിഴാലരി, കൊടുവേലിക്കിഴങ്ങ്, ഇന്തുപ്പ്, ചുവന്നരത്ത, തുവച്ചിലക്കാരം, ദേവതാരം ഇവ അരച്ചു വെള്ളത്തിൽ കലക്കി, ആ വെള്ളത്തിൻെറ നാലിലൊരംശം എണ്ണ ചേർത്തു കാച്ചി അരിക്കുക. ഈ തൈലംതേച്ചാൽ ഗണ്ഡമാലയും ഗളഗണ്ഡവും ശമിക്കും.

കച്ചൂരിക്കിഴങ്ങ്, നിലപ്പനക്കിഴങ്ങ്, വലയം (?) ഇവയുടെ കഷായവും പാലും ചേർത്ത് അടപതിയൻകിഴങ്ങ്, തിപ്പലി, ആടലോടകവേര് ഇവ കൽക്കം ചേർത്തു കാച്ചിയ നെയ് സേവിക്കുക. ഇത് ക്ഷയത്തിന്ന നല്ലതാകുന്നു.

* പഞ്ചലവണങ്ങൾ:- ഇന്തുപ്പ്, വിളയുപ്പ്, കറുത്തുപ്പ്, തുവരുപ്പ്, കല്ലുപ്പ്.

Since1923

വയമ്പു രണ്ടംശം; കടുക്ക മൂന്നംശം; ചുക്കു് ആറംശം; കായം നാലംശം; കൊട്ടം ഒരംശം; കൊടുവേലിക്കിഴങ്ങ് ഏഴംശം. അയമോദകം ഒരംശം—ഇങ്ങനെ തൂക്കിയെടുത്തുണ്ടാക്കിയ പൊടി സേവിച്ചാൽ ഗുല്മോദരശൂലകാസങ്ങൾ ശമിക്കും. പാടക്കിഴങ്ങ്, നാഗദന്തിവേർ, ചുക്ക്, മുളകു്, തിപ്പലി, ത്രിഫല, കൊടുവേലിക്കിഴങ്ങ് ഇവയുടെ പൊടി ഗോമൂത്രത്തിൽ ഭാവനചെയ്തു്, ഗോമൂത്രത്തിൽ സേവിച്ചാൽ ഗുല്മൻ, പ്ലീഹരോഗം മുതലായവ ശമിക്കും. ആടലോടകവേരു്, വേപ്പിൻതൊലി, പടോലവള്ളി, ത്രിഫല—ഈ യോഗം വാതപിത്തഹരമാകുന്നു. വിഴാലരിപ്പൊടി തേനിൽ ചാലിച്ചു സേവിച്ചാൽ ക്രിമികൾ നശിക്കും. വിഴാലരി, ഇന്തുപ്പു്, ചവൽക്കാരം ഇവയോടു സഹിതമായ കടുക്കയും അങ്ങനെതന്നെ.

ഈന്തൽ, ലന്ത, ഞാവൽ, മുരൾമരം, മാവു്, മരുതു് ഇവയുടെ തൊലികൾ വെവ്വേറെ തേൻ പുരട്ടി അരച്ചു പാലിൽ സേവിക്കുന്നതു രക്തത്തെശ്ശമിപ്പിപ്പാൻ നല്ലതാകുന്നു. കൂവളവേരു്, മാവിൻതൊലി, താതിരിപ്പൂവു്, പാടക്കിഴങ്ങു്, ചുക്കു്, പൂളപ്പശ ഇവ സമം പൊടിച്ചു ശക്കരയിലോ മോരിലോ സേവിച്ചാൽ എത്ര കഠിനമായ അതിസാരവും ശമിക്കും. പുളിയാറിലനീരു്, ലന്തപ്പഴത്തിൻനീരു്, തയിർവെള്ളം ഇവ വേവിച്ചു ചുക്കും കാരവും പൊടിച്ചിട്ടു്, നൈചേർത്തു സേവിക്കുക. എന്നാൽ ഗുദഭ്രംശംകൊണ്ടുള്ള വേദന ശമിക്കും. വിഴാലരി, അതിവിടയം, മുത്തങ്ങ, ദേവതാരം, പാടക്കിഴങ്ങ്, കുടകപ്പാലയരി, കുരുമുളകു്—ഈ യോഗം ശോഫാതിസാരങ്ങളെ ശമിപ്പിക്കും.

പഞ്ചസാരയും ഇന്തുപ്പും ചുക്കും ചേർത്തോ, അല്ലെങ്കിൽ തിപ്പലിയും തേനും ശക്കരയും ചേർത്തോ, പതിവായി ഈരണ്ടു കടുക്ക സേവിച്ചുംകൊണ്ടിരിക്കുന്നവൻ നൂറു സംവത്സരകാലം കുശലിയായിജ്ജീവിക്കും. തിപ്പലീസഹിതമായ ത്രിഫല തേനും നെയ്യും കൂട്ടി സേവിച്ചുകൊണ്ടിരുന്നാലും ഈ ഫലംതന്നെയുണ്ടാകും. പഴയ നെല്ലിക്കയുടെ പൊടി പച്ച നെല്ലിക്കനീരിൽ ഭാവനചെയ്തു തേനും നെയ്യും പഞ്ചസാരയും ചേർത്തു ലേഹമാക്കി സേവിക്കുകയും, അതിന്നമേലെ പാൽ കുടിക്കുകയും ചെയ്യുന്നവൻ സ്ത്രീഗമനത്തിൽ ശക്തിയുള്ളവനാകും. ഉഴുന്നു്, തിപ്പലി, ചെന്നെല്ലരി, യവം, ഗോതമ്പം ഇവയുടെ പൊടി സമാംശമായെടുത്തു് ഘൃതത്തോടു ചേർത്തു തിപ്പലിയെ പചിക്കുക. അങ്ങനെയുള്ള തിപ്പലിയെ ഭക്ഷിച്ചു്, അതിന്നു മേലേ പഞ്ചസാര ചേർത്ത പാലും സേവിക്കുക. അങ്ങനെ ചെയ്യുന്നവൻ പുതിയ വീട്ടുപിടയെ പ്രാപിച്ചു്, ചടകപ്പക്ഷിയെന്നപോലെ, സ്ത്രീഗമനംചെയ്യുന്നതിനു ശക്തനായി ഭവിക്കും.

പറച്ചുണ്ടവേരു്, താതിരിപ്പൂവു്, പാച്ചോറ്റിത്തൊലി, ചെങ്ങഴിനീർക്കിഴങ്ങു് ഇവ പാലിൽ ചേർത്തു കൊടുത്താൽ സ്ത്രീകളുടെ പ്രദര

രോഗം (അസൃഗ്ദരം) ശമിക്കും. പൊൻകുരുഞ്ഞിവിത്ത്, ഇരട്ടിമധുരം, വെളുത്ത ചന്ദനം, താമരക്കിഴങ്ങ്, ചെങ്ങഴിനീർക്കിഴങ്ങ്, പഞ്ചസാര, എള്ള്—ഈ യോഗം ഗർഭം സ്രവിച്ചുപോകുന്ന സ്ത്രീകളുടെ ഗർഭത്തിന്നുറപ്പുവരുത്തുന്നതും ഉത്തമവുമാകുന്നു.

ദേവതാരം, പടർച്ചുണ്ടവേര്, കൊട്ടം, ഇരുവേലി, ചുക്ക് ഇവ കാടിയിലരച്ച് എണ്ണയും ചേർത്തു പുരട്ടിയാൽ തലവേദന ശമിക്കും. ഇന്തുപ്പ് ചുടുവെള്ളത്തിൽ കലക്കി ശീലകൊണ്ടരിച്ചു ചെറുചൂടോടുകൂടെ ചെവിയിൽ നിറയ്ക്കുക; ചെവിയിലുള്ള വേദന ശമിക്കും. വെള്ളുള്ളി, ഇഞ്ചി, മുരിങ്ങത്തൊലി, കദളിവാഴക്കുടപ്പൻ ഇവയുടെ രസം വെവ്വേറെ കുറുന്തോട്ടിവേര്, ശതാവരിക്കിഴങ്ങ്, ചുവന്നരത്ത, ചിററമൃത്, കരിംകുറിഞ്ഞിവേര് ഇവയോടുകൂടി സേവിക്കയുമാകാം.

ത്രിഫല ചേർന്നതായ നെയ് തിമിരത്തെ ഹനിക്കുന്ന അത്യുത്തമമായ ഔഷധമാകുന്നു. ത്രിഫല, ചുക്ക്, മുളക്, തിപ്പലി, ഇന്തുപ്പ് ഇവകൊണ്ടു കാച്ചിയ നെയ് സേവിക്കുകയുമാകാം. ഈ നെയ് കണ്ണിന്ന് ഹിതവും, മലഭേദനം വരുത്തുന്നതും, ഹൃദ്യവും, ദീപനവും, കഫഹരവുമാകുന്നു. ചെങ്ങഴിനീർപ്പൂവിന്റെ അല്ലി പശുവിൻചാണകനീർ കൂട്ടി അരച്ച് ഗുളികയാക്കി കണ്ണിലെഴുതുന്നത് ദിവാന്ധന്മാരോ, നിശാന്ധന്മാരോ ആയവൎക്ക് ഹിതമാകുന്നു.

ഇരട്ടിമധുരം, വയമ്പ്, തിപ്പലി, കുടകപ്പാലയരി ഇവയരച്ച് വേപ്പിൻതൊലിക്കഷായത്തിൽ കലക്കി സേവിച്ചാൽ സുഖമായ വമനം വരും. മെഴുകുപുരട്ടി സ്വേദനം ചെയ്യപ്പെട്ട യവം സേവിച്ചാൽ വിരേചനവുമുണ്ടാകും. ഇങ്ങനെയല്ലാതെ ഇതു പ്രയോഗിച്ചാൽ അഗ്നിമാന്ദ്യവും, ദേഹത്തിന്നു കനവും, അരോചകവുമുണ്ടാകും. കടുക്ക, ഇന്തുപ്പ്, തിപ്പലി, ഇവയുടെ പൊടി ഉഷ്ണോദകത്തിൽ സേവിക്കുക. ഇതു് സൎവ്വരോഗഹരമായ വിരേകൌഷധമാകുന്നു. ശ്രേഷ്ഠമായ ഈ യോഗത്തിന്ന് നാരാചമെന്നത്രെ പേർ.

ഇത്രയും പറയപ്പെട്ട സിദ്ധയോഗങ്ങൾ ആത്രേയൻ മുനിമാൎക്കു കാട്ടിക്കൊടുത്തവയും, സൎവ്വരോഗഹരങ്ങളും, സൎവ്വയോഗങ്ങളിൽവെച്ചു ശ്രേഷ്ഠങ്ങളുമാകുന്നു.

——(೦)——

Since 1923

# അദ്ധ്യായം ൮.

ധന്വന്തരി:—അനന്തരം ഞാൻ, ആയുഷ്കരങ്ങളും രോഗങ്ങളകററുന്നവയുമായ മൃത്യുഞ്ജയകല്പങ്ങളെ പറയുവാൻ പോകുന്നു.

ത്രിഫല, ചിററമൃത് ഇവയുടെ ചൂൎണ്ണം തേനും, നെയ്യും ചേൎത്തു സേവിക്കുന്നതു് രോഗഹരമാകുന്നു. ഇതു് പതിവായി ശീലിച്ചുംകൊണ്ടിരിക്കുന്നവൻ ത്രിശതായുസ്സായിരിക്കും. കേവലം ത്രിഫലയുടെ പൊടി ഒരു പലമോ, അര പലമോ, ഒരു കൎഷമോ സേവിച്ചുംകൊണ്ടിരിക്കുന്നവൻ ആയുസ്സു മുഴുവനും അനുഭവിക്കും; അതോടുകൂടി വിലപതൈലംകൊണ്ടു നസ്യവുംകൂടി ചെയ്തുകൊണ്ടിരുന്നാൽ അവൻ പഞ്ചശതായുസ്സായും, കവിയായും ഭവിക്കും.

എള്ളു്, ചേരിൻകുരു എന്നിവ രോഗങ്ങളേയും, അപമൃത്യുവിനേയും, വാൎദ്ധക്യത്താലുള്ള വലിയേയും ജയിക്കും. പഞ്ചാംഗമായ വാകുചിയുടെ (കാർപോകിലിൻെറ) ചൂൎണ്ണത്തെ ആറുമാസകാലം മുടങ്ങാതെ കരിങ്ങാലിക്കഷായത്തോടുകൂടി സേവിക്കുകയോ, നീലകുരുണ്ടത്തിൻെറ (നീലക്കുറുഞ്ഞിയുടെ) ചൂൎണ്ണത്തെ കഫഹരങ്ങളായ കഷായങ്ങളോടു ചേൎത്തു സേവിക്കുകയോ ചെയ്താൽ കഫം അകന്നുപോകും. ഖണ്ഡദുശ്ധ (?) ത്തെ പാലോ, തേനോ ചേൎത്തു സേവിക്കുന്നവൻ ശതായുസ്സായിരിക്കും. തേനും, നെയ്യും ചേൎത്തതായ ചുക്കു് പലപ്രമാണം പതിവായി പ്രഭാതത്തിൽ സേവിച്ചുംകൊണ്ടിരിക്കുന്നവൻ മൃത്യുവിനെ ജ്ജയിക്കും. മാണ്ഡകി എന്ന ഔഷധത്തിൻെറ ചൂൎണ്ണം പാലിൽ സേവിക്കുന്നവൻ ജരാനിമിത്തമായുള്ള ചുളിവും നരയുമകന്നു ജീവിക്കും. ഉച്ചട* യുടെ പൊടി കൎഷപ്രമാണം തേൻ ചേൎത്തു സേവിച്ചു് പാൽ അനുപാനം ചെയ്യുന്നവൻ മൃത്യുവിനെജ്ജയിക്കും. കരുനൊച്ചിവേരു പൊടിച്ചു് തേനും, നെയ്യും ചേൎത്തോ പാൽ ചേൎത്തോ സേവിക്കുന്നവൻ രോഗങ്ങളെയും, മരണത്തെയും ജയിക്കും.

പ്ലാശിൻെറ എണ്ണ ഓരോ കൎഷപ്രമാണം ആറുമാസകാലം മുടങ്ങാതെ തേൻ ചേൎത്തു സേവിക്കുകയും, അനുപാനമായി പാൽ കുടിക്കുകയും ചെയ്താൽ അഞ്ഞൂറുവൎഷമോ, ആയിരം വൎഷമോ ജീവിച്ചിരിക്കും. ചെറുപുന്നയുടെ ഇല പിഴിഞ്ഞ നീരു് പാൽ ചേൎത്തു സേവിക്കുക, ത്രിഫല തേൻ ചേൎത്തു സേവിക്കുക, ശതാവരിക്കിഴങ്ങു് അരച്ചുണക്കി പൊടിച്ചതു് ഒരു പലം നെയ് ചേൎത്തു സേവിക്കുക, കരുനൊച്ചിവേരിൻെറ പൊടി തേനും, നെയ്യും ചേൎത്തു സേവിക്കുക ഇവ ചെയ്താൽ രോഗവും, മരണവും ഒഴിയും. വേപ്പു് പഞ്ചാംഗമായി പൊടിച്ചു് കരിങ്ങാലിക്കഷായത്തിൽ ഭാവനംചെയ്തോ, അല്ലെങ്കിൽ കയ്യുണ്ണിനീരിൽ ഭാവനംചെയ്തോ കൎഷപ്രമാണം ദിനംതോറും സേവിക്കുന്നവൻ സൎവ്വ

* ഉച്ചട = സോമലത, കരവിരിഴങ്ങ്, പെരുങ്കുരുമ്പ്.

രോഗങ്ങളെയും ജയിച്ച് മരണരഹിതനായി ഭവിക്കും. അപ്രകാരം തന്നെ രുദന്തിക എന്ന ഔഷധം നെയ്യും, തേനും ചേർത്തു സേവിച്ച്, മീതെ പാൽ സേവിക്കുന്നവനും മൃത്യുവിനെജ്ജയിക്കും.

കഞ്ഞുണ്ണിനീരിൽ ഭാവനംചെയ്തതായ കടുക്കാപ്പൊടി കർഷപ്രമാണം നെയ്യോ, തേനോ ചേർത്തു സേവിച്ചാൽ യാതൊരു രോഗവും കൂടാതെ മുന്നൂറുസംവത്സരം ജീവിക്കും. ലോഹചൂർണ്ണം, പാൽമുതക്കിൻ കിഴങ്ങ് ഇടിച്ചുപിഴിഞ്ഞ നീരിലൊ, കഞ്ഞുണ്ണിനീരിലൊ, ശതാവരിനീരിലൊ ഭാവനംചെയ്ത് കർഷപ്രമാണം നെയ് ചേർത്തു സേവിക്കുന്നവൻ അഞ്ഞൂറു സംവത്സരം ജീവിക്കും. കാന്ത (കാന്തസാരം?) ചൂർണ്ണം ശതാവരിനീരിലൊ, കഞ്ഞുണ്ണിനീരിലൊ ഭാവനംചെയ്ത് തേനും, നെയ്യും ചേർത്തു സേവിക്കുന്നവൻ മുന്നൂറുസംവത്സരം ജീവിച്ചിരിക്കും. അഭ്രം, അമൃത്, ത്രികോല്പക്കൊന്ന, ഗന്ധകം ഇവ കുമാരികാരസത്തിൽ (കററവാഴനീരിൽ) ശുദ്ധിചെയ്ത് രണ്ടു കുന്നിക്കുരുപ്രമാണം നെയ്യിൽ സേവിക്കുന്നവൻ അഞ്ഞൂറുസംവത്സരം ജീവിക്കും.

അമുക്കുരം ഒരു പലം പൊടിച്ച് എണ്ണയും, നെയ്യും ചേർത്തു സേവിക്കുന്നവൻ ശതായുസ്സായി ഭവിക്കും. തമിഴാമവേരിന്റെ പൊടി ഒരു പലം തേനും, നെയ്യും ചേർത്തു സേവിച്ച് പാൽ അനുപാനംചെയ്കയൊ, അശോകചൂർണ്ണം ഒരു പലം തേനും, നെയ്യും ചേർത്തു സേവിച്ച് മീതെ പാൽ കുടിക്കുകയോ ചെയ്യുന്നവൻ രോഗങ്ങളിൽനിന്നു മുക്തനായിജ്ജീവിക്കും. എള്ളിന്റെ എണ്ണയിൽ തേൻ ചേർത്ത് അതുകൊണ്ടു നസ്യം ചെയ്യുന്നവൻ തലരോമങ്ങൾ നരയ്ക്കാതെകണ്ട് നൂറു സംവത്സരം ജീവിച്ചിരിക്കും. താന്നിക്കയുടെ പൊടി കർഷപ്രമാണം തേനും, നെയ്യും കൂട്ടി സേവിക്കയും, പാൽ അനുപാനംചെയ്കയും ചെയ്യുന്നവനും നൂറുകൊല്ലത്തെ ആയുസ്സുണ്ടാകും. കടുക്കയും, ശക്കരയുംകൂട്ടി അതു നെയ്യിനോടൊ, മധുരാദിദ്രവ്യങ്ങളോടൊ ചേർത്തു സേവിക്കുകയും, പിന്നെ പാൽകൂട്ടി ഉണ്ണുകയും ചെയ്യുന്നവൻ തല നരയ്ക്കാതെകണ്ടു തന്നെ അഞ്ഞൂറുസംവത്സരം ജീവിക്കും. ഇപ്രകാരം തന്നെ കുശ്മാണ്ഡചൂർണ്ണം തേനും, നെയ്യും, പാലും ചേർത്തു സേവിച്ച് അതിന്നുമേലെ പാൽകൂട്ടി ഭോജനം കഴിച്ചുംകൊണ്ട് ഒരു മാസം ഇരിക്കുന്നവൻ സഹസ്രായുസ്സായി ഭവിക്കും. ശാലൂകം (ജാതിക്ക, താമരക്കിഴങ്ങ്) പൊടിച്ച പൊടി കഞ്ഞുണ്ണിനീരിലും നെയ്യിലും ഭാവനംചെയ്ത് തേനും, നെയ്യും ചേർത്തു സേവിച്ചാൽ നൂറുസംവത്സരം ജീവിക്കും. കട്ടുതുംബി (=പേച്ചുര) യുടെ തൈലംകൊണ്ടു നസ്യം ചെയ്യുന്നവൻ ഇരുനൂറുസംവത്സരം ജീവിച്ചിരിക്കും.

ത്രിഫല, തിപ്പലി, ചുക്ക് ഇവ സേവിച്ചുംകൊണ്ടിരുന്നാൽ മുന്നൂറു വർഷത്തെ ആയുസ്സുണ്ടാകും. അതുതന്നെ ശതാവരിനീരിൽ ഭാവനംചെയ്തി

Since 1923

ട്ടായാൽ സഹസ്രസംവത്സരത്തെ ആയുസ്സു നല്കും. കൊട്ടവേലിക്കിഴങ്ങ്, ചുക്ക്, വിഴാലരി, ലോഹം, കറുന്തോട്ടിവേര്, അഞ്ജുവേപ്പുകൾ, കരിങ്ങാലി, കരുനൊച്ചി, കണ്ടകാരി, ആടലോടകം, തഴുതാമ ഇവയുടെ രസങ്ങൾ ചേൎത്തു ഭാവനംചെയ്തു ഗുളികയാക്കിയൊ, പൊടിയാക്കിയൊ തേൻ-നെയ്-ശൎക്കര മുതലായവയൊ, വെള്ളമൊ ചേൎത്തു സേവിച്ചാലും ഫലം മേൽപ്രകാരംതന്നെ. ഇതു് യോഗരാജകല്പം എന്ന പ്രസിദ്ധമായ കല്പമത്രെ. ഇതു് 'ഓം ഹ്രൂം സഃ' എന്ന മന്ത്രം ജപിച്ചു സേവിച്ചാൽ രോഗമൃത്യുക്കളെ ജയിക്കും. ഇതു് സുരാസുരന്മാരും, മുനിമാരും കൂടി കല്പസാഗരത്തെക്കടഞ്ഞെടുത്ത മൃതസംജീവനീകല്പമാകുന്നു.

ഇനി പാലകാപ്യൻ അംഗരാജാവിനോടു് ഉപദേശിച്ച ഗജായുൎവ്വേദമാണു പറവാൻ തുടങ്ങുന്നതു്.

—— (൦) ——

## അദ്ധ്യായം ൯.

പാലകാപ്യൻ:—ഹേ ലോമപാദ, ആനകളുടെ ലക്ഷണവും ചികിത്സയും ഞാനങ്ങയ്ക്കു പറഞ്ഞുതരാം.

നീണ്ട തുമ്പിയും, നെട്ടതായ ഉച്ഛ്വാസവുമുള്ള ആനകൾ ഉയൎന്ന തരക്കാരാകുന്നു. അവ നല്ല സഹനശീലമുള്ളവയായിരിക്കും. ഇരുപതോ പതിനെട്ടോ നഖങ്ങളുള്ളവയും, ശീതകാലത്തിങ്കൽ മദംപൊട്ടുന്നവയുമായ ആനകളും ശ്രേഷ്ഠങ്ങളത്രേ. വലത്തേ കൊമ്പു് തെല്ലൊന്നുയൎന്നിരിക്കുക, ബൃംഹിതം (=ചിന്നംവിളി) ഇടിനാദംപോലെ മുഴങ്ങുന്നതായിരിക്കുക. ചെവികൾ വിസ്താരമുള്ളവയായിരിക്കുക എന്നീ ലക്ഷണങ്ങളുള്ളവയും, തൊലിന്മേൽ സൂക്ഷ്മങ്ങളായ ബിന്ദുക്കൾ (=പുള്ളികൾ) ഉള്ളവയുമായ ഗജങ്ങൾ ഉത്തമങ്ങളാകുന്നു. അങ്ങനെയുള്ള ആനകളെ വേണം പിടിയ്ക്കുവാൻ. അങ്ങനെയല്ലാത്തവയും, ഉയരമില്ലാത്തവയുമായ ആനകൾ ലക്ഷണമില്ലാത്തവയാണു്. അത്തരത്തിലുള്ളവയെ പിടിക്കരുതു്. അപ്രകാരംതന്നെ പാൎശ്വഗൎഭിണികളായ പിടിയാനകളും, മൂഢരായ (ബുദ്ധിയില്ലാത്ത) ഗജങ്ങളും പിടിച്ചിണക്കുവാൻ നല്ലവയല്ല.

വൎണ്ണം, സത്വം, ബലം, രൂപം, കാന്തി, ശരീരഗുണം, വേഗം, ഈ ഏഴു കൂട്ടവും തികഞ്ഞിട്ടുള്ള ഗജം യുദ്ധത്തിൽ ശത്രുക്കളെ ജയിക്കും, സംശയമില്ല. ആനകൾ ശിബിര (=സേനാനിവേശ)ത്തിന്നും സൈന്യത്തിന്നും ശ്രേഷ്ഠമായ അലങ്കാരമാകുന്നു. രാജാവു് യുദ്ധത്തിൽ ആനകളെക്കൊണ്ടു നേടുന്ന ജയത്തെ വിദ്വാന്മാർ ബഹുമാനിക്കുന്നു.

ആനകൾക്കുണ്ടാകുന്ന എല്ലാവക പാകലരോഗങ്ങളിലും അനുവാസനം (സ്നേഹവസ്തി) ചെയ്യേണ്ടതാണ്. നെയ്യും എണ്ണയും തേപ്പിച്ചു കുളിപ്പിക്കുന്നതും നല്ലതാകുന്നു. ആനയുടെ സ്കന്ധങ്ങളിൽ പാകലങ്ങളിലെന്നപോലെ വേണ്ട കൎമ്മങ്ങൾ ചെയ്കയും വേണം. ആനയ്ക്കു പാണ്ഡുരോഗങ്ങളുണ്ടായാൽ ഗോമൂത്രമോ, മഞ്ഞൾ-മരമഞ്ഞൾ ഇവ ചേൎത്ത നെയ്യോ നല്ലതാകുന്നു. ആനാഹം (വയറുവീൎപ്പ്) ഉണ്ടായാൽ എള്ളെണ്ണ തേപ്പിച്ചു കുളിപ്പിക്കുന്നതുത്തമമത്രേ. കുടിക്കുവാൻ പഞ്ചലവണങ്ങൾ ചേൎത്ത വാരുണീമദ്യം കൊടുക്കാം. ആനകൾക്കു മൂൎഛകൾ (മോഹാലസ്യങ്ങൾ) ഉണ്ടായാൽ വിഴാലരി, ത്രിഫല, ചുക്ക്, മുളക്, തിപ്പലി ഇവ ചേൎത്തുരുട്ടിയ ഉരുളകൾ ഭുജിപ്പിക്കുകയും, തേൻ പകൎന്ന വെള്ളം കുടിപ്പിക്കുകയും വേണം. തലയ്ക്കു വേദനയുണ്ടായാൽ എണ്ണ തേപ്പിക്കുന്നതും, നസ്യം ചെയ്യുന്നതും നല്ലതാകുന്നു.

ആനകൾക്കു കാലടികളിലുണ്ടാകുന്ന രോഗങ്ങളെ സ്നേഹപുടങ്ങളെക്കൊണ്ടു ചികിത്സിക്കണം. പിന്നെ കൽക്കകഷായങ്ങളെക്കൊണ്ടു ശോധനം ചെയ്യുവാനും വിധിച്ചിട്ടുണ്ട്. വേപഥു (വിറ) വുള്ള ഗജങ്ങളെ തിപ്പലിയും, കുരുമുളകും പൊടിച്ചിട്ട മയിൽ, തിത്തിരിപ്പക്ഷി, ലാവമെന്ന പക്ഷി ഇവയുടെ മാംസരസങ്ങൾകൂട്ടി ഭോജനം ചെയ്യിക്കണം. അതിസാരമുള്ള ആനയ്ക്കു് എളയ കൂവളക്കായ്, പാച്ചോററിത്തൊലി, താതിരിപ്പൂവ് ഇവയുടെ പൊടിയും, പഞ്ചസാരയുംകൂട്ടി കുഴച്ചു ഉരുള കൊടുക്കണം. കരഗ്രഹം[1] എന്ന രോഗമുണ്ടായാൽ ഇന്തുപ്പുചേൎത്തതായ നെയ്കൊണ്ടു് നസ്യം ചെയ്യിക്കണം. മുത്തങ്ങാകഞ്ഞിയിൽ തിപ്പലിയും, ചുക്കും, ജീരകവും ചേൎത്തു കൊടുക്കുകയുമാകാം. ഉൽകണ്ണക[2]മെന്ന രോഗമുണ്ടായാൽ പന്നിമാംസരസം കൊടുക്കണം. ഗളഗ്രഹം[3] എന്ന രോഗത്തിൽ ദശമൂലം, മുതിര, പുളി, കാക്കപ്പനച്ചിവേര്, ഇവകൊണ്ടു കാച്ചിയ തൈലം തേപ്പിക്കണം. ചങ്ങലകൊണ്ടു തളയ്ക്കുകയും വേണം. മൂത്രഭംഗം[4] ഉണ്ടായാൽ അമ്ലലവണങ്ങൾ[5] പൊടിച്ചിട്ട തെളിമദ്യങ്ങളൊ, നെയ്യൊ, അഥവാ ത്രപുസബീജകഷായമൊ കുടിപ്പിക്കണം. ത്വഗ്രോഗങ്ങളിലൊക്കെയും വേപ്പിൻതൊലിയൊ, ആടലോടകവേരൊ കഷായംവെച്ചു കൊടുക്കണം. ക്രിമികോഷ്ഠങ്ങളിൽ[6] വിഴാലരി പൊടിച്ചിട്ട ഗോമൂത്രം കുടിപ്പിക്കണം. ക്ഷതമൊ, ക്ഷയമൊ ഉണ്ടായാൽ ചുക്ക്, തിപ്പലി, മുന്തിരിങ്ങ,

---

1. കരഗ്രഹം = തുമ്പിക്കൈ പിടിക്കുമ്പോൾ വേദന.
2. ഉൽകണ്ണകം = കണ്ണുരോഗം, ചെവിക്കുത്ത്.
3. ഗളഗ്രഹം = കഴുത്തിൽ പിടിച്ചുവലിക്കുന്നതുപോലെയുള്ള വേദന.
4. മൂത്രഭംഗം = മൂത്രം ഒഴിഞ്ഞുപോകുന്നതിൽ പ്രതിബന്ധം.
5. അമ്ലലവണങ്ങൾ = ഇന്തുപ്പ്, വിളയുപ്പ്, കറുത്തുപ്പ്, വെടിയുപ്പ്, മണ്ണുപ്പ്, ഉവരുപ്പ്, തുവർച്ചിലയുപ്പ്, കല്ലുപ്പ്.
6. ക്രിമികോഷ്ഠം = വയറ്റിൽ പുഴു.

Since 1923

പഞ്ചസാര ഇവയിട്ടു വെച്ച പാലൊ മാംസരസമൊ കൊടുക്കണം. അരുചിയിങ്കൽ ചുക്കും മുളകും തിപ്പലിയും ചേൎത്ത മുൽഗൌദനം (ചെറുപയറും അരിയുംകൂടി വെച്ച ചോറു്) നല്ലതാണു്. ഗുല്മരോഗത്തിങ്കൽ ത്രികോല്പക്കൊന്ന, ചുക്കു്, മുളകു്, തിപ്പലി, കൊടുവേലിക്കിഴങ്ങു്, നാഗദന്തിവേരു്, എരുക്കിൻവേരു്, നാൽക്കോല്പക്കൊന്ന, പാൽ, അത്തിത്തിപ്പലി ഇവ ചേൎത്തതോ, ഇവകൊണ്ടു കാച്ചിയതോ ആയ എണ്ണ സേവിപ്പിക്കണം. ചെറുപയററിൻചാർകൂട്ടി നവരയരിച്ചോറും കൊടുക്കാം. കടരോഗങ്ങളിൽ (കവിറുവീൎപ്പുകളിൽ) ഇളയ കൂവളക്കായ്ക്കും അരച്ചു പുരട്ടുന്നതു നന്നു്. എല്ലാവിധം വയറുവേദനകളിലും വിഴാലരി, കടുകപ്പാലയരി, കായം, ചരളം, മഞ്ഞൾ, മരമഞ്ഞൾ ഇവയുടെ പൊടി കൂട്ടി കുഴച്ചു ചോററുരുളകൾ രാവിലെ കൊടുക്കണം.

ആനകൾക്കു് ഉത്തമാഹാരം നവരച്ചോറു്, വ്രീഹിയരിച്ചോറു്, ചെന്നെല്ലരിച്ചോറു് ഇവയാകുന്നു. യവച്ചോറും ഗോതമ്പച്ചോറും മദ്ധ്യമമത്രെ. മററുള്ളവ അധമങ്ങളുമാകുന്നു. യവവും കരിമ്പും ഗജങ്ങൾക്കു ബലം വൎദ്ധിപ്പിക്കുന്നവയാകുന്നു. ഉണങ്ങിയ യവച്ചോറു് അവയ്ക്കു ധാതുകോപമുണ്ടാക്കും. മദംകൊണ്ടു മെലിഞ്ഞുപോയ ഗജത്തിന്നു പാൽ കൊടുക്കുന്നതും, ദീപനീയങ്ങളായ ദ്രവ്യങ്ങളെക്കൊണ്ടുണ്ടാക്കിയ മാംസരസം കൊടുക്കുന്നതും നല്ലതത്രെ.

യുദ്ധത്തിൽ ആനകൾക്കു വലിയ ആപത്തു നേരിട്ടാൽ കാക്ക, കോഴി, കയിൽ, ഹരി മുതലായവയുടെ മാംസപിണ്ഡം തേൻ ചേൎത്തു കൊടുക്കുന്നതുത്തമമാകുന്നു. മുളകു്, മത്സ്യം, വിഴാലരി, കാരം, പുട്ടൽപീരം, മരമഞ്ഞൾ ഈ മരുന്നുകളെക്കൊണ്ടുള്ള പുകയേല്പിക്കുന്നതു് ആനകൾക്കു ജയപ്രദമത്രേ. തിപ്പലി, തണ്ഡുലം, എണ്ണ, പൂന്തേൻ, തേൻ ഇവ യോജിപ്പിച്ചു കണ്ണുകളിൽ ഒഴുക്കുന്നതു ദീപനീയവും നല്ലതുമാകുന്നു. ചടകപ്പക്ഷി, പാരാവതമെന്ന പ്രാവു് ഇവയുടെ പുരീഷവും നാല്പാമരത്തൊലചക്കുറിയും പ്രസന്നാമദ്യവും കൂടിയ അഞ്ജനവും നന്നു്. ഈ അഞ്ജനം കണ്ണിലെഴുതിയ ഗജം പോരിൽ ശത്രുക്കൾക്കു പരാജയം വരുത്തും. നീലോല്പലം, മുത്തങ്ങ, തകരം ഇവ അരിക്കാടിയിലരച്ചു കണ്ണിൽ നിറയ്ക്കുന്നതും ഉത്തമമത്രേ.

ആനകൾക്കു നഖം വളൎന്നാൽ മാസത്തിലൊരിക്കൽ നഖം മുറിക്കണം. മാസത്തിലൊരിക്കൽ എണ്ണ തേപ്പിക്കയും വേണം. ആനപ്പന്തിയിൽ അവയ്ക്കു കിടക്കുന്നതിന്നു് ചാണകവരടികൊണ്ടും പൊടികൾകൊണ്ടും ശയ്യയിട്ടുകൊടുക്കണം. ശരൽക്കാലത്തും ഗ്രീഷ്മൎത്തുവിലും നെയ്കൊണ്ടു സേകംചെയ്യുന്നതും നല്ലതാണു്.

Since1923

# അദ്ധ്യായം ൧൦.

ധന്വന്തരി:—ഇനി ഞാൻ അശ്വവാഹനത്തിന്റെ സാരത്തേയും, അശ്വചികിത്സയേയും പറഞ്ഞുതരാം.

രാജാവ് ധർമ്മാർത്ഥങ്ങളുടെ സിദ്ധിയ്ക്കായിക്കൊണ്ട് നല്ല കുതിരകളെ സംഗ്രഹിക്കേണ്ടതാണ്. അശ്വതി, തിരുവോണം, അത്തം, ഉത്രം, ഉത്രാടം, ഉത്രട്ടാതി എന്നീ നക്ഷത്രങ്ങൾ, ഒന്നാമതായി കുതിരപ്പുറത്തു കയറുവാൻ ശുഭങ്ങളാകുന്നു. ഹേമന്തം, ശിശിരം, വസന്തം എന്നീ ഋതുക്കളിൽ കുതിരപ്പുറത്തു കയറി യാത്രചെയ്യാം. ഗ്രീഷ്മഋതു, ശരദൃതു, വർഷഋതു എന്നിവയിൽ അശ്വവാഹനം നിഷിദ്ധവുമാകുന്നു.

അശ്വങ്ങളെ തീവ്രങ്ങളായ ദണ്ഡങ്ങളെക്കൊണ്ടോ, സ്ഥാനമല്ലാത്തിടത്തോ (മർമ്മാദികളിലോ) പ്രഹരിക്കരുത്. ആണികം, അസ്ഥികം എന്നിവ ധാരാളമുള്ളതോ, സമമല്ലാത്തതോ, മുള്ളുകൾ നിറഞ്ഞതോ, മണൽ—ചളി ഇവയാൽ മൂടപ്പെട്ടതോ, കണ്ടകളും കുഴികളും നിറഞ്ഞു ദൂഷിച്ചിട്ടുള്ളതോ ആയ സ്ഥലത്ത്, കുതിരകളുടെ ഹൃദയമറിയാതെയും ഉപായചിന്തയെച്ചെയ്യാതെയും കുതിരപ്പുറത്ത് ആർ യാത്ര ചെയ്യുന്നുവോ, പൃഷ്ഠസ്ഥിതനായ അവനെ കുതിരതന്നെ വലിച്ചുകൊണ്ടു പോകുന്നു.

കുതിരകളുടെ ഛന്ദം (ഹൃദയം) സുകൃതികളും ബുദ്ധിമാന്മാരുമായ ദുർല്ലഭം ചിലർ മാത്രമേ അറിയുകയുള്ളൂ. എന്നാൽ ഒരു കുതിരയുടെ വാഹകനായവൻ, ശാസ്ത്രജ്ഞാനം കൂടാതെയും, നിത്യാഭ്യാസം—അഭിയോഗം എന്നിവകൊണ്ട് ആ കുതിരയുടെ അന്തർഗ്ഗതമറിവാൻ ശക്തനാകുന്നതാണ്.

കുതിരയെ ആദ്യമായി സ്നാനംചെയ്യിച്ച്, കിഴക്കോട്ടഭിമുഖമാക്കി നിറുത്തി, അതിന്റെ ദേഹത്തിൽ ദേവന്മാരെ ന്യാസംചെയ്യണം. ഏതു ദേവനെ ന്യാസംചെയ്യുന്നുവോ ആ ദേവന്റെ നാമത്തെ ചതുർത്ഥ്യന്തമാക്കി, ആദിയിൽ പ്രണവവും ഒടുവിൽ പ്രണവവും കൂട്ടി, ആ ദേവന്റെ ബീജത്തോടുകൂടി വേണം ന്യാസംചെയ്വാൻ. ചിത്തത്തിൽ ബ്രഹ്മാവ്, പരാക്രമത്തിൽ ഗരുഡൻ, പാർശ്വത്തിൽ രുദ്രന്മാർ, ബുദ്ധിയിൽ ബൃഹസ്പതി, മർമ്മങ്ങളിൽ വിശ്വദേവന്മാർ, കൺകുട്—ദൃഷ്ടി ഇവയിൽ ചന്ദ്രസൂര്യന്മാർ, കണ്ണങ്ങളിൽ അശ്വിദേവന്മാർ, ജഠരത്തിൽ അഗ്നി, സ്വേദത്തിൽ സ്വധ, ജിഹ്വയിൽ വാഗ്ദേവി, വേഗത്തിൽ വായു, പൃഷ്ഠത്തിൽ നാകപൃഷ്ഠൻ, ഖുരാഗ്രത്തിൽ പർവ്വതങ്ങൾ, രോമകൂപങ്ങളിൽ നക്ഷത്രങ്ങൾ, ഹൃദയത്തിൽ ചന്ദ്രകല, തേജസ്സിൽ അഗ്നി, ശ്രോണിയിൽ രതി, ലലാടത്തിൽ ജഗൽപതി, ഹേഷാരവത്തിൽ നവഗ്ര

ഹങ്ങൾ, മാറിടത്തിൽ വാസുകി - ഇങ്ങനെയാണ് ദേവതാന്യാസത്തിനുള്ള സ്ഥാനവും ക്രമവും.

അശ്വസാദി ഉപവാസമനുഷ്ഠിച്ച് അശ്വത്തെപ്പൂജിച്ച്, അതിന്റെ വലത്തേ ചെവിയിൽ താഴെ എഴുതുന്ന മന്ത്രം ജപിക്കണം:—

(മന്ത്രം)

ഹയ! ഗന്ധർവ്വരാജസ്ത്വം—ശൃണുഷ്വ വചനം മമ
ഗന്ധർവ്വകുലജാതസ്ത്വം—മാ ഭൂസ്ത്വം കുലദൂഷകഃ ॥
ദ്വിജാനാം സത്യവാക്യേന—സോമസ്യ ഗരുഡസ്യ ച
രുദ്രസ്യ വരുണസ്യൈവ—പവനസ്യ ബലേന ച ॥
ഹുതാശനസ്യ ദീപ്ത്യാ ച—സ്മര ജാതിം തുരംഗമ
സ്മര രാജേന്ദ്രപുത്രസ്ത്വം സത്യവാക്യമനുസ്മര ॥
സ്മര ത്വം വാരുണീം കന്യാം—സ്മര ത്വം കൌസ്തുഭം മണിം
ക്ഷീരോദസാഗരേ ചൈവ—മഥ്യമാനേ സുരാസുരൈഃ ॥
തത്ര ദേവകുലേ ജാതഃ—സ്വവാക്യം പരിപാലയ
കുലേ ജാതസ്ത്വമശ്വാനാം—മിത്രം മേ ഭവ ശാശ്വതം ॥
ശൃണു മിത്രം ത്വമേതച്ച—സിദ്ധോ മേ ഭവ വാഹന
വിജയം രക്ഷ മാം ചൈവ—സമരേ സിദ്ധിമാവഹ ॥
തവ പൃഷ്ഠം സമാരുഹ്യ—ഹതാ ദൈത്യാസ്സുരൈഃ പുരാ
അധുനാ ത്വാം സമാരുഹ്യ - ജേഷ്യാമി രിപുവാഹിനീം. *

ഈ മന്ത്രം ചെവികളിൽ ജപിച്ചതിൽപ്പിന്നെ, സാദി ശത്രുക്കളെ മോഹിപ്പിച്ച്, കുതിരയ്ക്കു പല്ല്യയനം കെട്ടിച്ച്, അതിന്റെ പുറത്തു കയറണം. എന്നിട്ട് യുദ്ധം ചെയ്താൽ തീർച്ചയായും ജയം കൈവരും. കുതിരകൾക്കു മിക്കതും സ്വശരീരംകൊണ്ടുതന്നെയാണ് ദോഷങ്ങളുണ്ടാകുന്നത്. നിപുണന്മാരായ സാദികൾ അതിപ്രയത്നംചെയ്ത് ആ വക ദോഷങ്ങളെക്കളയുകയും, ഗുണങ്ങളുണ്ടാക്കുകയും വേണം. സാദിശ്രേഷ്ഠന്മാരിൽനിന്നു കുതിരകൾക്കുണ്ടാകുന്ന ഗുണങ്ങൾ സഹജഗുണങ്ങളെന്ന

---

* സാരം:— അല്ലയോ ഹയമേ, ഭവാൻ ഗന്ധർവ്വരാജാവാണ്; എന്റെ വാക്കു കേൾക്കുക. ഗന്ധർവ്വവംശത്തിൽ പിറന്ന നീ വംശം ദുഷിപ്പിക്കരുത്. ബ്രാഹ്മണരുടെ സത്യവും, സോമ-ഗരുഡന്മാരുടെ വരുണ-പവനന്മാരുടെ ബലവും, അഗ്നിയുടെ ദീപ്തിയുംകൊണ്ടു ഭവാൻ ജയിക്കുന്നു. ഹേ തുരഗമേ! നീ നിന്റെ ജാതിയെ ഓർത്താലും. നീ രാജേന്ദ്രപുത്രനാണെന്നും ഓർത്താലും. സത്യവാക്യവും സ്മരിക്കുക. വരുണകന്യകയേയും കൌസ്തുഭരത്നത്തേയും സ്മരിക്കുക. ദേവാസുരന്മാർ ക്ഷീരസാഗരം കടയുമ്പോൾ അതിൽനിന്നു ദേവവംശത്തിലവതരിച്ച നീ സ്വവചനത്തെ രക്ഷിച്ചാലും. അശ്വവംശജനായ നീ എനിക്കെന്നെന്നും മിത്രമായിരിക്കുക. മിത്രമായ നീ കേൾക്കണം, എനിക്കു നീ സിദ്ധനായിരുന്നാലും; വിജയം നൽകുകയും എന്നെ രക്ഷിക്കയും, യുദ്ധത്തിൽ ജയം ഉണ്ടാക്കുകയും ചെയ്ക. പണ്ടു ദേവന്മാർ നിന്റെ പുറത്തു കയറിയാണ് അസുരന്മാരെ ജയിച്ചത്. ഇപ്പോൾ ഞാനും നിന്റെ പുറമേറി ശത്രുസൈന്യത്തെ ജയിക്കുന്നു.

പോലെയിരിക്കുന്നതായി കാണപ്പെടുന്നു. നൈപുണ്യമില്ലാത്തവരായ സാദികൾ കുതിരകൾക്കു സഹജങ്ങളായുള്ള ഗുണങ്ങളെക്കൂടിയും നശിപ്പിക്കും. ഒരുവൻ ഗുണങ്ങളെ അറിയുന്നു; മറ്റൊരുവൻ, അങ്ങനെ തന്നെ, ദോഷങ്ങളേയും അറിയുന്നു. എന്നാൽ ഭാഗ്യവാനും ബുദ്ധിമാനുമായവൻ മാത്രമേ കുതിരയെ ശരിയായിട്ടറിയുന്നുള്ളു. മന്ദബുദ്ധിയായവൻ രണ്ടും അറിയുന്നതുമില്ല. കർമ്മമറിയാത്തവൻ, ഉപായമറിയാത്തവൻ, വേഗത്തെപ്പറ്റി അത്യാശയുള്ളവൻ, അതികോപമുള്ളവൻ, മദ്ധ്യത്തിൽ അധികം ദണ്ഡിക്കുന്നവൻ, ഇങ്ങനെയെല്ലാമുള്ള സാദി, എത്രതന്നെ മിടുക്കനായിരുന്നാലും, കുതിരയെ നടത്തുവാൻ പറ്റുകയില്ല. ഉപായമറിയുന്നവനും, അശ്വഹൃദയജ്ഞനും, വിശ്രുതനും, ദോഷങ്ങളെക്കളഞ്ഞു ഗുണങ്ങളെക്കൊള്ളുന്നതിൽ തല്പരനുമായ സാദിയാകട്ടെ അശ്വങ്ങളെ കൊണ്ടു വേണ്ട എല്ലാകർമ്മങ്ങളിലും നിപുണനായിരിക്കും.

അശ്വസാദി, അശ്വത്തെ പ്രഗ്രഹം (കയറ്) കൊണ്ടു പിടിച്ച്, വാഹഭൂമിയിൽ പ്രവേശിപ്പിച്ച് ഇടത്തും വലത്തുമായി കുറെ നടത്തണം. പുറത്തു കയറിയ ഉടനെ അശ്വത്തെ പ്രഹരിക്കരുത്. പ്രഹരിച്ചാൽ കുതിര ഭയപ്പെടുകയും, ഭയപ്പെട്ടാൽ മോഹാലസ്യപ്പെടുകയും ചെയ്യും. രാവിലെ സാദി കടിഞ്ഞാൺ പിടിച്ച് പ്ലുതഗതിയായി കുറെ നടത്തണം, ......അശ്വത്തെ ആശ്വസിപ്പിക്കുന്നതു സാമമാകുന്നു. കശ മുതലായവ കൊണ്ടുള്ള താഡനം ദണ്ഡവും, കാലസഹിഷ്ണുത (വിശ്രമത്തിന്നു സമയം കൊടുക്കൽ) ദാനവുമത്രെ. ഇവയിൽ ആദ്യാമദ്ധ്യം പറഞ്ഞതു പ്രയോഗിച്ചതിന്നുശേഷമേ പിമ്പു പിമ്പു പറഞ്ഞതിനെ പ്രയോഗിക്കാവൂ.

കുതിരയുടെ ജിഹ്വാതലത്തിൽ തട്ടത്തക്കവിധം കോറായ്ക്കളോടു ചേർത്തു വല്ഗയെ ബന്ധിച്ച് അതുകൊണ്ടു വാഹനത്തേയും ഹയത്തേയും കൂട്ടിച്ചേർത്തു കുതിരയെ ഓടിക്കണം. ഈ വല്ഗാബന്ധം ശിഥിലമാകുമ്പോൾ പതുക്കെപ്പതുക്കെ ഉറപ്പിക്കണം. കുതിരയുടെ ജിഹ്വാതലം വേദനപ്പെടുമ്പോൾ ജിഹ്വാഗ്രന്ഥിയെ പതുക്കെ അയയ്ക്കേണ്ടതാണ്. എന്നാൽ, കുതിര അതിന്റെ സ്തോഭത്തെ കൈവിടുന്നതു വരെ ബന്ധദാർഢ്യം കുറയ്ക്കുകയുമരുത്. കുതിര വിസർജ്ജനം ചെയ്യുമ്പോൾ അതിന്റ ഉരസ്ഥാനത്തെ ബന്ധിക്കണം. സ്വതേ ഊർദ്ധ്വമുഖമായിട്ടുള്ള കുതിരയുടെ ഉരസ്ഥാനത്തെ അഴിക്കാതെകണ്ടുതന്നെ ഉറപ്പിക്കേണ്ടതാണ്.

സാദിശ്രേഷ്ഠൻ അശ്വത്തെ ലീലാദൃഷ്ടിയാൽ നോക്കിക്കൊണ്ടു വേണം അതിനെത്തെളിക്കുവാൻ. സാദി, തന്റെ രണ്ടു കാലുകളും മുന്നോട്ടു നീട്ടി ഇടത്തുകാൽകൊണ്ട് ഇടത്തേ വല്ഗയും വലത്തുകാൽ കൊണ്ട് വലത്തെ വല്ഗയും ചവിട്ടിക്കൊണ്ടിരിക്കണം. ഇങ്ങനെയാണ 'മോടകം' എന്ന ഗതിയിൽ ചെയ്യേണ്ടതു്. 'ഖലി'യിലാകട്ടെ മേല്പറഞ്ഞതിൽ ഇടത്തേതു വേണ്ടതില്ല. മുഖവ്യാവർത്തനം കുതിരയുടെ സ്വഭാ

വമാകുന്നു. ഇങ്ങനെ ചെയ്യുമ്പോൾ കുതിരകളുടെ പാദഗ്രഹണത്തിന്നു കാരണങ്ങൾ ഉണ്ടാകയുമില്ല.

കുതിരയെ വിസ്രംഭത്തോടുകൂടി നോക്കിക്കൊണ്ടും ആസനത്തെ ദൃഢമായി ഉറപ്പിച്ചുകൊണ്ടും മുഖത്തിങ്കൽ രോകണം (?) ചെയ്തുകൊണ്ടും ഓടിക്കുന്നതിന്നു് 'പാദം' എന്നു പേർ പറയുന്നു. അപ്രകാരംതന്നെ, കാലുകൾ വല്ഗയോടു ചേൎത്തുള്ളതിന്നു് 'വാഞ്ഛിതം' എന്നും, വല്ഗയെ വിട്ടുംകൊണ്ടുള്ളതിന്നു 'വല്ഗനം' എന്നും പേരാകുന്നു. പിന്നിൽ മടമ്പു തട്ടിച്ചുംകൊണ്ടുള്ളതിനെ 'മോടനം' എന്നും പറയുന്നു. ബുദ്ധിമാനായ സാദി, അശ്വത്തിൻെറ പ്രളയവിപ്ലവങ്ങളറിഞ്ഞു നാലാമതു പറയപ്പെട്ട മോടനംകൊണ്ടു് അതിനെ ഓടിക്കണം.

കുതിരകളുടെ ചംക്രമണങ്ങളിൽ ഒന്നു 'ലാഘുമണ്ഡലം' ആകുന്നു; അതിങ്കൽ അശ്വം, കാലുകൾ കീഴ്പോട്ടു് ഊന്നാതെകണ്ടു് ഓടും. 'ഊശിത'ത്തിങ്കൽ കാലുകളെ മോടനംചെയ്കയും ഉൽകമ്പനംചെയ്കയും ചെയ്തു് ഗമിയ്ക്കും. സാദിയുടെ ആസനത്തെ ഉറപ്പിക്കുമാറു് കാലുകൾ പതുക്കെ വെച്ചുംകൊണ്ടുള്ള ഗമനത്തിന്നു 'സംഗ്രഹണം' എന്നു പേർ; സംഗ്രഹം(പിടുത്തം) ചെയ്തുംകൊണ്ടുള്ളതാകയാലാണു് ഈ പേർ വന്നതു്. പാദങ്ങളെക്കൊണ്ടു പാർശ്വങ്ങളിൽ പ്രഹരിച്ചും സ്വസ്ഥാനത്തുനിന്നു തെററാതെയും വല്ഗയെ വലിച്ചും ഓടുന്നതിന്നു് 'കണ്ടകപായനം' എന്നു പേർ. ഉൽക്കണ്ഠിതമായ പാദംകൊണ്ടു് സാദിയുടെ പാർഷ്ണിപാദങ്ങളെ ഖലീകരിച്ചുംകൊണ്ടുള്ള ഗമനത്തിന്നു 'ഖലീകാരം' എന്നു പേർ. പ്രിയനായവൻ ആദ്യത്തെ മൂന്നു ഗതികളിലും പാദത്തെ ആദാനംചെയ്കയില്ല. യാതൊരു ഗതിയിൽ പാദഘാതത്തോടും ദണ്ഡപ്രഹാരത്തോടും കൂടി അശ്വം നടത്തപ്പെടുന്നുവോ അതിന്നു 'ഗഹനം' എന്നു പേർ. ......സാദി, ആദ്യത്തെ മൂന്നു ഗതികളിലും യഥാക്രമം അശ്വത്തെ പരിശീലിപ്പിച്ചതിന്നുശേഷം മണ്ഡലാദികളായ പഞ്ചധാരകളിൽ പരിചയം വരുത്തണം.

കാൽമുട്ടുകൾ നിവൎത്തിയും മുഖമുയൎത്തിയും ഓടുന്ന കുതിരയെ അറിവുള്ളവനായ സാദി, ശിഥിലമാംവണ്ണം നടത്തണം. കുതിരകളെ, അവയുടെ അംഗങ്ങളിൽ ലാഘവം വരുന്നതുവരെ ഓടിയ്ക്കണം. മുഖത്തിൽ ലാഘവവും, സ്കന്ധത്തിൽ മാർദ്ദവവും, സർവ്വസന്ധികളിൽ [illegible]വും വരുന്നതെപ്പോഴാണോ അപ്പോൾ, കുതിര അതിൻെറ സാദിക്കു വശ്യനായി വരും. അങ്ങനെ വന്നാൽ സാദി അതിനെ പിടിച്ചു നിറുത്തണം. അശ്വം സാധുവായി വന്നാലപ്പോൾ പിൻകാൽ വിടാതെകണ്ടു്, കൈകളാൽ വല്ഗയെ ആകൎഷിക്കണം. എന്നാൽ അതു് [illegible]കദേശം ശരിയാക്കി, കഴുത്തുയൎത്തി, മുഖം സമീകരിച്ചുംകൊണ്ടു് സ്ഥിതിചെയ്യും. കുതിര അതിൻെറ പിൻകാലുകൾ ഭൂമിയിലും മുൻകാലുകൾ ആകാശത്തുമാക്കി അതിവേഗത്തിൽ ധാവനംചെയ്യുമ്പോൾ വല്ഗയെ മുഷ്ടി

Since1923

കൊണ്ടു പിടിച്ചു് അതിനെ നിറുത്തണം. ഇപ്രകാരം വലിച്ചാൽ പെട്ടെന്നു നിന്നിട്ടില്ലെങ്കിലും, ശരീരത്തെ വിക്ഷേപിച്ചുവെങ്കിലും അതിനെ വട്ടത്തിലോടിച്ചു നിറുത്തേണ്ടതാണു്. സ്കന്ധത്തെ വ്യാക്ഷേപിയ്ക്കുന്നതായ കുതിരയെ വല്ഗകൊണ്ടുതന്നെ നിറുത്താം.

അശ്വങ്ങൾക്കു് ഈച്ച മുതലായ പ്രാണികൾ കടിച്ചുണ്ടാകുന്ന ശ്രമം തീൎക്കുവാൻ ചാണകം, ഗോമൂത്രം, മണ്ണു് ഇവ കൂട്ടിവിരകി അതുകൊണ്ടു് അംഗങ്ങളിൽ ലേപനംചെയ്യുന്നതു് നല്ലതാകുന്നു. ഭദ്രാദി ജാതികളിൽപ്പിറന്ന കുതിരകൾക്കു മദ്ധ്യത്തിങ്കൽ മണ്ഡംകൊടുക്കുന്നതു് കൊള്ളാം. ഭയങ്കീടങ്ങൾ കടിക്കുകയോ വിശപ്പേല്ക്കുകയോ ചെയ്താൽ കുതിരയ്ക്കു് ഉത്സാഹമില്ലാതായി വരും.

അശ്വം എങ്ങനെ ചെയ്താൽ വശപ്പെട്ടുമോ അങ്ങനെ അതിനെ ശിക്ഷിക്കണം. അധികമായി ഓടിച്ചാൽ കുതിരകൾ നശിക്കും. ഒട്ടും ഓടിയ്ക്കാതിരുന്നാലോ സിദ്ധി വരികയുമില്ല. മുഖം പൊക്കുന്നതായിക്കണ്ടാൽ അതിനെ ഓടിയ്ക്കുകതന്നെ വേണം. കാൽമുട്ടുകൾകൊണ്ടു നല്ലവണ്ണം പീഡനംചെയ്തു് മുഷ്ടിയെ ഉറപ്പിച്ചുംകൊണ്ടുവേണം ഓടിക്കുവാൻ. ഗോമൂത്ര, കുടില, വേണി, പദ്മമണ്ഡല, പദ്മമാലിക എന്നിങ്ങനെ അശ്വങ്ങളുടെ നില്പു് അഞ്ചുവിധമത്രേ. ഇവയ്ക്കു പഞ്ചോലൂഖലികകൾ എന്നു പ്രസിദ്ധിയുണ്ടു്. ഇപ്രകാരംതന്നെ സംക്ഷിപ്തം, വിക്ഷിപ്തം, കുഞ്ചിതം, ആചിതം, വല്ഗിതം, അവല്ഗിതം എന്നിങ്ങനെ അശ്വവല്ഗിതങ്ങളും ആറുവിധമത്രേ. വല്ഗിതത്തിനുള്ള വീഥി നൂറു വില്പാടു്, എണ്പതു വില്പാടു്, തൊണ്ണൂറു വില്പാടു് ഇവയിലൊരു കണക്കിൽ ആകാം.

ഭദ്രം, മന്ദം, മൃഗം, സംകീൎണ്ണം എന്നിങ്ങനെ അശ്വങ്ങൾ നാലു ജാതികളാകുന്നു. ഇവയിൽ ഭദ്രജാതി എളുപ്പത്തിൽ സാധിക്കാവുന്നതത്രേ. മന്ദജാതി നല്ലവണ്ണം ദണ്ഡം പ്രയോഗിച്ചാലേ വശപ്പെടുകയുള്ളു. മൃഗജാതി മൃഗത്തിന്റെ (മാനിന്റെ) കണംകാലുകൾക്കൊത്ത കണംകാലുകളോടു കൂടിയതായിരിക്കും. സംകീൎണ്ണജാതിയിൽ ഇപ്പറഞ്ഞ ലക്ഷണങ്ങൾ ഇടകലൎന്നിരിക്കും. ഇതുപോലെ തന്നെ മററു ചില സംഗതികളെക്കൊണ്ടു് അശ്വങ്ങളെ ബ്രാഹ്മണാദികളായ നാലു ജാതികളായും തിരിയ്ക്കാം. പഞ്ചസാര, തേൻ, മലർ ഇവ ഭക്ഷിക്കുന്നതും നല്ല മണമുള്ളതുമായ കുതിര ബ്രാഹ്മണജാതിയത്രേ. രാജസപ്രിയും വിനീതവും ബുദ്ധിമത്തുമായ അശ്വം ക്ഷത്രിയജാതിയാകുന്നു. (ഈ ഗുണങ്ങളിൽ സ്വല്പം താന്നിരിക്കുന്നതു വൈശ്യജാതിയത്രേ?) അശുചിയും, ചപലവും, മന്ദവും, വിരൂപവും, വിമതിയും, സ്നേഹമില്ലാത്തതും, പിടിച്ചു നിറുത്തുമ്പോൾ ലാലാജലത്തെ സ്രവിപ്പിയ്ക്കുന്നതുമായ അശ്വം ശൂദ്രജാതിയുമാകുന്നു. ഈ ശൂദ്രജാതിയിലുള്ള കുതിരയെ കടിഞ്ഞാണു മുറുകെപ്പിടിക്കുകയും അയച്ചുവിടുകയും ചെയ്തുംകൊണ്ടു വേണം ഓടിക്കുവാൻ.

ഇനി, ശാലിഹോത്രൻ പറഞ്ഞപ്രകാരമുള്ള അശ്വങ്ങളുടെ ലക്ഷണം പറയാം.

———:o:———

## അദ്ധ്യായം ൧൧.

ശാലിഹോത്രൻ:—അല്ലയോ സുശ്രുത, ഇനി ഞാൻ അശ്വങ്ങളുടെ ലക്ഷണവും ചികിത്സയും പറയാം.

പല്ലുകൾ തികച്ചില്ലാത്തതോ, പല്ലുകൾക്കു വൈകല്യമുള്ളതോ, കരാളമായിട്ടുള്ളതോ, കറുത്ത താലുപ്രദേശത്തോടുകൂടിയതോ, നാവു കറുത്തതോ, ഇരട്ട പ്രസവിച്ചതോ, മുഷ്കം (ഉടമണി) ഇല്ലാത്തതോ രണ്ടു കുളമ്പുള്ളതോ, ശൃംഗങ്ങളുള്ളതോ, മൂന്നു വർണ്ണങ്ങളുള്ളതോ, വ്യാഘ്രത്തിന്റെ വർണ്ണത്തോടൊത്ത വർണ്ണമുള്ളതോ, ഖരവർണ്ണമായിട്ടുള്ളതോ, ഭസ്മവർണ്ണത്തോടുകൂടിയതോ, വർണ്ണഗുണമില്ലാത്തതോ, കകുത്തു(പൂഞ്ഞ)ള്ളതോ, ശ്വിത്രം (പാണ്ടു്) ഉള്ളതോ, കാകസാദി (?) യായിട്ടുള്ളതോ, ഖരസാരമായിട്ടുള്ളതോ, കുരങ്ങിന്റെ കണ്ണുകൾപോലെയുള്ള കണ്ണുകളോടുകൂടിയതോ, കറുത്ത സടകളുള്ളതോ, കറുത്ത ഗുഹ്യത്തോടുകൂടിയതോ, തിത്തിരിതുല്യമായിട്ടുള്ളതോ, സമമല്ലാത്തതോ, വെളുത്ത കാലുകളോടുകൂടിയതോ, നിശ്ചിതമായ ഒരാവർത്തമില്ലാത്തതോ, അശുഭമായ ആവർത്തത്തോടുകൂടിയതോ ആയിട്ടുള്ള കുതിരയെ വർജ്ജിക്കണം.

രന്ധ്രത്തിലും ഉപരന്ധ്രത്തിലും ഈരണ്ടും, മസ്തകത്തിലും മാറത്തും ഈരണ്ടും, നെററിയിൽ ഒന്നും, കണ്ഠത്തിൽ ഒന്നും എന്നിങ്ങനെ പത്തു് ആവർത്തങ്ങൾ (പൂട്ടുകൾ) ഉണ്ടായിരിക്കുന്നതു് ശുഭമാകുന്നു. സൃക്കിണി (കോറായ), ലലാടം, കണ്ണുമൂലം, നിഗാളം, ബാഹുമൂലം, കഴുത്തു് ഇവയിലും ആവർത്തനങ്ങളുണ്ടാകുന്നതു് ശുഭമാകുന്നു; ശേഷം സ്ഥാനങ്ങളിലായാൽ അശുഭങ്ങളാകുന്നു. ശുകവർണ്ണം, ഇന്ദ്രഗോപപ്പുഴുവിന്റെ വർണ്ണം, ചന്ദ്രവർണ്ണം, കാകവർണ്ണം എന്നിവയോ സ്വർണ്ണവർണ്ണമോ ഉള്ളവയും സ്നിഗ്ദ്ധതയുള്ളവയുമായ കുതിരകൾ ശ്രേഷ്ഠങ്ങളത്രെ. നീണ്ട കഴുത്തും നെടിയ കൺപുരികമുള്ളവയും ചെവി കുറുകിയവയുമായ അശ്വങ്ങളും ശോഭനങ്ങളാകുന്നു. രാജതുരഗങ്ങൾ എവിടെയുണ്ടോ അവിടെ വിജയം കൈവരുമെന്നു കരുതേണ്ടതില്ല. കുതിര, ആന എന്നിവയെ വഴിപോലെ രക്ഷിച്ചാൽ ശുഭപ്രദമായിബ്ഭവിക്കും; മറിച്ചായാൽ അശുഭപ്രദവുമായിരിക്കും. ശ്രീയുടെ പുത്രന്മാരും ഗന്ധർവന്മാരുമായ കുതിരകൾ [illegible]മമായ രത്നമാകുന്നു. അതിന്നു വലിയ ശുദ്ധിയുണ്ടാകയാലാണു് അശ്വമേധമെന്ന യാഗത്തിങ്കൽ അതിനെ ഹോമിക്കുന്നതു്.

ആടലോടകവേരു്, വേപ്പിൻതൊലി, ചിററരത്തു്, ദന്തിവേരു്, വെൾവഴതിനവേരു്, ചരളം ഇവകൊണ്ടുള്ള പിണ്ഡീസ്വേദം കുതിരയ്ക്കു

Since 1923

നല്ലതാകുന്നു. അപ്രകാരംതന്നെ കായം, പുഷ്കരമൂലം, ചുക്ക്, ഞെരിഞ്ഞാമ്പുളി, തിപ്പലി, ഇന്തുപ്പ് ഇവ ചൂടുള്ള വെള്ളത്തിൽ ചേൎത്തു കൊടുത്താൽ കുതിരയുടെ വയറുവേദന ശമിക്കും. ചുക്ക്, അതിവിടയം, മുത്തങ്ങ, കൂവളവേര് ഇവകൊണ്ടുള്ള കഷായം കൊടുത്താറി കുതിരയുടെ എല്ലാ അതിസാരങ്ങളും ശമിക്കും. താഴൽപ്പൂവ്, നന്നാൽക്കിഴങ്ങ് ഇവ ചതച്ചിട്ടു കുറുക്കിയ പാൽ ധാരാളം പഞ്ചസാര ചേൎത്തു കുടിപ്പിച്ചാൽ കുതിരയ്ക്കുണ്ടാകുന്ന തളൎച്ച ഒഴിഞ്ഞുപോകും. തൈലവസ്തി ചെയ്യേണ്ടിവന്നാൽ കുതിരയെ തോണിയിൽ കിടത്തി അതു ചെയ്യേണ്ടതാണ്. കോഷ്ഠത്തിലുള്ള ഞെരമ്പുകൾകൂടിയും വേണം. എന്നാൽ സുഖം കിട്ടും. അശ്വങ്ങൾക്കു ചുമയുണ്ടായാൽ ഡാഡിമനാരങ്ങ, ത്രിഫല, ചുക്ക്, മുളക്, തിപ്പലി ഇവ ശൎക്കര കൂട്ടി ഇടിച്ചുതളയാക്കി തിന്മാൻ കൊടുക്കണം. അല്ലെങ്കിൽ താഴൽപ്പൂവ്, പാച്ചോററിത്തൊലി, തേൻ ഇവ ചേൎത്തതായ വൃഷരസം (ആടലോടകനീര്) കുടിപ്പിക്കാം. അതുമല്ലെങ്കിൽ പഞ്ചകോലം* ചേൎത്തതായ പാൽ സേവിക്കാം. ഇതു ചെയ്താൽ ചുമ ശമിക്കും. കുതിരകളുടെ സ്കന്ധരോഗങ്ങളിലൊക്കെയും ആദ്യം ശോധനംചെയ്യണം. പിന്നെ എണ്ണ തേപ്പിക്കുക, തേച്ചു തിരുമ്മുക, സ്നേഹപാനം ചെയ്യിക്കുക, വൎത്തിവെയ്ക്കുക എന്നിവ നല്ലതാകുന്നു. ജ്വരമുള്ള കുതിരകൾക്കു പാൽകൊണ്ടുതന്നെയാണു ചികിത്സകൾ ചെയ്യേണ്ടതു്. പാച്ചോററിവേര്, ഉങ്ങിൻവേര്, മാതളനാരങ്ങ, കൊടുവേലിക്കിഴങ്ങ്, ചുക്ക്, കൊട്ടം, കായം, വയമ്പ്, ചുവന്നരത്ത ഇവ അരച്ചു പുരട്ടിയാൽ കുതിരകളുടെ ശോഫം (നീര്) ശമിക്കും. മഞ്ചട്ടി, ഇരട്ടിമധുരം, മുന്തിരിങ്ങ, ചെറുവഴുതിന, വെൾവഴുതിന, രക്തചന്ദനം, കാട്ടുവെള്ളരിവിത്ത്, കാട്ടുവെള്ളരിവേര്, വല്ലട്ടക്കിഴങ്ങ്, കുഴിമുത്തങ്ങ എന്നിവ ചതച്ചിട്ട് ആട്ടിൻപാൽ കുറുക്കി ആറിയാൽ പഞ്ചസാര ചേൎത്തു കൊടുക്കുക. വേറെ ഭക്ഷണമൊന്നും കൊടുക്കുകയുമരുതു്. എന്നാൽ രക്തം മൂത്രംവീഴുന്നതു ശമിക്കും.

മന്യ, താടിയെല്ല് ഇവയോടു സംബന്ധിച്ചുള്ള ഞരമ്പുകളിൽ വീക്കമോ കഴുത്തിൽ പിടിച്ചുവലിക്കുന്നതുപോലെയുള്ള വേദനയോ, കുതിരകൾക്കുണ്ടായാൽ ആ സ്ഥാനങ്ങളിൽ കടുകെണ്ണ തേപ്പിക്കുന്നതു് നല്ലതാകുന്നു. കഴുത്തിൽ പിടിച്ചുവലി തോന്നിക്കുന്നതു് പ്രായേണ അവിടെ ഉണ്ടാകുന്ന ഒരുവക വീക്കമായിരിക്കും; അതിന്നു മേല്പറഞ്ഞ ഔഷധം ശ്രേഷ്ഠമാകുന്നു. കടുക്, കൊടുവേലിക്കിഴങ്ങ്, ഇന്തുപ്പ് തിപ്പലി, കായം ഇവ തുളസിച്ചാറിൽ ചേൎത്തു് അതുകൊണ്ടു നസ്യം ചെയ്താൽ കുതിരകൾക്കു സാദം വരികയില്ല. വരട്ടുമഞ്ഞൾ, മാഞ്ചിത്തൊലി, ചെറുപ്പുന്നയരി, പാടക്കിഴങ്ങ്, തിപ്പലി, കൊട്ടം, വയമ്പ്

---

* പഞ്ചകോലം—കാട്ടുതിപ്പലി, കാട്ടുമുളക്, കൊടുവേലി, തിപ്പലി, ചുക്ക് എന്നിവ.

ഇവ പൊടിച്ചു തേനിൽ ചാലിച്ചു് ശക്കരയും ഗോമൂത്രവും ചേൎത്തു നാവിന്മേൽ പുരട്ടിയാൽ കുതിരകളുടെ ജിഹ്വാസ്തംഭം ശമിക്കും. എള്ളു്, എരട്ടിമധുരം, മഞ്ഞൾ, വേപ്പിൻതൊലി ഇവ പൊടിച്ചു കിഴികെട്ടി, തേൻചേൎത്തു് ആ കിഴി നെയ്യുംകൂട്ടി ഉഴിയുന്നതായാൽ കുതിരകളുടെ വ്രണങ്ങൾ ശോധന വന്നു് ഉണങ്ങുന്നതാണു്. അതിയായ അടികൊണ്ടു് കുതിരകളുടെ കൈകൾ ഉളുക്കി തീവ്രമായ വേദനയുണ്ടായാൽ എണ്ണ കൊണ്ടു ധാരചെയ്യേണ്ടതാണു്. എന്നാൽ പൊടുന്നനവേ വേദന ശമിക്കും. വ്രണം പഴുത്തു പൊട്ടിയാൽ പിന്നെ വരളാനുള്ള കുഴമ്പു പെരുമാറേണ്ടതാണു്. ഇതു് ദോഷകോപത്താലോ, അഭിഘാതത്താലോ ഉള്ള വ്രണങ്ങളിൽ സമമാകുന്നു........നാല്പാമരത്തൊലി, ഇരിപ്പക്കാതൽ, ഇവ ധാരാളം വെള്ളത്തിൽ തിളപ്പിച്ചു് ചെറുചൂടോടെ പെരുമാറിയാൽ വ്രണങ്ങൾ ഉണങ്ങും. ശതകുപ്പ, ചുക്കു്, ചുവന്നരത്ത, മഞ്ചട്ടി, കൊട്ടം, ഇന്തുപ്പു്, ദേവതാരം, വയമ്പു്, മഞ്ഞൾ, മരമഞ്ഞൾ, രക്തചന്ദനം ഇവ കൽക്കവും ചിററമൃതു കഷായവുമായി പാൽ ചേൎത്തു കാച്ചിയ തൈലം പുരട്ടുവാനും, വസ്തി ചെയ്വാനും, നസ്യം ചെയ്വാനും ഉപയോഗിക്കാം.

നേത്രരോഗമുള്ള കുതിരയ്ക്കു്, കണ്ണിന്റെ സമീപത്തായി അട്ടയിട്ടു ചോരകളയുന്നതു നന്നു്. കരിങ്ങാലിക്കാതൽ, അത്തിത്തൊലി, അരയാൽത്തൊലി, നെല്ലിക്ക, കൊടിത്തൂവ്വവേരു്, പുത്തരിച്ചുണ്ടവേരു്, ഞാഴൽപ്പൂവു്, കുങ്കുമം, ചിററമൃതു് ഇവ സമം അരച്ചു പുരട്ടുന്നതു് ലിംഗവ്രണത്തിങ്കൽ നല്ലതാകുന്നു. ലിംഗോല്പാതമുണ്ടായാൽ സിരാസ്രവണം ചെയ്യണം. മുഷ്കങ്ങളിൽ വീക്കമുണ്ടായാലും അങ്ങിനെതന്നെ. പെട്ടെന്നു് അപകടം വരത്തക്കവിധം ദോഷകോപമുണ്ടെങ്കിൽ ആറുവഞ്ഞി അരച്ചു പുരട്ടുന്നതു നന്നു്. പശുവിൻചാണകം, മഞ്ചട്ടി, കൊട്ടം, വരട്ടുമഞ്ഞൾ, എള്ളു്, കടുകു് ഇവ ഗോമൂത്രത്തിലരച്ചു പുരട്ടി തിരുമ്മിയാൽ കുതിരകൾക്കുള്ള ചൊറിച്ചിൽ ശമിക്കും. നാസികാരോഗത്തിങ്കൽ മേൽപ്പറഞ്ഞ ഔഷധങ്ങൾ തന്നെ കഷായംവെച്ചു് തേനും പഞ്ചസാരയും ചേൎത്തു പ്രയോഗിക്കാം.

ഏഴേഴുദിവസങ്ങൾ കൂടുമ്പോൾ കുതിരകൾക്കു്, ഇന്തുപ്പു തിന്നാൻ കൊടുക്കണം. അതിന്നു് അനുപാനമായിട്ടു് വാരുണീമദ്യവും കൊടുക്കണം. എന്നാൽ ശരൽക്കാലത്താണെങ്കിൽ അടപതിയൻകിഴങ്ങു്, കാകോളി, ക്ഷീരകാകോളി, മേദാ, മഹാമേദാ, കാട്ടുഴുന്നിൻവേരു്, കാട്ടുപയററിൻവേരു്, മുന്തിരി, തിപ്പലി, പതിമുകം ഇവയുടെ കഷായത്തിൽ പഞ്ചസാര ചേൎത്തു്. അതാണു് അനുപാനമായി കൊടുക്കേണ്ടതു്. വിഴാലരി, തിപ്പലി, കൊത്തംപാലയരി, ശതകുപ്പ, പാച്ചോററിത്തൊലി, കൊട്ടവേലിക്കിഴങ്ങു് ഇവയുടെ കഷായം ഇന്തുപ്പു ചേൎത്തുകൊടുക്കുന്നതാണു് ഹേമന്തത്തിങ്കൽ ശരിയായ അനുപാനം. പാച്ചോററി

Since 1923

ത്തൊലി, തൊഴൽപൂവ്, മുത്തങ്ങാ, തിപ്പലി, ചുക്ക് ഇവയുടെ കഷായം തേൻ ചേൎത്തു കൊടുത്താൽ വസന്തത്തിങ്കൽ ഉത്തമമായ അനുപാനമായിരിക്കും. ഇതു് കഫശമനത്തിനും നല്ലതാകുന്നു. തൊഴൽപൂവ്, തിപ്പലി, പാച്ചോററിത്തൊലി, എരട്ടിമധുരം ഇവയുടെ കഷായം ശൎക്കര മേമ്പൊടിചേൎത്തു കൊടുക്കുകയോ, മദ്യം കൊടുക്കുകയോ ആണു് ഗ്രീഷ്മകാലത്തിങ്കൽ അനുപാനം വേണ്ടതു്. പാച്ചോററിയുടെ കാതൽ, ഇന്തുപ്പു്, തിപ്പലി, ചുക്ക് ഇവ കഷായംവെച്ചു് എണ്ണ മേമ്പൊടിചേൎത്തു് വൎഷൎത്തുവിൽ അനുപാനമായി കൊടുക്കണം.

കുതിരകൾക്കു ഗ്രീഷ്മകാലത്തു് പിത്തം ഉധരിക്കും; ശരത്തിൽ രക്തം പുളയ്ക്കും; വൎഷത്തിൽ മലം ഭേദിക്കും. ഇങ്ങനെ ഒക്കെ വന്നാൽ അവയ്ക്കു നെയ്യു കൊടുക്കേണ്ടതാണു്. എന്നാൽ കഫപ്രകൃതികളോ, വാതപ്രകൃതികളോ ആണെങ്കിൽ എണ്ണയാണു കൊടുക്കേണ്ടതു്. എണ്ണയും നെയ്യും കൊടുത്തതുകൊണ്ടു് വല്ല തകരാറുകളും വന്നാൽ വിരൂക്ഷണം ചെയ്യുന്നതു നല്ലതാകുന്നു. മൂന്നു ദിവസം രൂക്ഷൌഷധങ്ങളെ കൊണ്ടുള്ള കഞ്ഞിയോ, മോരുകൂട്ടിയ ചോറോ കൊടുക്കുന്നതായാൽ വിരൂക്ഷണമാകും; കുതിരകൾക്കു വസ്തിചെയ്വാൻ ശരത്തിലും ഗ്രീഷ്മത്തിലും നെയ്യും, ഹേമന്തത്തിലും വസന്തത്തിലും എണ്ണയും, വൎഷത്തിലും ശിശിരത്തിലും യമകസ്നേഹവും നല്ലതാകുന്നു. സ്നേഹപാനം ചെയ്താൽ ഗുരുത്വമുള്ളതോ കഫത്തെ ഇളക്കുന്നതോ ആയ ആഹാരം, സ്നാനം, വെയിൽ ഇവ എല്ലാം നിഷിദ്ധമത്രേ; മഴക്കാലത്തു കുതിരകൾക്കു സ്നാനപാനങ്ങൾ ഒരു പ്രാവശ്യമേ പാടുള്ളു. മഴക്കാറുള്ള ദിവസമാണെങ്കിൽ ഒരിക്കൽ തേച്ചുകഴുകുന്നതു് നല്ലതാകുന്നു. ശീതാതപങ്ങൾ സമങ്ങളായുള്ള കാലത്തു് പാനം രണ്ടു പ്രാവശ്യവും, സ്നാനം ഒരിക്കലും ചെയ്യണം. ഗ്രീഷ്മകാലത്തിങ്കൽ സ്നാനപാനങ്ങൾ മൂന്നു പ്രാവശ്യം വേണം. വളരെ നേരം അവഗാഹനം ചെയ്യിക്കുകയും വേണം.

കുതിരകൾക്കു തിന്മാൻ കൊടുക്കുന്നതു് ഉമികളഞ്ഞ യവം, തുവര, ചണംപയർ, വ്രീഹി, ചെറുപയറു്, കടലക്കാ, മുതിര എന്നിവ ആകാവുന്നതാണു്. കറുകപ്പുല്ലു് പിത്തത്തേയും, യവം കാസത്തേയും, തവിട്ടു് കഫത്തേയും നശിപ്പിക്കും. കറുകപ്പുല്ലു് പതിവായി തിന്നുന്ന കുതിരയെ വാതപിത്തകഫങ്ങളെക്കൊണ്ടോ, അവയുടെ സന്നിപാതംകൊണ്ടോ ഉണ്ടാകുന്ന രോഗങ്ങൾ തീണ്ടുകയില്ല.

ദ്വാരാശങ്ങൾക്കു് ഇരുപാൎശ്വങ്ങളിലും പാശബന്ധവും, പിന്നിൽ വില്ലും കീലങ്ങളും ഉണ്ടായിരിക്കേണ്ടതാണു്. കിടക്കുവാൻ ലായത്തിൽ ആസ്തരണം വേണം; ആ സ്ഥലത്തു് നല്ലവണ്ണം പുകയ്ക്കുകയും വേണം; യവച്ചോറും വിളക്കും വെയ്ക്കേണ്ടതുമാണു്. ഇവയെല്ലാം കുതിരകൾക്കു രക്ഷയാകുന്നു. കോഴി, ആടു്, കുരങ്ങ് ഇവയെ അശ്വഗൃഹത്തിൽ വളൎത്തുന്നതും നന്നു്.

## അദ്ധ്യായം ൧൨.

ശാലിഹോത്രൻ:—അനന്തരം ഞാൻ അശ്വശാന്തിയെ പറഞ്ഞുതരാം. ഇതു് കുതിരകൾക്കുണ്ടാകുന്ന രോഗങ്ങളെ അകററിക്കളയുന്നതാണു്. ഹേ സുശ്രുത! ഈ അശ്വശാന്തി നിത്യ, നൈമിത്തികി, കാമ്യ എന്നിങ്ങനെ മൂന്നു പ്രകാരമുണ്ടു്. അവയെ കേട്ടാലും.

ശുദ്ധദിവസത്തിൽ ശ്രീധരനേയും, ശ്രീഭഗവതിയേയും, അശ്വരാജനായ ഉച്ചൈശ്രവസ്സിനേയും വഴിപോലെ പൂജിച്ചു് സാവിത്രങ്ങളായ മന്ത്രങ്ങളെക്കൊണ്ടു് ആജ്യാഹുതി ചെയ്യണം. ഇതു ബ്രാഹ്മണരെക്കൊണ്ടു ചെയ്യിക്കേണ്ടതും, ആ ബ്രാഹ്മണർക്കു് യഥാവിധി ദക്ഷിണ കൊടുക്കേണ്ടതുമാണു്. എന്നാൽ കുതിരകൾക്കു വർദ്ധനയുണ്ടാവും.

ആശ്വയുജമാസത്തിലെ വെളുത്ത വാവുനാൾ അശ്വഗൃഹത്തിന്റെ ബഹിർഭാഗത്തു് വിശേഷാൽ ശാന്തികർമ്മം ചെയ്യേണ്ടതാണു്. അതിന്നു് അശ്വിനീദേവികളേയും, വരുണനേയും പൂജിച്ചു് മണ്ഡലമെഴുതി ദേവിയെ ആവാഹിച്ചു പൂജിക്കേണ്ടതും, മണ്ഡലത്തെ വൃക്ഷശാഖകളെക്കൊണ്ടു പരിവാരണം ചെയ്യേണ്ടതുമാണു്. മണ്ഡലത്തിന്റെ എല്ലാം ദിക്കുകളിലും സർവ്വരസപൂർണ്ണങ്ങളായ കലശങ്ങൾ വസ്ത്രസഹിതമായി വെച്ചു പൂജിച്ചു്, യവവും നെയ്യും ഹോമിക്കുകയും അശ്വങ്ങളേയും, അശ്വിനീദേവകളേയും പൂജിക്കുകയും വേണം. ഒടുവിൽ ബ്രാഹ്മണർക്കു ദക്ഷിണയും നൽകണം. ഇതാണു് നിത്യശാന്തി.

ഇനി നൈമിത്തികശാന്തിയെ കേട്ടാലും: വിഷ്ണു, ശ്രീഭഗവതി, ബ്രഹ്മാവു്, ശങ്കരൻ, സോമൻ, സൂര്യൻ, അശ്വിനീദേവകൾ, രേവന്തൻ, ഉച്ചൈശ്രവസ്സ് എന്നിവരെ മകരാദി രാശികളിലും, ദിക്പാലന്മാരെ ദളങ്ങളിലും ആവാഹിച്ചു പൂജിച്ചു് അവർക്കു് പ്രത്യേകം പൂർണ്ണകുംഭങ്ങളും വെച്ചു്, വേദിയിങ്കൽ അർച്ചിക്കണം. അർച്ചകൻ ഉപവാസംചെയ്തു് ഓരോ ദേവനും ആഹുതിതം തിലഹോമം, അക്ഷതഹോമം, കടുകഹോമം എന്നിവയും ചെയ്യണം.

കാമ്യമായിട്ടുള്ള ശാന്തികർമ്മം അശ്വങ്ങളുടെ രോഗങ്ങളെ ശമിപ്പിക്കുന്നതുമാകുന്നു.

—:0:—

## അദ്ധ്യായം ൧൩

ശാലിഹോത്രൻ:—അനന്തരം ഞാൻ, ഗജങ്ങളുടെ രോഗങ്ങളകററുന്നതായുള്ള ഗജശാന്തിയെ പറഞ്ഞുതരാം.

പഞ്ചമിതിഥിയിൽ വിഷ്ണുവിനേയും, ശ്രീഭഗവതിയേയും, ഐരാവതഗജത്തേയും പൂജിക്കുക. അപ്രകാരംതന്നെ, ബ്രഹ്മാവ്-ശിവൻ-നാരായണൻ-ഇന്ദ്രൻ-വൈശ്രവണൻ-യമൻ-സൂര്യൻ-ചന്ദ്രൻ-വരുണൻ-വായു-അഗ്നി എന്നിവരേയും, ആകാശം-അനന്തൻ-പർവ്വതങ്ങൾ എന്നിവരേയും, ദേവയോനികളായിട്ടുള്ള അഷ്ടഗജങ്ങളേയും പൂജിക്കണം. വിരൂപാക്ഷൻ, മഹാപത്മൻ, ഭദ്രൻ, സുമനസ്സ്, കുമുദൻ, ഐരാവണൻ, പദ്മൻ, പുഷ്പദന്തൻ, വാമനൻ, സുപ്രതീകൻ, അഞ്ജനൻ എന്നിവരേയും പൂജിക്കണം. പൂജകഴിഞ്ഞു്, ഹോമംചെയ്തു്, ദക്ഷിണയും നൽകി, ശാന്തിജലംകൊണ്ടു ഗജങ്ങളെ പ്രോക്ഷണംചെയ്കയും വേണം. ഈ ഗജശാന്തി ഗജങ്ങൾക്കു വൃദ്ധികരമാകുന്നു.

ഇനി നൈമിത്തികമായിട്ടുള്ള ഗജശാന്തിയെ കേട്ടാലും. നഗരത്തിനു പുറത്തു് ഗജങ്ങളുടെ മകരാദിരാശിസ്ഥാനങ്ങളിലോ, ഈശാനകോണിലോ ആയിട്ടു്, നിലം മെഴുകി പത്മമിട്ടു പത്മത്തിൻെറ മദ്ധ്യത്തിൽ വിഷ്ണുവിനേയും, കേസരത്തിൽ ലക്ഷ്മീദേവിയേയും, ബ്രഹ്മാവ്-സൂര്യൻ-പൃഥ്വി-സ്കന്ദൻ-അനന്തൻ-ആകാശം-ശിവൻ-സോമൻ എന്നിവരേയും, പത്മത്തിൻെറ ദളങ്ങളിൽ യഥാക്രമം ഇന്ദ്രാദികളായ ദിക്പാലന്മാരേയും അവരുടെ ആയുധങ്ങളായ വജ്രം-ശക്തി-ദണ്ഡം-തോമരം-പാശം-ഗദ-ശൂലം-പത്മം എന്നിവയേയും പൂജിക്കണം. പത്മവൃത്തത്തിൻെറ ബഹിർഭാഗത്തു കിഴക്കേദിക്കിൽ സൂര്യൻ-അശ്വിനീദേവകൾ എന്നിവരേയും, തെക്കേദിക്കിൽ അഷ്ടവസുക്കൾ-സാദ്ധ്യദേവന്മാർ എന്നിവരേയും, നിരൃതികോണിൽ അംഗിരസ്സുകൾ-ഭൃഗുക്കൾ എന്നിവരേയും, വായുകോണിൽ മരുദ്ദേവന്മാരേയും, വടക്കുഭാഗത്തു വിശ്വദേവന്മാരേയും, ഈശാനകോണിൽ രുദ്രന്മാരേയും പൂജിക്കണം. പത്മത്തിന്റെ ബഹിർഭാഗത്തു് വൃത്താകാരമായ രേഖയെ നിർമ്മിച്ചു് പ്രാച്യാദികളായ ദിക്കുകളിൽ ദേവന്മാർ, സൂത്രകാരന്മാർ, ഋഷിമാർ, വാണീദേവി എന്നിവരെ പൂജിക്കണം. അപ്രകാരം ഈശാനാദികോണങ്ങളിൽ നദികൾ, ഗിരികൾ, മഹാഭൂതങ്ങൾ, ഭൂതങ്ങൾ എന്നിവയേയും പത്മത്തിനു ചതുരശ്രമായിട്ടു് ശംഖചക്രഗദാപത്മങ്ങളേയും പൂജിക്കണം.

മേൽപ്രകാരം പൂജിച്ചതിനുശേഷം പത്മത്തിൻെറ നാലു ദ്വാരങ്ങളിലും കലശങ്ങളും അഗ്ന്യാദികളായ കോണുകളിൽ പതാകകളും വെച്ചു്, പൂർവ്വാദികളായ ദ്വാരങ്ങളിൽ നാലു തോരണങ്ങളും നാട്ടി, ഐരാവതാദികളായ ഗജങ്ങളേയും ഔഷധികളേയും വിന്യസിച്ചു്, എല്ലാ ദേവന്മാൎക്കും ഓരോ ഭാജനം (പാത്രം) വീതം വെച്ചു് ഓരോരുത്തൎക്കും വെവ്വേറെ നൂറുവീതം ആജ്യാഹുതികൾ ചെയ്തു്, ഗജങ്ങളെപ്പൂജിച്ചു് പ്രദക്ഷിണം ചെയ്തു്, ബഹിർഭാഗത്തു് നാഗവല്ലീദേവതാദികളെപ്പൂജിച്ചു് സ്വഗൃഹത്തിലേയ്ക്കു ഗമിയ്ക്കുക. പിന്നെ ബ്രാഹ്മണൎക്കു് ദക്ഷിണചെയ്തു് ഗജവൈദ്യൻ മുതലായവരെയും പൂജിയ്ക്കുക. എന്നിട്ടു് കാല

Since1923

ദേവീയായ കർത്താവ് കരിണിയുടെ പുറത്തു കയറി അതിൻെറ കണ്ണത്തിൽ താഴെപ്പറയുന്ന മന്ത്രം ജപിക്കുക:—

(മന്ത്രം)

നാഗരാജ ഗൃതേ ശാന്തിം—കൃത്വാമൃഷ്ടിൻ സമാവസ
ശ്രീഗജസ്ത്വം കൃതോ രാജ്ഞാ—ഭവാനസ്യ ഗജാഗ്രണീഃ ॥
ഗന്ധമാല്യാഗ്രഭക്ഷൈസ്ത്വാം—പൂജയിഷ്യതി പാർത്ഥിവഃ
ലോകസ്തദാജ്ഞയാ പൂജാം—കരിഷ്യതി തദാ തവ ॥
പാലനീയസ്ത്വയാ രാജാ—യുദ്ധേഽധ്വനി തഥാഗൃഹേ
തിര്യഗ്ഭാവം സമുത്സൃജ്യ—ദിവ്യം ഭാവമനുസ്മര ॥
ദേവാസുരേ പുരാ യുദ്ധേ—ശ്രീഗജസ്ത്രിദശൈഃകൃതഃ
ഐരാവതസുതഃ ശ്രീമാ—നരിഷ്ടോ നാമ വാരണഃ ॥
ശ്രീഗജാനാന്തു തത്തേജഃ—സർവമേവോപതിഷ്ഠതേ
തത്തേജസ്തവ നാഗേന്ദ്ര—ദിവ്യഭാവസമന്വിതം ॥
ഉപതിഷ്ഠതു ഭദ്രന്തേ—രക്ഷരാജാനമാഹവേ *

ഇങ്ങനെ മന്ത്രം ജപിച്ച് പുരോഹിതൻ ഗജത്തെ അഭിഷേകം ചെയ്താൽ, രാജാവ് അതിൻെറ പുറത്തു കയറുക. അതിൻെറ പിന്നാലെ ആയുധപാണികളായ പുരുഷപുംഗവന്മാർ അനുഗമനം ചെയ്കയും വേണം. ഇങ്ങനെ പോയി ഗജശാലകളിലെത്തിയാൽ, ശാലകളുടെ പുറത്തു നിലം മെഴുകി പത്മമിട്ട്, പത്മത്തിൻെറ ദളങ്ങളിൽ ദിക്പാലന്മാരേയും, കേസരങ്ങളിൽ ബലദേവൻ–നാഗം–ഭൂമി–സരസ്വതി എന്നിവരേയും പൂജിക്കുക. മദ്ധ്യത്തിങ്കൽ ഗന്ധമാല്യാനുലേപനങ്ങളെക്കൊണ്ടു പൂജിക്കണം. പിന്നെ ഹോമം ചെയ്തു രസപൂർണ്ണമായ കലശത്തെ ബ്രാഹ്മണന്നു ദാനം ചെയ്യണം. തദനന്തരം ഗജാദ്ധ്യക്ഷനേയും, പാപ്പാനേയും, ഗണിതജ്ഞനേയും പൂജിച്ച്, മുമ്പു പൂജിച്ചതായ ഡിണ്ഡിമവാദ്യം ഗജാദ്ധ്യക്ഷൻെറ കൈയിൽ കൊടുപ്പൂ. ഗജാദ്ധ്യക്ഷൻ ആ ഡിണ്ഡിമവാദ്യത്തെ മനോഹരങ്ങളും ഗംഭീരങ്ങളുമായ ശബ്ദങ്ങളോടുകൂടി വാദനം ചെയ്കയും വേണം. ഗജത്തിൻെറ ബന്ധനസ്ഥാനത്തു നിന്നാണ് ഇതു ചെയ്യേണ്ടതു്.

—(൦)—

---

* അല്ലയോ അമൃതത്തിൽനിന്നുളവായ ഗജനായികേ, നീ ശാന്തിയെ ചെയ്തുകൊണ്ടു് ഭവനിൽ വസിച്ചാലും. ഹേ ഗജമേ, നിന്നെ രാജാവ് ശ്രീഗജമായി കല്പിച്ചിരിക്കുന്നു. നീ ഗജനായകനാകുന്നു. നിന്നെ രാജാവ് ഗന്ധമാല്യങ്ങളെക്കൊണ്ടു ശ്രേഷ്ഠങ്ങളായ അന്നങ്ങളെക്കൊണ്ടും പൂജിക്കും. രാജാവിൻെറ ആജ്ഞപ്രകാരം ലോകരും നിനക്കു പൂജയെ ചെയ്യും. നീ രാജാവിനെ പോരിലും വഴിയിലും ഗൃഹത്തിലും രക്ഷിക്ക. നീ തിര്യക്കെന്ന അവസ്ഥയെക്കളഞ്ഞു ദിവ്യത്വത്തെ ഓർക്കുക. പണ്ടു ദേവാസുരയുദ്ധത്തിൽ ദേവകളാൽ സൃഷ്ടിക്കപ്പെട്ട ശ്രീഗജമാണു നീ ഐരാവതപുത്രനായ നിനക്കു് അരിഷ്ടനെന്നു തന്നെ നാമധേയം. ശ്രീഗജങ്ങളുടെ ആ തേജസ്സെല്ലാം നിന്നിൽ സന്നിധാനം ചെയ്യുന്നു. ഹേ ഗജേന്ദ്ര, ദിവ്യഭാവത്തോടുകൂടിയ ആ തേജസ്സു നിന്നിൽ സ്ഥിതിചെയ്യട്ടെ. നിനക്കു മംഗളം ഭവിക്കട്ടെ. ഹേ ഗജശ്രേഷ്ഠ, യുദ്ധത്തിൽ രാജാവിനെ രക്ഷിച്ചാലും.

## അദ്ധ്യായം ൫൪.

ധന്വന്തരി:–പശുക്കളേയും ബ്രാഹ്മണരേയും രക്ഷിക്കേണ്ടതു രാജാവിന്റെ കൎത്തവ്യമാകുന്നു. അതുകൊണ്ടു്, ഞാൻ ഗോക്കളുടെ ശാന്തിയെ ഇനിപ്പറയാം.

പശുക്കൾ പവിത്രത്വമുള്ളവയും മംഗലം വരുത്തുന്നവയുമാണു്; പശുക്കളിലാണു സൎവ്വലോകങ്ങളും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതു്. പശുക്കളുടെ ചാണകവും മൂത്രവും അലക്ഷ്മിയെ പാടേ നശിപ്പിക്കുന്നവയത്രേ. പശുക്കൾക്കു ചൊറുകിക്കൊടുക്കുക, വെള്ളം കൊടുക്കുക, കൊമ്പുകൾ പിടിച്ചു മൎദ്ദിക്കുക എന്നിവ പ്രിയമാകുന്നു. ഗോമൂത്രം, ഗോമയം (ചാണകം), പാൽ, തൈരു്, നൈ, ഗോരോചനം ഇങ്ങനെ പശുക്കളിൽനിന്നുണ്ടാകുന്ന ഷഡംഗങ്ങൾ പാനംചെയ്യുന്നതിന്നു പരമൌഷധങ്ങളാകുന്നു; ഇവ സേവിച്ചാൽ ദുസ്സ്വപ്നം മുതലായവ അകന്നുപോകും. ഗോരോചനം വിഷഭയത്തേയും രക്ഷോബാധയേയും ഒഴിക്കും. പശുക്കൾക്കു് ഗ്രാസം (പുൽച്ചുരുൾ) തിന്മാൻ കൊടുക്കുന്നവൻ സ്വൎഗ്ഗത്തെ പ്രാപിക്കും. ആരുടെ ഗൃഹത്തിൽ പശുക്കൾ ദുഃഖമനുഭവിക്കുന്നുവോ, അവൻ നരകത്തിൽ പതിക്കും. അന്യപശുക്കൾക്കു് ഗ്രാസം നൽകുന്നവനു് സ്വൎഗ്ഗം ലഭിക്കും; ഗോക്കൾക്കു പ്രിയനായിട്ടുള്ളവൻ ബ്രഹ്മലോകവും പ്രാപിക്കും. ഗോദാനം ചെയ്യുക, ഗോക്കളെ സ്തുതിക്കുക ഇവയെ ചെയ്യുന്നവൻ കുലത്തിന്നു രക്ഷ വരുത്തി കുലത്തെ ഉദ്ധരിക്കും. ഗോക്കളുടെ ശ്വാസവായു തട്ടിയ ഭൂമി പവിത്രമാകുന്നു. ഗോക്കളെ സ്പൎശിച്ചാൽ പാപങ്ങൾ പോകും.

ഗോമൂത്രം, ഗോമയം, പാൽ, തൈരു്, നൈ, ദൎഭജലം ഇവ സേവിക്കുകയും ഒരു ദിവസം ഉപവാസം ചെയ്കയും ചെയ്താൽ ശ്വപാകന്നുപോലും ശുദ്ധി വരും. ഈ വ്രതം പണ്ടു് ഈശ്വരന്മാർ എല്ലാ അശുഭങ്ങളുടേയും വിനാശത്തിന്നായി അനുഷ്ഠിച്ചതാകുന്നു. ഇതു പ്രത്യേകം മൂന്നു ദിവസം അഭ്യസിച്ചാൽ അതിന്നു മഹാസാന്തപനമെന്നു പേർ പറയും. ഇതു സൎവ്വകാമപ്രദവും, സൎവ്വാശുഭങ്ങളേയും മൎദ്ദിക്കുന്നതുമത്രെ. കൃച്ഛ്രാതികൃച്ഛ്രം എന്ന വ്രതം പാൽകൊണ്ടു് ഇരുപത്തൊന്നു ദിവസം കഴിച്ചുകൂട്ടുകയാകുന്നു. അതു ചെയ്യുന്ന പുരുഷശ്രേഷ്ഠന്മാർ എല്ലാ പാപങ്ങളുമകന്നു് സൎവ്വകാമങ്ങളും കൈവന്നു സ്വൎഗ്ഗതിയടയും. മൂന്നു ദിവസം ചൂടുള്ള ഗോമൂത്രം കുടിക്കുക; പിന്നെ മൂന്നുദിവസം ചൂടുള്ള നൈ സേവിക്കുക; പിന്നീടു മൂന്നു ദിവസം ചൂടുള്ള പാൽ കുടിക്കുക; ഒടുവിൽ മൂന്നു ദിവസം കേവലം വായുഭക്ഷണമായിട്ടും കഴിക്കുക; ഇപ്രകാരമുള്ള വ്രതത്തിന്നു തപ്തകൃച്ഛ്രം എന്നു പേർ. ഇതു് എല്ലാ പാപങ്ങളേയും പോക്കി ബ്രഹ്മസായൂജ്യം നൽകുന്നതത്രെ. ഈ വ്രതംതന്നെ തണുപ്പുള്ള ഗോമൂത്രാദികളെക്കൊണ്ടായാൽ ശീതകൃച്ഛ്ര

മാകുന്നു. ശീതകൃച്ഛ്രം ബ്രഹ്മാവിനാൽ ഉപദേശിക്കപ്പെട്ടതത്രെ. അതു ചെയ്യുവൻ ബ്രഹ്മലോകത്തെഗ്ഗമിക്കും.

ഇങ്ങനെതന്നെ ഗോവ്രതം എന്നൊരു വ്രതമുണ്ടു്. ആയതു് ഒരു മാസം കൊണ്ടാണു് അനുഷ്ഠിക്കേണ്ടതു്. ഗോമൂത്രംകൊണ്ടു സ്നാനം ചെയ്ക, ഗോരസങ്ങളെക്കൊണ്ടു ജീവിതം നിൎവ്വഹിക്കുക; പശുക്കളുടെ പിന്നാലെ നടക്കുക; പശുക്കൾ ഭക്ഷിച്ചതിന്നുശേഷംമാത്രം ഭക്ഷിക്കുക,—ഇപ്രകാരമനുഷ്ഠിക്കുകയാണു് ഈ വ്രതം. ഈ വ്രതമനുഷ്ഠിക്കുന്നവൻ പാപങ്ങളകന്നു് ഗോലോകത്തേയും സ്വൎഗ്ഗത്തേയും പ്രാപിക്കും. ഗോമതി എന്ന വിദ്യയെ (മന്ത്രത്തെ) ജപിക്കുന്നവനും പരമമായ ഗോലോകത്തെ പ്രാപിക്കും. അവിടെവെച്ചു് അപ്സരഃസ്ത്രീകളോടുകൂടി രമിച്ചു് ഗീതനൃത്തങ്ങളെച്ചെയ്യുംകൊണ്ടു വിമാനത്തിലേറി രമിക്കയും ചെയ്യും.

ഗോക്കൾ ലോകത്തിൽവെച്ചു് സുരഭികൾ ആകുന്നു; ഗോക്കൾ ഗുൽഗ്ഗുലുവിന്റെ ഗന്ധംപോലെയുള്ള ഗന്ധത്തോടുകൂടിയവയാകുന്നു; ഗോക്കളാണു് ഭൂതങ്ങൾക്കെല്ലാം പ്രതിഷ്ഠയായിട്ടുള്ളതു്; ഗോക്കൾ പരമമായ സ്വസ്ത്യയനമത്രെ; ദേവന്മാരുടെ പരമാന്നമായ ഹവിസ്സുകൂടിയും ഗോക്കളാകുന്നു; ഗോക്കൾ പാവനമായ ഹവിൎമ്മയമായിട്ടുള്ള ക്ഷീരത്തെ വഹിക്കുകയും ചുരത്തുകയും ചെയ്യുന്നു; ഗോക്കൾ മന്ത്രപൂതമായ ഹവിസ്സുകൊണ്ടു് സ്വൎഗ്ഗലോകത്തിലുള്ള ദേവന്മാൎക്കു് തൃപ്തി നൽകുന്നു; ഋഷികളുടെ അഗ്നിഹോത്രങ്ങളിൽ ഗോക്കളെ ഹോമകാൎയ്യങ്ങളിൽ ഏൎപ്പെടുത്തിയിരിക്കുന്നു; എല്ലാ ഭൂതങ്ങൾക്കും ഗോക്കളാണു ശരണമായിട്ടുള്ളതു്. ഗോക്കൾ പരമപവിത്രവും പരമമാംഗല്യവുമായ വസ്തുവാകുന്നു; ഗോക്കൾ സ്വൎഗ്ഗത്തിന്റെ സോപാനമത്രെ; ഗോക്കൾ ധന്യതയുള്ളവയും എന്നും നിലനില്ക്കുന്നവയുമത്രെ. ശ്രീമതികളായ ഗോക്കൾക്കു നമസ്കാരം; സൌരഭേയികളായിരിക്കുന്ന ഗോക്കൾക്കു നമസ്കാരം; ബ്രഹ്മപുത്രിമാരായ ഗോക്കൾക്കു നമസ്കാരം; പവിത്രമാരായ ഗോക്കൾക്കു നമസ്കാരം; പശുക്കൾ—ബ്രാഹ്മണർ ഈ രണ്ടു കൂട്ടർ രണ്ടായിത്തീൎന്ന ഒരേ കുലംതന്നെയാകുന്നു; ഒരു കൂട്ടരിൽ (ബ്രാഹ്മണരിൽ) മന്ത്രങ്ങൾ സ്ഥിതിചെയ്യുന്നു; മറേറ കൂട്ടരിൽ (ഗോക്കളിൽ) ഹവിസ്സും സ്ഥിതിചെയ്യുന്നു; ദേവന്മാർ—ബ്രാഹ്മണർ—ഗോക്കൾ—സാധുക്കൾ—സാധ്വിമാർ എന്നിവരെക്കൊണ്ടാണു് ലോകമത്രയും നിലനില്ക്കുന്നതു്; ആകയാൽ അവരെല്ലാംതന്നെ ഏററവും പൂജ്യതയുള്ളവരത്രെ; ഗോക്കൾ ഏതു ജലത്തെ കുടിക്കുന്നുവോ ആ ജലം തീൎത്ഥമാകുന്നു; ഗംഗാദികളായ തീൎത്ഥങ്ങൾ ഗോക്കൾതന്നെയത്രെ; ഇപ്രകാരം ഗോക്കളുടെ മാഹാത്മ്യം പറയപ്പെട്ടു.

ഇനി, പശുക്കളുടെ ചികിത്സയെപ്പറയാം. കേട്ടാലും. പശുക്കളുടെ ശൃംഗ (കൊമ്പു്) രോഗങ്ങളിലൊക്കയും ചുക്കു്, കരുന്തൊട്ടിവേരു്, മാഞ്ചി ഇവ അരച്ചുകലക്കി കാച്ചിയ തൈലം ഇന്തുപ്പും തേനും ചേൎത്തു

പ്രയോഗിക്കുന്നതു നല്ലതാകുന്നു. കർണ്ണശൂലങ്ങളിൽ (ചെവിക്കുത്തുകളിൽ) മഞ്ചട്ടിപ്പൊടി, കായം, ഇന്തുപ്പ് ഇവകൊണ്ടോ, അല്ലെങ്കിൽ കേവലം വെള്ളുള്ളികൊണ്ടോ കാച്ചിയ തൈലത്തെ പ്രദാനംചെയ്യണം. കൂവളത്തിൻവേര്, കടലാടിവേര്, താതിരിപ്പൂവ്, പൂപ്പാതിരിവേര്, കടകപ്പാലയരി ഇവ അരച്ച് പല്ലുകളുടെ ഊനിന്മേൽ പുരട്ടിയാൽ പല്ലുകളിലെ വേദന ശമിക്കും. ഹേ രാമ, ദന്തശൂലഹരങ്ങളായ ദ്രവ്യങ്ങളെക്കൊണ്ടു കാച്ചിയ തൈലം പശുക്കളുടെ മുഖരോഗങ്ങളിൽ ഉത്തമമാകുന്നു ജിഹ്വാരോഗങ്ങളിൽ ഇന്തുപ്പ്, ചുക്ക്, മഞ്ഞൾ, മരമഞ്ഞൾത്തൊലി എന്നിവയും ഗളഗ്രഹത്തിങ്കൽ ത്രിഫലയും ഹിതമാകുന്നു. ഹൃദയത്തിലും വസ്തിയിലുമുണ്ടാകുന്ന ശൂലം (വേദന), വാതരോഗം, ക്ഷയം എന്നിവയിൽ ത്രിഫല നല്ലതാണ്; ത്രിഫലയുടെ കഷായം നെയ് ചേർത്തു കൊടുക്കുകയാണു വേണ്ടതു്. ഗോക്കൾക്ക് അതിസാരമുണ്ടായാൽ മഞ്ഞൾ, മരമഞ്ഞൾത്തൊലി, പാടക്കിഴങ്ങ് ഇവ നല്ലതാകുന്നു. ഇതു് എല്ലാത്തരം കോഷ്ഠരോഗങ്ങളിലും ശാഖകളിലെ (കൈകാലുകളിലെ) രോഗങ്ങളിലും നന്ന്. കാസശ്വാസങ്ങളിൽ ചുക്ക്, ചെറുതേക്കിൻവേര് എന്നിവ പ്രയോഗിക്കണം. മുറിവുണ്ടായാൽ അതു കൂടുന്നതിന്ന് ഞാഴൽപ്പൂവും ഇന്തുപ്പും ചേർത്തു പുരട്ടേണ്ടതാണ്. വാതരോഗത്തിങ്കൽ വാതഹരമായ തൈലവും, പിത്തത്തിങ്കൽ ഇരട്ടിമധുരംകൊണ്ടുണ്ടാക്കിയ ഘൃതവും, കഫരോഗത്തിങ്കൽ തേൻ ചേർത്തതായ ത്രികടുവും ഹിതമാകുന്നു. ക്ഷതഭംഗങ്ങളിൽ എണ്ണ, നെയ്, ഹരിതാലം എന്നിവ കൂട്ടി പാകംചെയ്തുകൊടുക്കണം. ഉഴുന്ന്, എള്ള്, ഗോതമ്പ്, പശുവിൻപാൽ, നെയ് ഇവ ചേർത്ത ഉരുളകൾ ഇന്തുപ്പും കൂട്ടി കൊടുത്താൽ പശുക്കുട്ടികൾക്ക് പുഷ്ടിയുണ്ടാകും; കാളക്കുട്ടികൾക്ക് ബലവും വരും. ഗ്രഹബാധയുണ്ടായാൽ പുകയേല്പിക്കുകയാണു വേണ്ടതു്. ദേവതാരം, വയമ്പ്, മാഞ്ചി, ഗുൽഗ്ഗുലു, കായം, കടുക് ഇവകൊണ്ടുള്ള ധൂപം പശുക്കളുടെ ഗ്രഹബാധാദികളിൽ ഹിതമാകുന്നു. ഈ പുകയേല്പിച്ച് ഗോക്കളുടെ കഴുത്തിൽ മണികെട്ടിയിടുകയും വേണ്ടതാണ്. അമുക്കുരം, എള്ള് ഇവ കൊടുത്താൽ ഗോക്കൾക്കു ശുക്ലധാതു വർദ്ധിക്കുകയും, ധാരാളം പാലുണ്ടാകുകയും ചെയ്യും. മദം നിമിത്തം തൊഴുത്തിൽത്തന്നെ കെട്ടിയിട്ടിട്ടുള്ള കാളയ്ക്ക് പിണ്യാകം (പിണ്ണാക്ക്) രസായനമാകുന്നു.

പശുക്കളുടെ പുരീഷത്തിൽ (ചാണകത്തിൽ), പഞ്ചമിതിഥിയിൽ പതിവായിട്ടും ശ്രീഭഗവതിയെ പൂജിക്കണം; വാസുദേവനെയും പൂജിക്കണം. ഗന്ധാദികളെക്കൊണ്ടു പൂജിക്കുകയാണു വേണ്ടതു്. ഇങ്ങനെയുള്ള പൂജ നിത്യശാന്തിയാകുന്നു. ഇനി അപരശാന്തിയെ പറയാം. ആശ്വയുജമാസത്തിൽ വെളുത്തപക്ഷത്തിലെ പതിനാലാം വിഷ്ണുവിനെ പൂജിക്കുക. ശങ്കരനാരായണൻ, ബ്രഹ്മാവ്, സൂര്യൻ, ശ്രീഭഗവതി, അഗ്നി എന്നിവരെ നെയ്കൊണ്ടും പൂജിക്കുക. എന്നിട്ട് ഗോക്കളെ ദധി

കൊടുത്തു പൂജിച്ച് അഗ്നിയെ പ്രദക്ഷിണം ചെയ്യണം. ബഹിർഭാഗത്ത് ഗീതവാദ്യഘോഷങ്ങളോടുകൂടി വൃഷഭങ്ങളുടെ സുഖവും നടത്തിക്കണം. ഗോക്കൾക്ക ലവണവും ബ്രാഹ്മണൎക്ക ദക്ഷിണയും കൊടുക്കുകയും വേണം. നൈമിത്തികശാന്തിയിൽ, മകരാദിരാശിസ്ഥാനങ്ങളിലായിട്ട് വിഷ്ണുവിനേയും ശ്രീഭഗവതിയേയും പൂജിക്കണം. നിലം മെഴുകി പത്മമിട്ട് പത്മത്തിന്റെ മദ്ധ്യത്തിലാണ് ഇവരെ പൂജിക്കേണ്ടതു്. കേസരത്തിങ്കൽ ദേവന്മാരെയും പൂജിക്കണം. ബഹിർഭാഗത്ത് സുഭദ്രാജാതനായ രവി, ബഹുരൂപനായ ബലി എന്നിവരേയും ആകാശം-വിശ്വരൂപയായ സിദ്ധി-ഋദ്ധി-ശാന്തി-രോഹിണി എന്നിവരേയും പൂജിക്കണം. പൂൎവ്വാദികളായ ദിക്കുകളിൽ പശുക്കളേയും, എൾച്ചോറുകൊണ്ട് ഈശ്വരനായ ചന്ദ്രനേയും പൂജിക്കണം. പത്മദളങ്ങളിൽ കലശങ്ങൾ വെച്ച് അവയിൽ ദിക്പാലന്മാരെ പൂജിക്കുകയും, അഗ്നിയിങ്കൽ നാല്പാമരച്ചമത-കടുക്-അക്ഷതം-അരി എന്നിവ ന്യഗ്രുവീതം ഹോമിക്കുകയും, ബ്രാഹ്മണൎക്ക് സ്വൎണ്ണകാംസ്യാദികൾ നൾകുകയും, ശാന്ത്യൎത്ഥമായിട്ട് പശുക്കളെ പൂജിച്ചതിന്നുശേഷം വിട്ടയയ്ക്കുകയും വേണം.

അഗ്നി:—അശ്വായുൎവ്വേദം ശാലിഹോത്രൻ സുശ്രുതനോടു പറഞ്ഞതും, ഗജായുൎവ്വേദം പാലകാപ്യൻ അംഗരാജാവിനോടു പറഞ്ഞതും ആകുന്നു.

—ഃ—(ം)—ഃ—

## അദ്ധ്യായം ൱൩.

—— ഃ ——

അഗ്നി:—ഇനി ഞാൻ ഭുക്തിമുക്തികൾ നൾകുന്നതായ മന്ത്രവിദ്യയെപ്പറയാം, കേട്ടാലും.

ഹേ ദ്വിജ, ഇരുപതു വൎണ്ണങ്ങളിലധികമുള്ള മന്ത്രങ്ങൾ മാലാമന്ത്രങ്ങളെന്നു പറയപ്പെട്ടിട്ടുണ്ട്. പത്തക്ഷരങ്ങളിലധികമായും ഇരുപതക്ഷരങ്ങളിൽ കുറവായുമുള്ള മന്ത്രങ്ങൾ ബീജമന്ത്രങ്ങളെന്നും പറയപ്പെടുന്നു. ഇവയിൽവെച്ച് ബീജമന്ത്രങ്ങൾ വാൎദ്ധക്യത്തിൽ സിദ്ധികരങ്ങളാകുന്നു. മാലാമന്ത്രങ്ങളാകട്ടെ യൌവനത്തിൽ സിദ്ധിയെ നൾകും. അഞ്ചക്ഷരങ്ങളിൽ കവിഞ്ഞുള്ള (പത്തക്ഷരങ്ങളിൽ കവിയാതേയും ഉള്ള) മന്ത്രങ്ങൾ എല്ലാകാലങ്ങളിലും സിദ്ധികരങ്ങളത്രെ.

മന്ത്രങ്ങൾക്ക് സ്ത്രീ, പുരുഷൻ, നപുംസകം എന്നിങ്ങനെ മൂന്നു ജാതികൾ ഉണ്ടു്. സ്വാഹാ എന്നവസാനിക്കുന്ന മന്ത്രങ്ങൾ സ്ത്രീമന്ത്രങ്ങളാകുന്നു. നമഃ എന്നവസാനിക്കുന്ന മന്ത്രങ്ങൾ നപുംസകമന്ത്രങ്ങളാണ്. ഇങ്ങനെ രണ്ടു ജാതിയിൽ പെട്ടവയൊഴികെ ശേഷമുള്ളവയെല്ലാം പുരുഷമന്ത്രങ്ങളത്രെ. അവ വശ്യം, ഉച്ചാടനം എന്നി

വയിൽ ഉത്തമങ്ങളെന്നു പറയപ്പെടുന്നു. ക്ഷുദ്രക്രിയ നിമിത്തമായുള്ള രോഗങ്ങളെ ധ്വംസിക്കുന്നതിൽ സ്ത്രീമന്ത്രങ്ങൾ ഉപയോഗിക്കാം. മററുള്ള കാൎയ്യങ്ങളിൽ നപുംസകമന്ത്രങ്ങൾ ഉപയോഗിക്കാം.

ഇതു കൂടാതെ, ആഗ്നേയമെന്നും സൌമ്യമെന്നും മന്ത്രങ്ങൾ രണ്ടുതരമുണ്ട്. അവ നക്ഷത്രങ്ങളുടെ ആദ്യന്തങ്ങൾ, അൎദ്ധം എന്നിവയിൽ യഥാക്രമം ജപിക്കണം. ആഗ്നേയമന്ത്രം താരാന്ത്യമായിട്ടുള്ളതും അഗ്ന്യാകാശങ്ങളുടെ അംശം അധികമുള്ളതുമത്രെ. ശിഷ്ടമായിട്ടുള്ളത് (അതായത് താരാദ്യമായും താരാമദ്ധ്യമായും പൃഥിവി, ജലം, വായു ഇവയുടെ അംശം അധികമായിട്ടുള്ളതുമായത്) സൌമ്യമാകുന്നു. ആഗ്നേയമന്ത്രങ്ങൾ, ക്രൂരകൎമ്മങ്ങളിലും സൌമ്യമന്ത്രങ്ങൾ സൌമ്യകൎമ്മങ്ങളിലും ഉത്തമങ്ങളത്രേ. ആഗ്നേയമന്ത്രത്തിന്റെ അന്തത്തിങ്കൽ നമഃ എന്നു ചേൎത്താൽ അതു് സൌമ്യമായിച്ചമയും; സൌമ്യമന്ത്രത്തിന്റെ അന്തത്തിങ്കൽ "ഫൾ" എന്നു ചേൎത്താൽ അതു് ആഗ്നേയമായും ചമയും. സുപ്തം (ഉറങ്ങിക്കിടക്കുന്നതു്) ആയിട്ടുള്ളതോ, പ്രബുദ്ധമാത്രം (ഉണൎന്നതേയുള്ളു എന്ന നിലയിൽ ഇരിക്കുന്നതു്) ആയിട്ടുള്ളതോ ആയ മന്ത്രം സിദ്ധിയെ നൽകുന്നതല്ല.

മന്ത്രസിദ്ധി വരുത്തുന്നവൻ, വിധിപ്രകാരം അഭിഷേകപൎയ്യന്തമുള്ള ദീക്ഷയെച്ചെയ്തു്, തന്ത്രം ശ്രവിച്ചു്, ഗുരുവിൽനിന്നു ലബ്ധമായ അഭീഷ്ടമന്ത്രത്തെ സാധിപ്പിക്കണം. ധീരനായും ദക്ഷനായും ശുചിയായും ഭക്തനായും ജപദ്ധ്യാനാദികളിൽ താല്പൎയ്യമുള്ളവനായും സിദ്ധിയും തപസ്സുമുള്ളവനായും കുശലനായും തന്ത്രവേദിയായും സത്യഭാഷണനായും നിഗ്രഹാനുഗ്രഹശക്തിയുള്ളവനായുമിരിക്കുന്നവനു മാത്രമേ ഗുരുവാകുവാൻ അൎഹതയുള്ളു. അപ്രകാരംതന്നെ ശിഷ്യനും ശാന്തി, ദമം, സാമൎത്ഥ്യം, ബ്രഹ്മചൎയ്യം എന്നിവയുള്ളവനും ഹവിഷ്യാന്നഭോജിയും ഗുരുശുശ്രൂഷചെയ്യുന്നവനും ഉത്സാഹമുള്ളവനുമായിരിക്കണം. വിനയമുള്ളവനും വസുദാനം ചെയ്യുന്നവനുമായ ആ ശിഷ്യൻ ഉപദേശ്യനാകുന്നു. ഇപ്രകാരമുള്ള ശിഷ്യൻ ഇപ്രകാരമുള്ള ഗുരുവിങ്കൽനിന്നു മന്ത്രത്തെ ലഭിച്ചു് ആ മന്ത്രത്തെ സഹസ്രാവൃത്തി ജപിച്ചു് സിദ്ധമാക്കിത്തീൎക്കണം. യദൃച്ഛയാ കേട്ടു പഠിച്ചതോ, കളവു പ്രവൎത്തിച്ചു പഠിച്ചതോ, ബലാൽക്കാരേണ പഠിച്ചതോ, ഓലയിലെഴുതി പഠിച്ചതോ, ഗാഥാരൂപേണ ഗ്രഥിച്ചതോ ആയ മന്ത്രം അനൎത്ഥത്തെ ഉളവാക്കും. ആരൊരുവൻ ഒരു മന്ത്രത്തെ ജപഹോമാൎച്ചനാദികളായ നാനാകൎമ്മങ്ങളെച്ചെയ്തുംകൊണ്ടു് സാധിപ്പിക്കുന്നുവോ അവനു് സ്വല്പകാലംകൊണ്ടുതന്നെ മന്ത്രസിദ്ധി വരും. ഒരു മന്ത്രം ഒരുവനു വേണ്ടതുപോലെ സിദ്ധമായിവന്നാൽപ്പിന്നെ അവനു് അസാദ്ധ്യമായിട്ടൊന്നുമില്ല. ഈ സ്ഥിതിക്കു് അനേകമന്ത്രങ്ങളെ സിദ്ധിവരുത്തീട്ടുള്ളവന്റെ കഥ പറയേണ്ടതുണ്ടോ? അവൻ ശിവൻതന്നെയാകുന്നു. ഒരു വൎണ്ണം

മാത്രമുള്ള മന്ത്രം പന്ത്രണ്ടുലക്ഷം സംഖ്യകഴിച്ചാലേ സിദ്ധമാകയുള്ളു. ഇതു കൊണ്ടു് മററു മന്ത്രങ്ങളിൽ വർണ്ണങ്ങൾ ഏറുംതോറും സംഖ്യ കഴിക്കേണ്ടതു് ചുരുങ്ങിവരുമെന്നൂഹിക്കാം. ബീജമന്ത്രങ്ങൾക്ക് മാലാമന്ത്രങ്ങളെക്കാൾ രണ്ടിരട്ടിയോ, മൂന്നിരട്ടിയോ ജപം ആവശ്യമാകുന്നു. സംഖ്യ പറഞ്ഞിട്ടില്ലാത്തപക്ഷം നൂറോ നൂറെട്ടോ ആയിരമോ ആയിരത്തെട്ടോ ആവൃത്തിയാണു വേണ്ടതു്. ജപം എത്രയോ അതിൻെറ പത്തിലൊരംശം ആവൃത്തിയാണ് അഭിഷേകവും ഹോമവും പറയപ്പെട്ടിരിക്കുന്നതു്. ഹോമത്തിന്നു് ദ്രവ്യങ്ങളെ പ്രത്യേകം പറഞ്ഞിട്ടില്ലാത്തപക്ഷം നെയ്യാണു വേണ്ടതു്. എന്നാൽ ശക്തിയില്ലാത്തവന്നു് ഹോമം വേണ്ട, ജപമേ വേണ്ടതുള്ളു. മൂലമന്ത്രത്തിന്നു് ജപഹോമാദികൾ എത്രയാണോ, അതിൻെറ പത്തിലൊരംശമേ അംഗാദിമന്ത്രങ്ങൾക്ക് അവ വേണ്ടതുള്ളു. മന്ത്രങ്ങളെ സ്വശക്തിപോലെ ജപിച്ചാൽ മന്ത്രദേവതമാർ കാമദകളായി ഭവിക്കും. ധ്യാനഹോമാർച്ചനാദികൾ ചെയ്താൽ മന്ത്രദേവതമാർ തൃപ്തമാരായി ഭവിക്കയും ചെയ്യും. ഒരു മന്ത്രം ഉറക്കെ ജപിച്ചാൽ ഉണ്ടാകുന്നതിൻെറ പത്തിരട്ടി ഫലം അതു പതുക്കെ ജപിച്ചാൽ ഉണ്ടാകും. ജിഹ്വാജപം ചെയ്താൽ ഫലം നൂറിരട്ടിയാണു്. മനസ്സുകൊണ്ടു ജപിച്ചാലാകട്ടെ ആയിരമിരട്ടി ഫലം സിദ്ധിക്കും.

പ്രാങ്മുഖനായോ അവാങ്മുഖനായോ ഇരുന്നിട്ടുവേണം മന്ത്രകർമ്മം ആരംഭിക്കുവാൻ. പ്രണവാദികളായിട്ടുവേണം സർവമന്ത്രങ്ങളേയും ജപിക്കുവാൻ. ജപിക്കുന്നവൻ മൌനിയായും നിയതാഹാരനായുമിരിക്കുകയും വേണം. ഇരുന്നുകൊണ്ടും ദേവതയേയും ഗുരുവിനേയും സമമാകുംവണ്ണം നോക്കിക്കൊണ്ടും വേണം മന്ത്രം ജപിക്കുവാൻ. മന്ത്രം ജപിക്കുന്നതിന്നുള്ള കുടി വിജനപ്രദേശങ്ങളോ, ദേവാലയങ്ങളോ, നദികളോ, ഹ്രദങ്ങളോ ആയിരിക്കണം. മന്ത്രസിദ്ധി വരുത്തുന്നവൻ യവാഗു (കഞ്ഞി), അപ്പം, പാൽ, ഹവിഷ്യാന്നം ഇവ വേണം ഭക്ഷിക്കുവാൻ. മന്ത്രത്തിൻെറ ദേവതമാരാരോ അവർ ദേവതമാരായിട്ടുള്ള നക്ഷത്രതിഥിവാരങ്ങളിലാകുന്നു അതാതു ദേവതമാരെ ഉദ്ദേശിച്ചുള്ള മന്ത്രങ്ങൾ ജപിക്കേണ്ടതു്. കറുത്ത അഷ്ടമി, ചതുർദ്ദശി ഇവയിലും ഗ്രഹണാദികളിലും ജപിക്കണം. നക്ഷത്രദേവതമാരാരെന്നാൽ:—അശ്വതിക്ക് അശ്വിനീദേവന്മാർ, ഭരണിക്ക് യമൻ, കാർത്തികയ്ക്കു് അഗ്നിഭഗവാൻ, രോഹിണിക്ക് ബ്രഹ്മാവ്, മകയിരത്തിന്നു് ചന്ദ്രൻ, തിരുവാതിരയ്ക്കു് രുദ്രൻ, പുണർതത്തിന്നു് ഗുരു (ബൃഹസ്പതി), പൂയത്തിന്നു് അദിതി, ആയില്യത്തിന്നു് സർപ്പങ്ങൾ, മകത്തിന്നു് പിതൃക്കൾ, പൂരത്തിന്നു് ഭഗൻ, ഉത്രത്തിന്നു് അര്യമാവ്, അത്തത്തിന്നു് ആദിത്യൻ, ചിത്രയ്ക്കു് ത്വഷ്ടാവ്, ചോതിക്ക് മരുത്തുക്കൾ, വിശാഖത്തിന്നു് ഇന്ദ്രാഗ്നി, അനിഴത്തിന്നു് മിത്രൻ, തൃക്കേട്ടയ്ക്കു് ഇന്ദ്രൻ, മൂലത്തിന്നു് നിരൃതി, പൂരാടത്തിന്നു് ജലം, ഉത്രാടത്തിന്നു് വിശ്വദേവന്മാർ, തിരുവോണത്തിന്നു് വിഷ്ണു, അവിട്ടത്തിന്നു് വായു, ചതയത്തിന്നു് വരുണൻ, പൂരോരട്ടാതിക്ക് അജൈക

പാത്ത്, ഉത്രട്ടാതിക്ക് അഹിർബ്ബുധ്നി, രേവതിക്ക് പൂഷാവ്— ഇങ്ങനെ നക്ഷത്രദേവതകളെ അറിഞ്ഞുകൊൾക. തിഥിദേവതമാരാരെന്നാൽ:—പ്രതിപദത്തിന്ന് അഗ്നി, ദ്വിതീയയ്ക്ക് അശ്വിനീദേവന്മാർ, തൃതീയയ്ക്ക് ഉമ, ചതുർത്ഥിക്ക് വിഘ്നേശ്വരൻ, പഞ്ചമിക്ക് നാഗം, ഷഷ്ഠിക്ക് ചന്ദ്രൻ, സപ്തമിക്കു സൂര്യൻ, അഷ്ടമിക്കു മാതൃക്കൾ, നവമിക്കു ദുർഗ്ഗ, ദശമിക്കു ദിഗീശൻ, ഏകാദശിക്കു വിഷ്ണു, ദ്വാദശിക്കു വൈവസ്വതൻ (യമൻ), ത്രയോദശിക്കു ശിവൻ, ചതുർദ്ദശിക്കു ചന്ദ്രൻ, പഞ്ചദശിക്കു (വാവിന്ന്) പിതൃക്കൾ—ഇങ്ങനെ അറിഞ്ഞുകൊൾക. വാരദേവതമാരാരെന്നാൽ:—ഞായറാഴ്ചയ്ക്കു ഹരൻ, തിങ്കളാഴ്ചയ്ക്കു ദുർഗ്ഗ, ചൊവ്വാഴ്ചയ്ക്കു ഗുരു, ബുധനാഴ്ചയ്ക്കു വിഷ്ണു, വ്യാഴാഴ്ചയ്ക്കു ബ്രഹ്മാവ്, വെള്ളിയാഴ്ചയ്ക്കു ലക്ഷ്മീദേവി, ശനിയാഴ്ചയ്ക്കു ധനേശ്വരൻ—ഇങ്ങനെ ഗ്രഹിച്ചുകൊൾക.

ഇനി ലിപിന്യാസത്തെപ്പറയുന്നു—കേശാന്തങ്ങൾ, വൃത്തങ്ങൾ (?), കണ്ണുകൾ, ചെവികൾ, നാസിക, ഗണ്ഡങ്ങൾ, ചുണ്ടുകൾ, പല്ലുകൾ, ശിരസ്സ്, വായ്, കൈകൾ, കാലുകൾ, സന്ധികൾ, പാർശ്വങ്ങൾ, പൃഷ്ഠം, നാഭി, ഹൃദയം എന്നിവയിൽ വർഗ്ഗാക്ഷരങ്ങളെ യഥാക്രമം ഈരണ്ടായിട്ടു ന്യസിക്കണം. 'യ' മുതലായ വർണ്ണങ്ങളെ ഹൃദയത്തിങ്കലും ന്യസിക്കണം. ത്വക്ക്, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ സപ്തധാതുക്കളിലും 'രസം'ദികളായി 'പ്രയോഗ'ങ്ങളായ ലിപിദേവതമാരെ ന്യസിക്കണം. ശ്രീകണ്ഠൻ, അനന്തൻ, സൂക്ഷ്മൻ, ത്രിമൂർത്തി, ഇന്ദ്രൻ, അക്രൂരൻ, മഹാസേനൻ എന്നിവർ ശരണ്യദേവതമാരാകുന്നു. പിന്നെ ക്രോധീശൻ, ചണ്ഡൻ, പഞ്ചാന്തകൻ, ശിവൻ, രുദ്രൻ, ക്രൂർമ്മൻ, ത്രിണേത്രൻ, ചതുർമ്മുഖൻ, അജേശൻ, ശർമ്മാവ്, സോമൻ, ഈശൻ, ലാംഗലി, ദാരുകൻ, അർദ്ധനാരീശ്വരൻ, ഉമാകാന്തൻ, ആഷാഢി, ദണ്ഡി, അത്രി, മീനം, മേഷം, ലോഹിതൻ, ശിഖി, ഛഗലണ്ഡൻ, ദ്വിരണ്ഡൻ, മഹാകാലൻ, ബാലി, ഭുജംഗൻ, പിനാകി, ഖഡ്ഗീശൻ, ബകൻ, ശ്വേതൻ, ഭൃഗു, ഗുഢി, ഈശാക്ഷൻ, ക്ഷയൻ, സംവർത്തകൻ എന്നീ ദേവതമാരേയും ന്യസിക്കണം. ആദ്യം ശക്തിയോടുംകൂടി രുദ്രന്മാരെ എഴുതി പിന്നെ ക്രമത്തിൽ മററു ദേവതമാരെ വിന്യസിക്കണം. പിന്നീട് അംഗങ്ങളെ വിന്യസിക്കണം. എല്ലാം മന്ത്രങ്ങളും അംഗങ്ങളോടുകൂടിയവയായാലേ സിദ്ധിയെക്കൊടുക്കുകയുള്ളു. ഈ അംഗങ്ങളെ ഹൃല്ലേഖകളോടും വ്യോമത്തോടും സംപൂർണ്ണങ്ങളായിട്ടു വിന്യസിക്കേണ്ടതാണ്. പിന്നെ ഹൃദയാദികളെ അംഗമന്ത്രങ്ങളോടു യോജിപ്പിക്കണം. ഹൃദയത്തിന്നു 'ഹൃദയായ നമഃ' എന്നും, ശിരസ്സിന്നു 'ശിരസേ സ്വാഹാ' എന്നും, ശിഖയ്ക്കു 'ശിഖായൈ വഷൾ' എന്നും, കവചത്തിന്നു 'കവചായ ഹും' എന്നും, നേത്രത്തിന്നു 'നേത്രായ വൌഷൾ' എന്നും, അസ്ത്രത്തിന്നു 'അസ്ത്രായ ഫൾ' എന്നുമത്രേ ന്യാസ

Since 1923

ക്രമം. അംഗങ്ങളെപ്പറയുന്നിടത്ത് നേത്രത്തെ കൂട്ടേണ്ടതില്ല. നിരംഗമായ മന്ത്രത്തിന്ന് ആത്മാവിനെക്കൊണ്ട് അംഗന്യാസംചെയ്ത് നിയതം ആവൃത്തി ജപിക്കണം. ദേവിയായ വാഗീശ്വരിയേയും യഥോക്തദേവതമാരേയും വിന്യസിച്ച് തിലം ഹോമിക്കുകയും വേണം. അക്ഷസൂത്രവും കലശവും പുസ്തകവും പത്മവും ധരിക്കുന്നവളായ ലിപിദേവി കവിതാദികളെദ്ദാനംചെയ്യും. അതുകൊണ്ട് കർമ്മാദിയിങ്കൽ സിദ്ധി കൈവരുവാനായിട്ട് ലിപിദേവിയെ ന്യസിക്കേണ്ടതാകുന്നു.

——(൦)——

## അദ്ധ്യായം ൨൯൪

അഗ്നി:—അനന്തരം നാഗാദികളേയും, അവരുടെ ഭാവാദി ദംശസ്ഥാനങ്ങളേയും, ദംശകർമ്മ(ചികിത്സ)ത്തേയും, സൂതകത്തേയും മററും പറയുന്നു.

അനന്തൻ, വാസുകി, തക്ഷകൻ, കർക്കോടകൻ, പദ്മൻ, മഹാപദ്മൻ, ശംഖപാലൻ, കുലികൻ (ഗുളികൻ) എന്നിങ്ങനെ നാഗശ്രേഷ്ഠന്മാർ എട്ടുപേരാകുന്നു. ഇവർ വളരെ ശിരസ്സുകളുള്ളവരുമാകുന്നു. ഈ നാഗേന്ദ്രന്മാരിൽ ആദ്യത്തെ രണ്ടുപേർ ബ്രാഹ്മണരും, പിന്നത്തെ രണ്ടുപേർ ക്ഷത്രിയരും, പിന്നീടു പറഞ്ഞ രണ്ടുപേർ വൈശ്യരും, ഒടുവിൽ ചൊന്ന രണ്ടുപേർ ശൂദ്രരുമാണെന്നു പറയപ്പെട്ടിരിക്കുന്നു. ഈ അഷ്ടനാഗവര്യന്മാരുടെ വംശങ്ങളിൽ അഞ്ഞൂററിരുപതു സന്തതികൾ ഉണ്ടായി. അവരിൽനിന്ന് അസംഖ്യം പേർ ഉണ്ടാകയും ചെയ്തു.

സർപ്പങ്ങളിൽ ഫണികൾ, മണ്ഡലികൾ, രാജീലങ്ങൾ എന്നിങ്ങനെ മൂന്നു വകക്കാരുണ്ട്. ഇവ ക്രമത്തിൽ വാതാത്മകങ്ങളും, പിത്താത്മകങ്ങളും, കഫാത്മകങ്ങളുമാകുന്നു. പിന്നെ വ്യന്തരങ്ങളെന്നു പേരായിട്ടൊരു വകയുണ്ട്. അവ വാതപിത്തകഫങ്ങൾ മൂന്നും കൂടികലർന്നിട്ടുള്ളവയത്രേ. സർപ്പങ്ങളെ ദർവീകരങ്ങളെന്നും പറയുന്നുണ്ട്. ഇവ ചക്രം, ലാംഗലം (കരി), കുട, സ്വസ്തികം, അങ്കുശം എന്നിവയുടെ രേഖകളെധരിക്കുന്നവയാകുന്നു. ഇപ്പറഞ്ഞവയിൽ സർപ്പങ്ങൾ മന്ദഗാമികളും ദീർഘകായത്തോടുകൂടിയവയുമായിരിയ്ക്കും. മണ്ഡലികൾ വിവിധങ്ങളായ മണ്ഡലങ്ങൾ (വൃത്താകാരരേഖകൾ) ഉള്ളവയായിരിക്കും. രാജീലങ്ങൾ മേല്പോട്ടും വിലങ്ങനെയും വ്യാപ്തങ്ങളായ നാനാരാജികളാൽ ചിത്രിതങ്ങളായിരിക്കും. വ്യന്തരങ്ങൾക്ക് ഇതൊന്നും ചിഹ്നങ്ങൾ സമ്മിശ്രങ്ങളായിരിയ്ക്കുകയും ചെയ്യും.

സർപ്പങ്ങൾ ഭൌമങ്ങളെന്നും വാർഷികങ്ങളെന്നും ആഗ്നേയങ്ങളെന്നും വായവ്യങ്ങളെന്നും നാലു വകയായുണ്ട്. ഇങ്ങനെ പതിനാറു വകയായുള്ള സർപ്പങ്ങൾക്ക് ഇരുപത്താറു വകഭേദങ്ങളുണ്ട്. രാജീല

ങ്ങൾക്കു പതിമ്മൂന്നും വ്യന്തരങ്ങൾക്ക് ഇരുപത്തൊന്നും വകഭേദങ്ങളാണുള്ളത്. ശാസ്ത്രോക്തമല്ലാതുള്ള കാലത്ത് ജനിക്കുന്നവയായ സർപ്പങ്ങളെയാണ് വ്യന്തരങ്ങൾ എന്നു പറയുന്നത്. സർപ്പങ്ങൾക്ക് ആഷാഢം മുതലായ മൂന്നു മാസങ്ങളെക്കൊണ്ട് (അതായത് ആഷാഢം, ശ്രാവണം, പ്രോഷ്ഠപദം ഈ മൂന്നു മാസങ്ങളെക്കൊണ്ട്) ഗർഭമുണ്ടാകും. ഇരുനൂററിരുപത്തിനാലു മുട്ടകളെ പ്രസവിക്കുകയും ചെയ്യും. അവയിൽ വെച്ച് സ്ത്രീകളും പുരുഷന്മാരും നപുംസകങ്ങളുമാവാത്ത അണ്ഡങ്ങളെ സർപ്പങ്ങൾ തന്നെ വിഴുങ്ങുകയും ചെയ്യും.

സർപ്പം ഏഴു ദിവസംകൊണ്ട് കണ്ണുകൾ മിഴിക്കുകയും, ഒരു മാസംകൊണ്ട് ,അതു കൃഷ്ണവർണ്ണമായിച്ചമഞ്ഞു് ബഹിർഭവിക്കുകയുംചെയ്യും. പന്ത്രണ്ടു ദിവസം കഴിയുന്നതിന്നുള്ളിൽ അതിന്നു സുബോധമുണ്ടാകും. സൂര്യദർശനം നിമിത്തം അതിന്നു പല്ലുകൾ ഉണ്ടാകയുംചെയ്യും. മുപ്പതോ ഇരുപതോ ദിവസങ്ങൾ കഴിഞ്ഞാൽ അതിന്റെ ഇടത്തും വലത്തുമുള്ള രണ്ടു കോറായ്ക്കളിലുമുള്ള കരാളി, മകരി, കാളരാത്രി, യമദൂതി എന്നിങ്ങനെ പേരുള്ളവയും വിഷമുള്ളവയുമായ നാലു ദംഷ്ട്രകൾ ഉണ്ടാകും. ആറുമാസം കഴിയുമ്പോൾ സർപ്പത്തിന്റെ തോൽ ഉരിയുകയും ചെയ്യും. സർപ്പങ്ങൾ ഒരു നൂററിരുപതു സംവത്സരം ജീവിച്ചിരിക്കും.

മുമ്പു പറയപ്പെട്ട അഷ്ടനാഗങ്ങളിൽ ഏഴും ക്രമത്തിൽ സൂര്യാദി വാരങ്ങൾക്കു പകലും രാത്രിയും നാഥന്മാരാകുന്നു. എന്നാൽ കുലികൻ (ഗുളികൻ) അവയുടെ എല്ലാ സന്ധികളിലും അധികാരമുള്ളവനാകുന്നു. ശംഖൻ, മഹാപദ്മൻ എന്നിവരിലൊരുവനോടുകൂടിയും ഗുളികോദയം വരാം. രണ്ടിന്റെയും ഇടയിലുള്ള ഒരു നാഴികസമയം ഗുളികോദയസമയമത്രേ. ആ സമയം എല്ലാക്കാര്യങ്ങളിലും ചീത്തയാണ്. സർപ്പദംശത്തിന്ന് ഗുളികോദയസമയം വിശേഷിച്ചും നിന്ദ്യമാകുന്നു. കാർത്തിക, ഭരണി, ചോതി, മൂലം, പൂരം, പൂരാടം, പൂരോരട്ടാതി, അശ്വതി, വിശാഖം, തിരുവാതിര, മകം, ആയില്യം ചിത്ര, തിരുവോണം, രോഹിണി, അത്തം എന്നീ നക്ഷത്രങ്ങളും ചൊവ്വാ, ശനി ഈ ആഴ്ചകളും പഞ്ചമി, അഷ്ടമി, രിക്ത, ഷഷ്ഠി ഈ തിഥികളും സർപ്പദംശത്തിന്നു ചീത്തയാണ്. പഞ്ചമിയും ചതുർദ്ദശിയും വിശേഷിച്ചും ചീത്തയാണ്. കൂടാതെ നാലു സന്ധ്യകളും, ദഗ്ധയോഗങ്ങളും, ദഗ്ധരാശികളും നിന്ദ്യങ്ങളാകുന്നു.

സർപ്പങ്ങളുടെ ദംശങ്ങൾ ഏകദംശമായിട്ടും, ദ്വിദംശമായിട്ടും, ബഹുദംശമായിട്ടും വരാം (ദംശം=കടി). ദഷ്ടമാകട്ടെ വിദ്ധം, ഖണ്ഡിതം അദംശം, അല്പദംശം എന്നിങ്ങനെ നാലുവിധമാകുന്നു. (ദംഷ്ടം=കടിവായ) മൂന്നു മുറിയുള്ളത്, രണ്ടു മുറിയുള്ളത്, ഒരു മുറിയുള്ളത്, കഠിനമായ വേദനയുള്ളത്, അധികമായ രക്തം പോകുന്നത്, രാത്രിയിൽ വററിയത്, ഏകപാദത്തിന്റെയോ കൂർമ്മത്തിന്റെയോ ആകൃതിയിലു

ള്ളത് ഇങ്ങനെയെല്ലാമുള്ള ദംശങ്ങൾ യമചോദിതങ്ങളാകുന്നു. കടിവായിൽ ചുട്ടനീററൽ, ഉറുമ്പരിക്കുന്നതുപോലെ തോന്നൽ, തൊണ്ടയിൽ വീക്കം, വേദന, കത്തിനോവ്, കടിച്ച ദിക്കിൽ രക്തം കട്ടകെട്ടുക ഇവയുണ്ടായാൽ ആ കടിയിൽ വിഷമേററിട്ടുണ്ടെന്നും, ഇതിൽനിന്നു വിപരീതമായാൽ വിഷമേററിട്ടില്ലെന്നുമറിയണം. ദേവാലയം, ആൾപാർപ്പില്ലാത്ത ഗൃഹം, പുററ്, ഉദ്യാനം, മരപ്പൊത്ത്, രഥ്യാസന്ധി, ശ്മശാനം, നദി, നദീസംഗമസ്ഥാനം, ദ്വീപം, നാലുംകൂടുന്ന വഴി, മാളിക, ഗൃഹം, താമര, പർവ്വതാഗ്രം, വിലദ്വാരം, പൊട്ടക്കിണറ്, പഴയ ഗൃഹം, ഭിത്തി ഇവയിൽവെച്ചും മുരിങ്ങ, ശ്ലേഷ്മാതകം, താന്നി, ഞാവൽ, ഇത്തി, മുള, പേരാൽ ഈ മരങ്ങളിൽവെച്ചും ജീർണ്ണിച്ച മതിലിന്മേൽ വെച്ചും ഏല്ക്കുന്ന ദംശങ്ങളും മുഖം, ഹൃദയം, കക്ഷം, ജത്രു, താലു, ശംഖം, ഗളം, ശിരസ്സ്, ചിബുകം, നാഭി, പാദം എന്നീ സ്ഥാനങ്ങളിൽ ഏല്ക്കുന്ന ദംശവും അശുഭങ്ങളാകുന്നു.

സർപ്പദംശത്തെപ്പററി പറയുവാൻ വിഷവൈദ്യന്റെ അടുക്കൽ ചെല്ലുന്ന ദൂതൻ കൈയിൽ പുഷ്പങ്ങളെ ധരിക്കുന്നവനും, നല്ല വാക്കിനെ സംസാരിക്കുന്നവനും, ബുദ്ധിമാനും, സ്ത്രീപുരുഷലിംഗങ്ങളിലും ബ്രാഹ്മണാദിവർണ്ണങ്ങളിലും ദഷ്ടനോടു തുല്യനും, ശുക്ലവസ്ത്രം ധരിച്ചവനും, നിർമ്മലനും, ശുചിയും ആയിരിക്കുന്നതു ശുഭമാകുന്നു. നേരല്ലാത്ത ദ്വാരത്തൂടെ ചെല്ലുക, കൈയിൽ ആയുധം ധരിച്ചവനായിരിക്കുക, പ്രമാദമുള്ളവനായിരിക്കുക, ഭൂമിയിലേയ്ക്കു നോക്കിക്കൊണ്ടിരിയ്ക്കുക, മലിനവസ്ത്രനായിരിക്കുക, കൈയിൽ പാശാദികളെ ധരിച്ചുംകൊണ്ടിരിക്കുക, ഗൽഗദാക്ഷരമായി സംസാരിക്കുക, ഉണങ്ങിയ വിറകുകൊള്ളിയെ ആശ്രയിക്കുക, ഖിന്നനായിരിക്കുക, കൈകളിലും വസ്ത്രത്തിലും എള്ളു ധരിക്കുക, നനഞ്ഞ വസ്ത്രം ധരിക്കുക, തലമുടിയിൽ കറുത്തതോ ചുവന്നതോ ഉള്ള പുഷ്പങ്ങളെ ധരിച്ചിരിക്കുക, മുലകളെ തിരുമ്മുക, നഖം മുറിയ്ക്കുക, ഗുദം സ്പർശിക്കുക, കാൽകൊണ്ടു നിലത്തെഴുതുക, തലരോമം പറിയ്ക്കുക, പുല്ല് മുറിയ്ക്കുക എന്നിവ ചെയ്യുന്ന ദൂതന്മാർ അശുഭന്മാരാകുന്നു. ദൂതപ്രശ്നസമയത്ത് ദൂതന്റെയോ തന്റെയോ ഇഡ, പിംഗള എന്നീ നാഡികൾ രണ്ടായി പ്രവഹിക്കുകയോ രണ്ടിലൊന്ന് പൂർണ്ണമായിരിക്കുകയോ ചെയ്താൽ ക്രമത്തിൽ ദംശമേററിട്ടുള്ളതു സ്ത്രീക്കോ പുരുഷന്നോ നപുംസകത്തിന്നോ ആണെന്നറിയണം. പ്രശ്നസമയത്ത് ദൂതൻ ഏതവയവത്തെയാണോ സ്പർശിക്കുന്നത് ആ അവയവത്തിലാണ് ദംശമെന്നറിയേണ്ടതാണ്. പ്രശ്നകാലത്ത് ദൂതന്റെ കാൽ ഇളകുന്നതു ദോഷമാണ്; ഇളകാതെകണ്ടു നില്ക്കുന്നതു ശുഭവുമാകുന്നു. ജീവപാർശ്വത്തിൽ* ആഗതനായ ദൂതൻ ശുഭനാകുന്നു. അന്യപാർശ്വത്തിലാണെങ്കിൽ ചിന്തയമാകുന്നു. ജീവൻ ഗതാഗതങ്ങളെച്ചെയ്തുംകൊണ്ടിരിക്കുന്നതും ചീ

---

* ജീവപാർശ്വം = ജീവികളുടെ സമീപം.

ത്തയാണ്. എന്നാൽ ദൂതൻ നിവേദനം ചെയ്യുന്ന സമയത്തു ഗതാഗതങ്ങളെച്ചെയ്യുന്നതു് ശുഭവുമാകുന്നു.

ദൂതന്റെ വാക്ക് പൂർവ്വമദ്ധ്യാർദ്ധങ്ങളിൽ പ്രകൃഷ്ടമായ ദോഷത്തോടുകൂടിയതായിരുന്നാൽ അതു ഫലിതയാകുന്നു. അതിലെ വാക്യങ്ങൾ ആദിയിലോ അന്തത്തിങ്കലോ വിഭക്തങ്ങളായിരുന്നാൽ വിഷകാലം ആദിയിലോ അന്തത്തിലോ ആണെന്നറിയണം. ദൂതവാക്യത്തിൽ 'അ' മുതലായ സ്വരങ്ങളെക്കൊണ്ടും 'ക' മുതലായ വർണ്ണങ്ങളെക്കൊണ്ടും ലിപിഭേദം സംഭവിയ്ക്കാം. അവയിൽവെച്ച് സ്വരജമായ വർഗ്ഗം വസുമത്താകുന്നു. ഇപ്രകാരം വർണ്ണമാതൃകയെ മനസ്സിലാക്കണം വർഗ്ഗാക്ഷരങ്ങളിൽ ആദ്യത്തേതു് വാതാത്മകവും, രണ്ടാമത്തേതു് ആഗ്നേയവും, മൂന്നാമത്തേതു് ഇന്ദ്രാത്മകവും, നാലാമത്തേതു ജലാത്മകവുമത്രെ. അഞ്ചാമത്തെ അക്ഷരം നപുംസകവുമാകുന്നു. സ്വരങ്ങളാകട്ടേ ഇന്ദ്രാത്മകങ്ങളും ജലാത്മകങ്ങളുമാണ്.* ഇവയിൽവെച്ച് വാതാക്ഷരങ്ങളും ആഗ്നേയാക്ഷരങ്ങളും ദൂതന്റെ വാക്യാദിയികൽ നന്നല്ല. ഹരി(ഇന്ദ്രൻ) മദ്ധ്യമമത്രേ. വാരുണങ്ങളായ (ജലാത്മകങ്ങളായ) വർണ്ണങ്ങൾ പ്രശസ്തങ്ങളാണ്. നപുംസകവർണ്ണങ്ങളാകട്ടെ ഏററവും നിന്ദ്യങ്ങളാകുന്നു.

പ്രസ്ഥാനത്തിങ്കൽ മംഗളവാക്യം, മേഘഗർജ്ജനം, ഗജഗർജ്ജനം, എന്നിവ നല്ലതാകുന്നു. പക്ഷികൾ പ്രദക്ഷിണമായിപ്പറന്ന് ഇടത്തുഭാഗത്തുള്ള ഫലത്തിങ്കലോ വൃക്ഷത്തിന്മേലോ ഇരുന്ന് കരയുന്നതും നല്ലതത്രേ. ഗീതം മുതലായവയുടെ ശബ്ദങ്ങളും ശുഭങ്ങളാണ്. ഇപ്രകാരമുള്ള സംഗതികൾ കാര്യസിദ്ധികരങ്ങളാകുന്നു "അനർത്ഥമായല്ലോ" എന്ന വാക്ക്, നിലവിളി, ദക്ഷിണഭാഗത്തുനിന്നുള്ള രോദനം; ക്ഷുതം (തുമ്മൽ) ഇവ ഫലിതയാകുന്നു.

വേശ്യാസ്ത്രീകൾ, രാജാക്കന്മാർ, കന്യകമാർ, പശു, ഗജം, മുരജവാദ്യം, കൊടി, പാൽ, നെയ്, തയിർ, ശംഖം, ജലം, കുട, ഭേരീവാദ്യം, ഫലം, ദേവന്മാർ, അരി, സ്വർണ്ണം, വെള്ളി എന്നിവ യാത്രയിൽ അഭിമുഖമായി വരുന്നതു് ശുഭശകുനങ്ങളാകുന്നു. വിറകോ തീയോ കൈകളിൽധരിച്ചുംകൊണ്ടു വരുന്നവൻ, ആശാരി, മലിനവസ്ത്രധാരി, ഭാരം ചുമക്കുന്നവൻ, പുളി ചുമലിലെടുത്തുവരുന്ന ആശാരി, ഗോമായു, ഗൃദ്ധ്രം, ഉലൂകം, കപർദ്ദിക, എണ്ണ, കലയോട്, പരുത്തി ഇവ നിഷിദ്ധങ്ങളത്രേ. ഭസ്മമാകട്ടേ നാശകാരണമാകും.

വിഷം ഒരു ധാതുവിൽനിന്നു മറെറാരു ധാതുവിനെ പ്രാപിയ്ക്കുന്നതു നിമിത്തം ഏഴു വിധം വിഷരോഗങ്ങൾ ഉണ്ടാകും. വിഷദംശം ഒന്നാമതു് ദഷ്ടന്റെ ലലാടത്തെയാണ് പ്രാപിക്കുക. പിന്നെ നേത്രത്തെയും, തദനന്തരം മുഖത്തേയും പ്രാപിയ്ക്കും. മുഖത്തിൽനിന്നു വചന

---

* 'ഋ' ഇന്ദ്രാത്മകം, 'ൠ' ജലാത്മകം, 'ഌ' ഇന്ദ്രാത്മകം, 'ൡ' ജലാത്മകം ഇത്യാദിയായിട്ടറിയണം.

നാഡികളെ (വാഗ്വാഹിനികളായ ഞരമ്പുകളെ) പ്രാപിക്കും. അതിന്നു ശേഷമാണു വിഷം രസാദിസപ്തധാതുക്കളേയും പ്രാപിക്കുക.

---

## അദ്ധ്യായം ൧൭.

---

അഗ്നി:—ഇനി ഞാൻ, മന്ത്രംകൊണ്ടും ധ്യാനംകൊണ്ടും ഔഷധംകൊണ്ടും സർപ്പദഷ്ടന്നുള്ള ചികിത്സയെപ്പറയാം.

"ഓം നമോ ഭഗവതേ നീലകണ്ഠായ"എന്ന മന്ത്രം ജപിച്ചാൽ വിഷഹാനി വരും. ചാണകനീരും നെയ്യും ചേൎത്തു സേവിയ്ക്കുന്നതു് ജീവരക്ഷണമായ ഔഷധമാകുന്നു.

ജംഗമമെന്നും സ്ഥാവരമെന്നും, വിഷം രണ്ടുവിധമാകുന്നുവെന്നു പറയപ്പെട്ടുന്നു. സർപ്പവിഷം, മൂഷകവിഷം മുതലായവ ജംഗമമത്രേ. ശൃംഗം മുതലായവയുടെ വിഷം സ്ഥാവരവുമാകുന്നു. "ശാന്തസ്വരാന്നാഹിതോ ബ്രഹ്മാ ലോഹിതം, താരകം ശിവഃ" ഇതു് വിയതിനാമമന്ത്രമാകുന്നു. താൎക്ഷ്യമന്ത്രം ശബ്ദസ്വരൂപമായിട്ടുള്ളതാണു്. അതെങ്ങനെയെന്നാൽ—"ഓം ജ്വല മഹാമതേ ഹൃദയായ" എന്നു ഹൃദയം; ഗരുഡ വിരാലശിരസേ" എന്നു ചൂഡ; "ഗരുഡശിഖായൈ" എന്നു ശിഖ; "ഗരുഡ വിഷഭഞ്ജന പ്രഭേദന പ്രഭേദന വിത്രാസയ വിത്രാസയ വിമൎദ്ദയ വിമൎദ്ദയ കവചായ"എന്നു കവചം; "അപ്രതിഹതശാസനം വം ഹ്രൂം ഫട്" എന്നസ്ത്രം; "ഉഗ്രരൂപധാരകസൎവ്വഭയങ്കര ഭീഷയ സൎവ്വം ദഹ ദഹ ഭസ്മീകുരു കുരു സ്വാഹാ" എന്നുനേത്രം. ഈ മന്ത്രംകൊണ്ടു ഗരുഡനെ പൂജിയ്ക്കേണ്ടതിന്നു് ഏഴ വൎഗ്ഗങ്ങളുടെയും അന്തത്തിങ്കലുള്ള ഈരണ്ടു വൎണ്ണങ്ങളിൽ രോധിയ്ക്കപ്പെട്ട അഷ്ടദിദളങ്ങളോടും കേസരങ്ങളോടും കൂടിയതും, അഗ്നികോണിൽ രേഫാത്മകമായി ഭവിച്ച കൎണ്ണികയോടു കൂടിയതുമായ മാതൃകാപത്മത്തെ ഹൃദയത്തിൽധ്യാനിച്ചു് മന്ത്രംചൊല്ലി ഇടത്തേ ഹസ്തതലത്തിൽ ന്യാസംചെയ്യണം. വിയതിയിൽനിന്നു ഭിന്നങ്ങളായ കലകളായിസ്സങ്കല്പിച്ചു് അംഗുഷ്ഠാദികളിൽ വൎണ്ണങ്ങളെ ന്യാസംചെയ്യണം. പൃഥിവി ദേവതയായിട്ടുള്ളതിനെ പീതവൎണ്ണത്തോടുകൂടിയതായും, വജ്രംപോലെ ചതുഷ്കോണാകൃതിയായും, ഇന്ദ്രൻ ദേവതയായിട്ടുള്ളതിനെ അൎദ്ധവൃത്താകാരമായും, ജലം ദേവതയായിട്ടുള്ളതിനെ പത്മാൎദ്ധാകാരമായും, വരുണൻ ദേവതയായിട്ടുള്ളതിനെ ശുക്ലവൎണ്ണവും ത്ര്യസ്രവുമായും, അഗ്നി ദേവതയായിട്ടുള്ളതിനെ സ്വസ്തികചിഹ്നത്തോടുകൂടിയതും തേജോമയവുമായും, വായു ദേവതയായിട്ടുള്ളതിനെ വൃത്താകാരവും ബിന്ദുസഹിതവും-കറുത്ത മാലയുള്ളതുമായും അംഗുഷ്ഠം മുമ്പായുള്ള അംഗുലികളുടെ മദ്ധ്യത്തിങ്കൽ സ്വൎണ്ണമയമായ ഗരുഡപ്രതിമയാൽ വേഷ്ടിതങ്ങളായ സ്വസ്ഥാനങ്ങളിൽ ക്രമത്തിൽ വിന്യ

സിയ്ക്കണം. വിയതിയുടെ നാലു വർണ്ണങ്ങൾ ശോഭനമണ്ഡലത്തോടുകൂടിയവയും ഒരുപോലെ പ്രഭയുള്ളവയുമാണ്. അവയെ രൂപഹീനവും ശബ്ദതന്മാത്രസ്വരൂപവും ശിവൻ ദേവതയായിട്ടുള്ളതുമായ ആകാശത്തിങ്കൽ ന്യസിയ്ക്കണം. അവയിൽ ആദ്യത്തെ അക്ഷരത്തെ കനിഷ്ഠികയുടെ (ചെറുവിരലിന്റെ) മദ്ധ്യപർവ്വത്തിങ്കൽ (നടുവിലെ മുട്ടിൽ) ന്യസിപ്പൂ; നാഗങ്ങളുടെ ആദിവർണ്ണങ്ങളേയും സ്വമണ്ഡലങ്ങളിലായിട്ടു ന്യസിപ്പൂ; അംഗുഷ്ഠാദികളായുള്ള വിരലുകളുടെ അഗ്രപർവ്വങ്ങളിൽ പഞ്ചഭൂതങ്ങളുടെ ആദ്യാക്ഷരങ്ങളെ ന്യസിപ്പൂ; വിദ്വാനായ മാന്ത്രികൻ അവയെ ന്യസിക്കുന്നതു് തന്മാത്രാദിഗുണസഹിതങ്ങളായിട്ടു വേണം. ഇപ്രകാരം ന്യാസംചെയ്യപ്പെട്ടതായി ഹസ്തത്തെ താർക്ഷ്യഹസ്തമെന്നു പറയുന്നു. താർക്ഷ്യഹസ്തംകൊണ്ടു സ്പർശിച്ചാൽത്തന്നെ എല്ലാവിധത്തിലുള്ള വിഷവും അകന്നുപോകും. വിയതിയുടെ ആ വർണ്ണങ്ങളെ രണ്ടംഗുലികളെക്കൊണ്ടു മണ്ഡലാദ്യാകാരങ്ങളോടുകൂട്ടമാറു് ദേഹത്തിൽനാഭിമുമ്പായുള്ള സന്ധിസ്ഥാനങ്ങളിൽ ന്യസിയ്ക്കുകയുമാകാം. കാൽമുട്ടോളം വരുന്ന സ്ഥാനത്തു് സ്വർണ്ണവർണ്ണമായും, പിന്നെ നാഭിയോളം മഞ്ഞളിന്റെ വർണ്ണംപോലെയുള്ള വർണ്ണത്തോടുകൂടിയതായും, നാഭിമുതൽ കണ്ഠത്തോളമുള്ള സ്ഥാനത്തു് കുങ്കുമംപോലെ രക്തവർണ്ണമായും, കണ്ഠംമുതൽ കേശത്തിങ്കലോളം കൃഷ്ണവർണ്ണമായുമാണ് ന്യസിയ്ക്കേണ്ടതു്. ഇപ്രകാരം ന്യസിയ്ക്കപ്പെട്ട മണ്ഡലാദികളിൽ ബ്രഹ്മാണ്ഡം മുഴുവൻ വ്യാപിച്ചും ചന്ദ്രാദ്യയോടുകൂടിയും നാഗഭൂഷണങ്ങളെധരിച്ചും നീലവർണ്ണവും ഉഗ്രരൂപവുമായ നാസയോടുകൂടിയും വലിയ ചിറകുകളോടുകൂടിയുമിരിയ്ക്കുന്ന ഗരുഡനെ സ്മരിയ്ക്കണം. ഇപ്രകാരമുള്ള ന്യാസധ്യാനാദികളെക്കൊണ്ടു താർക്ഷ്യസ്വരൂപനായിട്ടുള്ളവന്റെ വാക്യത്താൽത്തന്നെ വിഷബാധ ഒഴിഞ്ഞുപോകും. താർക്ഷ്യഹസ്തംകൊണ്ടു ബന്ധിയ്ക്കപ്പെട്ടതായ മുഷ്ടിയും വിഷത്തെ ഹനിയ്ക്കുന്നതാകുന്നു. താർക്ഷ്യഹസ്തത്തെ വഴിപോലെ പൊക്കി (ഓങ്ങി) അതിലെ അഞ്ചു വിരലുകളേയും ഇളക്കിയാൽ വിഷത്തിന്നു സ്തംഭം ഭവിയ്ക്കും. ഭൂബീജമായിട്ടുള്ളതും പഞ്ചാക്ഷരാധിപതിയുമായ മന്ത്രം "സംസ്തംഭയേതി വിഷതഃ" (കഠിനമായ വിഷത്തിങ്കൽനിന്നു് ഞാൻ സ്തംഭിപ്പിക്കുന്നുണ്ടു്) എന്നു പറഞ്ഞു ജപിച്ചാൽ വിഷം സ്തംഭിപ്പിയ്ക്കപ്പെടും; ഈ മന്ത്രംതന്നെ ഭൂബീജത്തെ മാററി "സംപ്ലവ പ്ലാവയ യമഃ" എന്നു പറഞ്ഞു് വഴിപോലെ സാധിതമായാൽ വിഷത്തെ സംഹരിയ്ക്കും. ഈ മന്ത്രത്താൽത്തന്നെ സാധുവാകുംവണ്ണം അഭിമന്ത്രണം ചെയ്യപ്പെട്ട ജലംകൊണ്ടു് അഭിഷേകം ചെയ്താൽ വടിപോലും ഉയർന്നെഴുന്നേല്ക്കും. ഇതിനാൽ വഴിപോലെ അഭിമന്ത്രണം ചെയ്യപ്പെട്ട ശംഖം, ഭേരി മുതലായവയുടെ ശബ്ദം കേട്ടാലും ആ ഫലംതന്നെ ഭവിയ്ക്കും. ഇതിൽ ഭൂബീജം, വഹ്നിബീജം എന്നിവയെ വ്യത്യാസപ്പെടുത്തിജ്ജപിച്ചാൽ വിഷത്തെ ദഹിപ്പിയ്ക്കും. ഭൂവായുബീജങ്ങളെ

വ്യത്യാസപ്പെട്ടത്തി ഈ മന്ത്രം ജപിച്ചാൽ വിഷം ഒരുവനിൽനിന്ന് മറ്റൊരുവനിലേക്ക് സംക്രമിപ്പിയ്ക്കപ്പെട്ടും.

മേൽപ്പറഞ്ഞ മന്ത്രങ്ങളെക്കൊണ്ടുള്ള കർമ്മത്തെ ചെയ്യുന്നവൻ തൻെറ ഗൃഹത്തിൻെറ അന്തർഭാഗത്തിങ്കൽ സ്ഥിതിചെയ്തുംകൊണ്ട് അഗ്നീസോമജലബീജഗ്രഹണത്താൽ ഗരുഡാകാരനായിച്ചമഞ്ഞിട്ട് ഇതിനെ സിദ്ധിവരുത്തുകയും, എന്നിട്ട് ഗരുഡക്ഷേത്രത്തിലോ വരുണക്ഷേത്രത്തിലോ ഇരുന്ന് ഇതിനെ ജപിക്കുകയും വേണം. എന്നാൽ വിഷം നശിക്കും. ...ഈ മന്ത്രത്തിൽ സ്വധ, ശ്രീ എന്നിവരുടെ ബീജം കൂട്ടിജ്ജപിച്ച് സ്നാനപാനങ്ങളെ ചെയ്താൽ സർവ്വവിഷഹരണം ഫലം. സർവ്വജ്വരങ്ങളേയും അപമൃത്യുവേയും ഇതുകൊണ്ടു ജയിക്കാം.

(പക്ഷിരാജമന്ത്രം)

(൧) പക്ഷിപക്ഷി മഹാപക്ഷി മഹാപക്ഷി വി വി സ്വാഹാ; (൨) പക്ഷിപക്ഷിമഹാപക്ഷി മഹാപക്ഷി ക്ഷി ക്ഷി സ്വാഹാ—ഈ രണ്ടും പക്ഷിരാജമന്ത്രങ്ങളാകുന്നു. ഇവയെജ്ജപിച്ചാൽ വിഷങ്ങൾ ശമിക്കും.

(ഗരുഡഗായത്രി)

"പക്ഷിരാജായ വിദ്മഹേ പക്ഷിദേവായ ധീമഹി താന്നോ ഗരുഡഃ പ്രചോദയാൽ" ഗരുഡഗായത്രി എന്നു പറയപ്പെടുന്ന ഈ മന്ത്രവും വിഷഹരമാകുന്നു.

"വഹ്നിമദ്ധ്യൌ പാർശ്വതൽപൂർവ്വൌ ദന്തശ്രീകൌ ച ദണ്ഡിനൌ സകാലീ ലാംഗലീ" എന്നുള്ളതാണ് ആദ്യമായ നീലകണ്ഠമന്ത്രം. ഈ മന്ത്രങ്ങളെ ഉരസ്സ്, കണ്ഠം, ശിഖ എന്നിവയിൽ ന്യാസംചെയ്യണം. "ഹരഹരഹൃദയായ നമഃ" എന്നു ഹൃദയം; "ഹരഹര കപർദ്ദിനേ നമഃ" എന്നു ശിരസ്സ്; ഹരഹര നീലകണ്ഠായ നമഃ" എന്നു ശിഖ; ഇങ്ങനെ അംഗന്യാസവും ചെയ്യണം. എന്നിട്ട് "ഹരഹര നമഃ കപർദ്ദിനേ കാളകൂടവിഷഭക്ഷണായ സ്വാഹാ" എന്നു ജപിപ്പൂ. "കൃത്തിവാസാഃ", "ത്രിനേത്രഃ" ഇവകൊണ്ടാണ് കവചവും നേത്രവും വേണ്ടതു്. കിഴക്കോട്ട് ശ്വേതവർണ്ണവും തെക്കോട്ട് പീതവർണ്ണവും പടിഞ്ഞാട്ട് അരുണവർണ്ണവും വടക്കോട്ട് കൃഷ്ണവർണ്ണവുമായ മുഖങ്ങളോടുകൂടിയവനായും അഭയം, വരദം, ചാപം, വാസുകി എന്നിവയെ നാലു കൈകളെക്കൊണ്ടു ധരിയ്ക്കുന്നവനായും പാർശ്വത്തിങ്കൽ ഗൌരീസംഹിതനായുമിരിയ്ക്കുന്ന രുദ്രനാണ് ഇതിന്നു ദേവത. ഈ മന്ത്രത്തിലെ വർണ്ണങ്ങളെ പാദം, ജാനു, ഗുഹ്യം, നാഭി, ഹൃദയം, കണ്ഠം, മുഖം, ശിരസ്സ് എന്നിവയിലും രണ്ടു കൈകളുടേയും പെരുവിരൽ മുതലായ അംഗുലികളിലും തർജ്ജനി (ചൂണ്ടുവിരൽ) തുടങ്ങിയുള്ള അംഗുലികളിലും വിശേഷിച്ച് അംഗു

ഷ്ഠങ്ങളിലും ന്യാസംചെയ്യണം. ഇങ്ങനെ ധ്യാനിച്ച് അതിനെ, ശൂല മുദ്ര ബന്ധിച്ച് വേഗത്തിൽ സംഹരിയ്ക്കുകയും വേണം. പെരുവിരലും ചെറുവിരലും കൂട്ടിച്ചേർത്ത് ശേഷം മൂന്ന വിരലുകളേയും നിവർത്തിയിട്ടാണ് ഈ മുദ്ര കാണിയ്ക്കേണ്ടത്. വിഷനാശനത്തിനാണെങ്കിൽ എടത്തേക്കൈയിലും മററു കാൎയ്യങ്ങൾക്കു വലത്തേക്കൈയിലുമാണ് ഈ മുദ്ര ബന്ധിക്കേണ്ടത്.

"ഓം നമോ ഭഗവതേ നീലകണ്ഠായ ചിഃ അമലകണ്ഠായ ചിഃ സർവ്വജ്ഞകണ്ഠായ ചിഃ ക്ഷിപ ഓം സ്വാഹാ. അമലനീലകണ്ഠായ നൈകസർവ്വവിഷാപഹായ നമസ്തേ രുദ്രമന്യ വേ"—ഈ മന്ത്രംകൊണ്ടു സമ്മാൎജ്ജനംചെയ്താൽ വിഷം നശിക്കും, സംശയമില്ല. ഇതു ചെവിയിൽ ജപിയ്ക്കുകയോ ഇതുകൊണ്ടഭിമന്ത്രിതമായ മെതിയടി ധരിയ്ക്കുകയോ ചെയ്താലും വിഷം ശമിയ്ക്കും.

വിഷപരിഹാരത്തിന്ന രുദ്രവിധാനമനുസരിച്ച് നീലകണ്ഠനായ ശിവനെ പൂജിയ്ക്കുകയും വേണം. രുദ്രവിധാനം പൂജ ചെയ്താൽ വിഷനിമിത്തമായുള്ള വ്യാധികളൊക്കെയും ശമിയ്ക്കും.

—:0:—

## അദ്ധ്യായം ഫവ്വ

അഗ്നി:—ഇനി ഞാൻ, അംഗങ്ങളോടുകൂടിയതും സർവ്വത്തേയും ദാനംചെയ്യുന്നതും ശ്രേഷ്ഠവുമായ രുദ്രവിധാനത്തെപ്പറയാം.

ഹൃദയം ശിവസങ്കല്പം; ശിരസ്സ് പുരുഷസൂക്തം; ശിഖ അപ് സൂക്തം; കവചം ആശ്രുസൂക്തം; അസ്ത്രം ശതരുദ്രീയം;—ഇവയാണ് രുദ്രന്റെ പഞ്ചാംഗങ്ങൾ. ഈ അംഗങ്ങളേയും ന്യാസംചെയ്ത് ശിവനെദ്ധ്യാനിച്ച് രുദ്രങ്ങളെ യഥാക്രമം ജപിക്കണം. ഇതിനെത്തന്നെ വിവരിക്കുന്നു

"യജ്ജാഗ്രത" എന്നുള്ള ആറു ഋക്കുകൾ മനസ്സുകൊണ്ടു (മനസ്സങ്കല്പംകൊണ്ട്) ജപിക്കേണ്ടതാണ്. അതിന്നു ഋഷി ശിവസങ്കല്പനും, ഛന്ദസ്സ് ത്രിഷ്ടുപ്പും ആണെന്ന പറയപ്പെടുന്നു. (ഇതത്രേ ഹൃദയം) സഹസ്രശീർഷാ എന്നുള്ളതാണു ശിരസ്സ്. അതിന്നു ഋഷി നാരായണനും, ദേവത പുരുഷനും; ഛന്ദസ്സ് അനുഷ്ടുപ്പുമാകുന്നു. അപ്സൂക്തത്തിന്ന് ഋഷി ഉത്തര ഗോ നരനുമാണ്. ആദ്യത്തെ മൂന്ന് ഋക്കുകൾക്കും ത്രിഷ്ടുപ്പ് ഛന്ദസ്സും, പിന്നെ രണ്ടിന്നും അനുഷ്ടുപ്പ് ഛന്ദസ്സും ഒടുവിലത്തെ ഋക്കിന്നു ത്രിഷ്ടുപ്പ് ഛന്ദസ്സും ആകുന്നു. ഇതിന്നും ദേവത പുരുഷൻ തന്നെ. ആശ്രുസൂക്തത്തിലെ പന്ത്രണ്ടു ഋക്കുകൾക്ക് ഇന്ദ്രൻ ദേവതയാകുന്നു. ഛന്ദസ്സ് ത്രിഷ്ടുപ്പും, ഋഷി പ്രതിരഥനുമത്രേ. പതിനേഴ് ഋക്കുകളോടുകൂടിയ സൂക്തത്തിങ്കൽ ദേവതമാർ വേറെവേറെയാകുന്നു;

അംഗദേവത പുരുവിഷ്ണുമാകുന്നു, അവശിഷ്ടദൈവതങ്ങളായവയിൽ ഛന്ദസ്സ് അനുഷ്ടുപ്പാണെന്നു പറയപ്പെട്ടിരിക്കുന്നു. "ആസൌ യസ്താമ്രഃ" എന്നതിന്ന് ഇന്ദ്രൻ ദേവതയും, പുരുലിംഗൻ അംഗദേവതയും, പംക്തി ഛന്ദസ്സുമത്രെ. രൌദ്രാദ്ധ്യായത്തിങ്കൽ ഋക്കെയും പരമേഷ്ഠിയും ഋഷിയായിരിക്കും; അഥവാ പ്രജാപതി ഋഷിയായിരിക്കും. "ദേവാനാം ഹൃദസ്യ" എന്നുള്ള മൂന്നിന്നു പ്രജാപതി ദേവതയാകുന്നു. മനോ എന്നുള്ള രണ്ടിന്നു ഉമയത്രെ ദേവത. രുദ്രാശ്ച എന്നുള്ളതിന്നു രുദ്രൻ ദേവത. ആദ്യത്തെ അനുവാകത്തിന്ന് ഏകരുദ്രൻ ദേവത; ഗായത്രി ഛന്ദസ്സ്. പിന്നെ മൂന്നു ഋക്കുകൾക്ക് അനുഷ്ടുപ്പാണ് ഛന്ദസ്സ്. പിന്നെ മൂന്നിന്ന് ഛന്ദസ്സ് പംക്തിയും, രണ്ടിന്ന് അനുഷ്ടുപ്പുമാകുന്നു. പിന്നെ രണ്ടിന്ന് ഛന്ദസ്സ് ജഗതിയുമത്രെ. രുദ്രങ്ങൾ എന്നുള്ള്. ഹിരണ്യബാഹു ക്കൾ മൂന്ന്, നമോവഃ കിരികായ എന്നതൊന്ന്. ഈ ഋക്കുകൾക്കൊക്കെയും ദേവൻ രുദ്രനത്രെ. [ഈ മന്ത്രങ്ങളെല്ലാം വിഷഹരങ്ങളാണ്].

ത്രൈലോക്യമോഹനമന്ത്രവും വിഷഭയം, വ്യാധിപീഡ, ശത്രുഭയം ഇവയെ നീക്കിക്കളയുന്നതാണ്. ഇം, ശ്രീം, ഹ്രീം, ഹ്രം ത്രൈലോക്യമോഹനായ വിഷ്ണവേ നമഃ എന്നത്രെ ആ മന്ത്രം. അനുഷ്ടുപ്പ് ഛന്ദസ്സായിട്ടുള്ള നൃസിംഹമന്ത്രംകൊണ്ടും വിഷവ്യാധിശത്രുക്കളെ നശിപ്പിക്കാം.

"ഓം ഹം ളം ഉഗ്രം വീരം മഹാവിഷ്ണും ജ്വലന്തം സർവ്വതോമുഖം
നൃസിംഹം ഭീഷണം ഭദ്രം മൃത്യുമൃത്യും നമാമ്യഹം ॥"

എന്നത്രെ ആ മന്ത്രം. ഈ മന്ത്രം തന്നെ അംഗാംഗങ്ങളോടും കൂടി വിനിയോഗിച്ചാൽ സർവ്വാർത്ഥസാധകമായി ഭവിക്കും. ഇതുപോലെ തന്നെ ദ്വാദശാക്ഷരമന്ത്രം, അഷ്ടാക്ഷരമന്ത്രം എന്നിവയും വിഷവ്യാധികളെ മർദ്ദിക്കുന്നവയാകുന്നു. കുബ്ജികാമന്ത്രം, ത്രിപുരാമന്ത്രം, ഗൌരീമന്ത്രം, ചന്ദ്രികാമന്ത്രം ഇവ വിഷഹാരികളത്രെ. പ്രസാദമന്ത്രം വിഷഹരവും ആയുസ്സുമാരോഗ്യവും വളർത്തുന്നതുമത്രെ. അപ്രകാരം തന്നെ സൌരമന്ത്രം, വിനായകമന്ത്രം, രുദ്രമന്ത്രം ഇവയും വിഷങ്ങളെ അകററും.

——(?)——

## അദ്ധ്യായം ൩൯

അഗ്നി:—ഓം നമോ ഭഗവതേ രുദ്രായ ഛിന്ദ ഛിന്ദ വിഷം ജ്വലിതപരശുപാണയേ ഹുഃ—നമോ ഭഗവതേ പക്ഷിരുദ്രായ ദഷ്ടകം ഉത്ഥാപയോത്ഥാപയ ദഷ്ടകം കമ്പയ കമ്പയ ജല്പയ ജല്പയ സർവ്വദഷ്ടമുത്ഥാപയ ലല ലല ബന്ധ ബന്ധ മോചയ മോചയ വരരുദ്ര ഗച്ഛ ഗച്ഛ വധ വധ ത്രുട ത്രുട ബുക ബുക ഭീഷയ ഭീഷയ മുഷ്ടിനാ സംഹര

വിഷം ഠ ഠ—ഈ മന്ത്രം പാമരുദ്രമന്ത്രമാകുന്നു. ഇതു ജപിച്ചാൽ വിഷം നശിക്കും, സംശയമില്ല.

---

ഓം നമോ ഭഗവതേ രുദ്ര നാശയ വിഷം സ്ഥാവരജംഗമം കൃത്രിമാകൃത്രിമവിഷമുപവിഷം നാശയ നാനാവിഷം ദുഷ്ടകവിഷം നാശയ ധമ ധമ ദമ ദമ വമ വമ മേഘാന്ധകാരധാരാവർഷനിർവ്വിഷീഭവ സംഹര സംഹര ഗഛ ഗഛ ആവേശയാവേശയ വിഷോത്ഥാപനരൂപം—ഈ മന്ത്രം അന്തംവരെ ജപിച്ചാൽ വിഷം അകന്നുപോകും.

ഓം ക്ഷിപ ക്ഷിപ സ്വാഹാ ഓം ഹ്രാം ഹ്രീം ഖീം സഃ ഠം ദ്രൗം ഹ്രീം ഠഃ—ഈ മന്ത്രത്തെ ജപം മുതലായവകൊണ്ടു സിദ്ധമാക്കിയിട്ടുള്ളവൻ സർപ്പം മുതലായ വിഷമുള്ള ജന്തുക്കളെ പിടിച്ചുകെട്ടുവാൻ ശക്തനാകും.

ഒന്നോ രണ്ടോ മൂന്നോ നാലോ ബീജങ്ങൾ ചേൎത്തു് ഗോപീജനവല്ലഭായ സ്വാഹാ എന്ന മന്ത്രം ജപിച്ചാൽ എല്ലാകാൎയ്യങ്ങളും സാധിക്കും.

ഓം നമോ ഭഗവതേ രുദ്രായ പ്രേതാധിപതയേ ശ്രൂണ ശ്രൂണ ഗജ്ജ ഗജ്ജ ഭ്രാമയ ഭ്രാമയ മുഞ്ച മുഞ്ച മൃഹ്യ മൃഹ്യ കട കട ആവിശ ആവിശ സുവൎണ്ണപതംഗ രുദ്രോ ജ്ഞാപയതി ഠ ഠ—ഈ മന്ത്രത്തിന്നു് പാതാളക്ഷോഭമന്ത്രം എന്നു പേർ; ഇതിനെ മന്ത്രണംചെയ്താൽ വിഷങ്ങൾ ശമിക്കും.

സൎപ്പദംശത്തിങ്കൽ കടിയേററ ഉടനെ വിറകുകൊള്ളി, കല്ലു് മുതലായവ പഴുപ്പിച്ചു് അവയെക്കൊണ്ടു് കടിവായ പൊള്ളിക്കുന്നതു നല്ലതാകുന്നു. വാകക്കുരു, വാകപ്പൂവു്, എരുക്കിൻപാൽ, എരുക്കിന്റെ വിത്തു്, ചുക്കു്, മുളകു്, തിപ്പലി—ഈ യോഗംകൊണ്ടു് പാനലേപനാഞ്ജനങ്ങൾ ചെയ്താൽ വിഷം നശിക്കും. കുരുമുളകു്, വാകപ്പൂവിന്റെ നീരിൽ ഭാവനംചെയ്തു് അതുകൊണ്ടു പാനനസ്യാഞ്ജനാദികളെച്ചെയ്താൽ വിഷം നശിക്കും, സംശയമില്ല. പുട്ടൽപീരം, വയമ്പു്, കായം, വാകത്തൊലി ഇവ എരുക്കിൻപാൽ ചേൎത്തു് പാനനസ്യാഞ്ജനാദികളിൽ ഉപയോഗിച്ചാലും വിഷം നശിക്കും. ചുക്കു്, മുളകു്, തിപ്പലി ഇവ ആട്ടിൻമൂത്രത്തിൽ അരച്ചുചേൎത്തു് നസ്യാദികൾ ചെയ്താലും ഫലം മേൽപ്രകാരംതന്നെ. കായം, ഇക്ഷ്വാകു ഇവയുടെ പൊടികൊണ്ടു് മേൽപ്രകാരം നസ്യാദികൾ ചെയ്താലും ഫലം അങ്ങനെതന്നെ. ഇന്ദ്രബല, കൊടുവേലി, തുളസി, പൂവ്വാംകുറുന്തില എന്നിവയുടെ നീരിൽ ഭാവനംചെയ്തതായ ത്രികടു (ചുക്കു്, മുളകു്, തിപ്പലി) പൊടിച്ചു സേവിച്ചാൽ വിഷം ശമിക്കും. വാകയുടെ അഞ്ചംഗങ്ങളും കൃഷ്ണപഞ്ചമിയിൽ എടുത്തു് അതുകൊണ്ടു് പാനനസ്യാഞ്ജനാലേപാദികൾ ചെയ്താലും വിഷം ശമിക്കും.

——(ം)——

# അദ്ധ്യായം ൨൦

അഗ്നി:—ഹേ വസിഷ്ഠ, ഇനി, ഞാൻ അങ്ങയ്ക്കു ഗോനസാദികളുടെ ചികിത്സയേയും പറയാം, കേട്ടാലും.

"ഹ്രീം ഹ്രീം അമലപക്ഷി സ്വാഹാ—ഈ മന്ത്രം ജപിച്ച് വെററിലതിന്നാൽ മണ്ഡലിയുടെ വിഷം ശമിക്കും. വെളുത്തുള്ളി, കായം, കൊട്ടം, കൊട്ടവേലിക്കിഴങ്ങ്, ചുക്ക്, മുളക്, തിപ്പലി ഇവ വിഷഹരങ്ങളാകുന്നു. അഹിവിഷത്തിങ്കൽ ഒരു പക്ഷം കാലം പശുവിൻപാൽ കുടിച്ച് മേല്പറഞ്ഞ ഔഷധങ്ങൾ സേവിച്ചാൽ രോഗശമനം ഭവിക്കും.

രാജിലമെന്ന പാമ്പു. കടിച്ചാൽ നെയ്യും തേനും പശുവിൻ ചാണകനീരും കൂടിയതിൽ തിപ്പലിയും ഇന്തുപ്പും ചേൎത്തു സേവിക്കുന്നതു് നല്ലതാകുന്നു. പാലും നെയ്യും കൂടിയതിൽ തിപ്പലി അരിഞ്ഞിട്ടു ഭാവനംചെയ്തു ഉണക്കിപ്പൊടിച്ച് തേനിൽ ചാലിച്ചു സേവിക്കുക; ചുക്ക്, മുളക്, തിപ്പലി, മയിൽപ്പീലി, പൂച്ചയുടെ എല്ല്, കീരിയുടെ രോമം ഇവ സമം പൊടിച്ച് ആട്ടിൻനെയ്യിൽ ചാലിച്ച് അതുകൊണ്ടു പുകച്ചാൽ സൎവ്വവിഷങ്ങളും ശമിക്കും. കീരിരോമം, കരുനൊച്ചിവേര്, അങ്കോലത്തൊലി ഇവയെല്ലാം കൂടിയേടത്തോളം വെള്ളുള്ളി ഇവ ഓടലിലകൊണ്ടു പൊതിഞ്ഞു ചുട്ടുവിയൎപ്പിച്ച് കാടിയിൽ പാചനം ചെയ്ത് ധൂപനംചെയ്യുന്നതും വിഷഹരമത്രെ.

മൂഷികൻ (എലി) പതിനാറുവിധമുണ്ടു്. അവയുടെ വിഷത്തിങ്കൽ പരുത്തിയില കുത്തിപ്പിഴിഞ്ഞ നീര് എണ്ണ ചേൎത്തു സേവിക്കുക. എന്നാൽ മൂഷികനിമിത്തമായ വിഷരോഗങ്ങൾ ശമിക്കും. അപ്രകാരംതന്നെ ഞാഴൽപ്പൂവ് ചുക്കും ശൎക്കരയുംകൂട്ടി സേവിക്കാം. ഇതു ചെയ്താൽ മൂഷികവിഷവും അരോചകവും ശമിക്കും. മൂഷികവിഷത്തിലുള്ള ചികിത്സ ഇരുപതുപ്രകാരത്തിൽ ഉണ്ടെന്നു പറയപ്പെടുന്നു.

ഇനി ലൂതാവിഷം (ചിലന്തിവിഷം) ശമിപ്പിക്കുന്നതിനുള്ള ചികിത്സ പറയുന്നു—പതിമുകം, പാതിരിവേര്, കൊട്ടം, തകരം, രാമച്ചം, ചന്ദനം, കരുനൊച്ചിവേര്, നന്നാരിക്കിഴങ്ങ്, ഹേലേയം ഇവകൊണ്ടു കഷായംവെച്ച് ആ കഷായംകൊണ്ട് സ്നാനംചെയ്യുന്നതു് ലൂതാവിഷത്തെ അകററുന്നതാകുന്നു. കുന്നിയില, കരുനൊച്ചിയില, അങ്കോലത്തില, ചുക്ക്, വരട്ടുമഞ്ഞൾ, മരമഞ്ഞൾത്തൊലി, ഉങ്ങിൻകുരുപ്പരിപ്പ് ഇവ അരച്ചു കൽക്കംകൊണ്ട് ലേപനംചെയ്യുന്നതും നല്ലതാകുന്നു.

തേൾകടിച്ചു വിഷമേററാൽ മഞ്ചട്ടിപ്പൊടി, ചന്ദനം, ചുക്ക്, മുളക്, തിപ്പലി, നെന്മേനിവാകപ്പൂവ്, ആമ്പൽപ്പൂവ് എന്നീ മരുന്നുകൾ ലേപധൂപാദികളായ നാലു കർമ്മങ്ങളിലും ഉപയോഗിക്കാം. "ഓം നമോ ഭഗവതേ രുദ്രായ പിവി പിവി ഛിന്ദ ഛിന്ദ കിരി കിരി ഭിന്ദ ഭിന്ദ ഖൾഗേന ഛേദയ ഛേദയ ശൂലേന ഭേദയ ഭേദയ ചക്രേണ ദാരയ ദാരയ ഓം ഹ്രൂം ഫട്ട്" എന്ന മന്ത്രത്താൽ അഭിമന്ത്രണം ചെയ്തുകൊണ്ടുവേണം മേല്പറഞ്ഞ ഔഷധം പ്രയോഗിപ്പാൻ. ഈ മന്ത്രം കൊണ്ട് അഭിമന്ത്രിതമായ ഔഷധം ഗർദ്ദഭാദിവിഷങ്ങളെ ശമിപ്പിക്കുന്നതിന്നും നല്ലതാകുന്നു. ഗർദ്ദഭാദികളുടെ വിഷത്തിന് കടുക്ക, നെല്ലിക്ക, താന്നിക്ക, രാമച്ചം, മുത്തങ്ങക്കിഴങ്ങ്, ഇരുവേലി, മാഞ്ചി, പതിമുകം, ചന്ദനം ഇവ ആട്ടിൻപാലിൽ അരച്ചുകലക്കി കുടിക്കുന്നതു് നല്ലതാകുന്നു. നെന്മേനിവാക പഞ്ചാംഗമായി എടുത്തതും ചുക്ക്, മുളക്, തിപ്പലി എന്നിവയും അരച്ചുകലക്കി അതുകൊണ്ട് പാനലേപധൂപനസ്യാദികൾ ചെയ്താൽ ശതപദിയുടെ വിഷം ശമിക്കും. നെന്മേനിവാകയുടെ കഴുത്തും കുരുവുംകൂട്ടി അതുകൊണ്ട് നാനാപ്രയോഗങ്ങളെ ചെയ്താൽ ഉന്ദരുവിഷം (എലിവിഷം) ശമിക്കും. അമ്പാഴത്തൊലി, വൻകുറുന്തോട്ടിവേരു്, കൊട്ടം എന്നിവ എല്ലാവിധത്തിലുമുള്ള കീടവിഷങ്ങളെ ശമിപ്പിക്കും. എരട്ടിമധുരം, ചുക്ക്, മുളക്, തിപ്പലി, ശക്കര, ഇവ അരച്ച് പാലിൽ കലക്കി പാനലേപനങ്ങൾ ചെയ്താൽ ശ്വാവുകടിച്ചിട്ടുള്ള വിഷം ശമിക്കും. "ഓം സുഭദ്രായൈ നമഃ ഓം സുപ്രഭായൈ നമഃ യാന്യൌഷധാനി ഗൃഹ്യന്തേ വിധാനേന വിനാജനൈഃ തേഷാംബീജം ത്വയാഗ്രാഹ്യമിതി ബ്രഹ്മാബ്രവീച്ചതാം" എന്ന മന്ത്രം പത്തുരു ജപിച്ച് മേല്പറഞ്ഞ ഔഷധത്തെ നമസ്കരിച്ച് മുഷ്ടികൊണ്ട് യവം വാരിയിട്ട് പിന്നെയും നമസ്കരിച്ച് "ത്വാമുദ്ധരാമ്യൂർദ്ധ്വനേത്രാം" എന്ന മന്ത്രത്താൽ ഔഷധം സേവിപ്പൂ.

സ്ഥാവരവിഷത്തിങ്കൽ ഔഷധാദികളെ നിയോഗിക്കുമ്പോൾ "നമഃ പുരുഷസിംഹായ നമോ ഗോപാലകായ ച ആത്മനൈവാഭിജാനാതി രണേ കൃഷ്ണപരാജയം; ഏതേന സത്യവാക്യേന അഗദോമേസ്തു സിദ്ധ്യതു; നമോ വൈഡൂര്യമാത്രേ തത്ര രക്ഷ രക്ഷ മാം സർവ്വവിഷേഭ്യോ ഗൌരീഗാന്ധാരി ചാണ്ഡാലിമാതംഗിനിസ്വാഹാ ഹരി മായെ" എന്ന മന്ത്രം ജപിക്കണം. വിഷം അകത്തുപെട്ട ഉടനെ വിഷജ്വാല തോന്നുന്നതായാൽ താമരക്കിഴങ്ങ് തണുത്ത വെള്ളത്തിൽ സേവിക്കാം; പിന്നേയും വിഷജ്വാല തോന്നിയാൽ നെയ്യും തേനുംകൂട്ടി സേവിക്കുകയും വേണം.

—*—

Since 1923

# അദ്ധ്യായം ൨൭

അഗ്നി:—അനന്തരം ഞാൻ ബാലന്മാരെബ്ബാധിക്കുന്ന ഗ്രഹങ്ങളെ അകററുന്നതിനായുള്ള ബാലതന്ത്രത്തെപ്പറയാം.

ജനിച്ച ദിവസം തന്നെ ശിശുവിനെ പാപിനി എന്ന പേരായ പെൺഗ്രഹം ആവേശിക്കും; എന്നാൽ ബാലൻെറ ദേഹം തൊട്ടുകയും ബാലൻ ആഹാരമൊന്നും കഴിക്കാതെ കഴുത്ത് ഇട്ടു തിരിച്ചുകൊണ്ടു കിടക്കുകയും ചെയ്യും. ഇതെല്ലാം പാപിനി ബാധിച്ചാലുള്ള ചേഷ്ടകളാകുന്നു. ഈ ഗ്രഹം കുട്ടികളുടെ മാത്രമല്ല അമ്മമാരുടേയും ബലത്തെ ഇല്ലായ്മ ചെയ്യും. ഈ ഗ്രഹത്തിൻെറ ബാധയിങ്കൽ മത്സ്യമാംസമദ്യങ്ങളെക്കൊണ്ട് ബലികൊടുക്കുകയും, പുഷ്പഗന്ധധൂപദീപങ്ങൾ ഉപഹരിക്കുകയും താതിരിപ്പൂവ്, പാച്ചോററിത്തൊലി, മഞ്ചട്ടിപ്പൊടി, ചന്ദനം എന്നിവ അരച്ചുമേൽ പുരട്ടുകയും വേണം. എരുമച്ചാണകംകൊണ്ടു പുകയ്ക്കുന്നതും നന്ന്.

പ്രസവിച്ചതിൻെറ രണ്ടാമത്തെ രാത്രിയിൽ ഭീഷണി എന്നു പേരായ പെൺഗ്രഹം ശിശുവിനെ ബാധിക്കും. അതു ബാധിച്ചാലത്തെ ചേഷ്ടകൾ ചുമ, നെട്ടവീർപ്പ് എന്നിവയും കുട്ടിയുടെ അവയവങ്ങൾക്കു സങ്കോചവുമത്രെ. ഈ ലക്ഷണങ്ങൾ കണ്ടാൽ തിപ്പലി, രാമച്ചം കടലാടിവേര്, ചന്ദനം എന്നിവ ആട്ടിൻമൂത്രത്തിൽ അരച്ചു പുരട്ടണം. പശുക്കളുടെ കൊമ്പ്, പല്ല്, തലരോമം എന്നിവകൊണ്ടു പുകയ്ക്കുകയും വേണം. ഈ ഗ്രഹത്തിനും ബലി നൽകേണ്ടതു് മുൻപറഞ്ഞ ദ്രവ്യങ്ങളെക്കൊണ്ടുതന്നെയാകുന്നു.

മൂന്നാമത്തെ രാത്രിയിൽ ഘണ്ടാളി എന്ന പേരായ പെൺഗ്രഹം ശിശുവിനെ പിടികൂടും. എന്നാൽ കുട്ടി വീണ്ടും വീണ്ടും കരയുകയും, കോട്ടുവായ ഇടുകയും ശബ്ദങ്ങൾ പുറപ്പെടുവിക്കുകയും ഞെട്ടുകയും ദേഹം വിറയ്ക്കുകയും രുചി ഇല്ലാതാകുകയും ചെയ്യും. ഇതിങ്കൽ താമരയല്ലി, അഞ്ജനക്കല്ല്, പശുവിൻേറയും ഗജത്തിൻേറയും ദന്തം ഇവ ആട്ടിൻപാലിൽ അരച്ചു പുരട്ടുന്നതു നല്ലതാകുന്നു. നാഗണം, കൂവളത്തില എന്നിവയെക്കൊണ്ട് ധൂപവും, മുമ്പു പറഞ്ഞതുപോലെയുള്ള ബലിയും ചെയ്കയും വേണം.

നാലാമത്തെ രാത്രിയിൽ കാകോളി എന്ന പേരായ പെൺഗ്രഹം ബാലനെ ഗ്രഹിക്കും. അതിൻെറ ലക്ഷണം ദേഹം ഞെട്ടുക, രുചി ക്ഷയിക്കുക, നുര തേട്ടുക, നാലു ദിക്കുകളിലേയ്ക്കും നോക്കി അയയ്ക്കുക എന്നിവയത്രെ. ഈ ഗ്രഹത്തിന് മദ്യമാംസങ്ങളെക്കൊണ്ടു വേണം ബലി കൊടുക്കുവാൻ. ആനക്കൊമ്പ്, പാമ്പിൻപടം ഇവ കുതിരമൂത്രത്തിൽ അരച്ചു പുരട്ടുകയും മഞ്ഞൾ, വേപ്പില, ഉമ്മത്തിൻമൊട്ടി ഇവകൊണ്ട് ധൂപം പ്രയോഗിക്കുകയും വേണം.

Since 1925

അഞ്ചാമത്തെ രാത്രിയിൽ ഹംസാധിക എന്ന പേരായ പെൺഗ്രഹം ശിശുവിനെ ബാധിക്കും. എന്നാൽ കോട്ടുവായ ഇടുകയും, ശ്വാസം മേല്പോട്ടുമാത്രം വിടുകയും, മുഷ്ടി ചുരുട്ടുകയും ചെയ്യും. ഈ ഗ്രഹത്തിന്നു മത്സ്യാദികളെക്കൊണ്ടു് ബലി നൽകേണ്ടതാണു്. ആട്ടിൻകൊമ്പു്, കുറുന്തോട്ടിവേരു്, പാച്ചോററിത്തൊലി, മനയോല, ഹരിതാലം എന്നിവ അരച്ചു പുരട്ടുകയും വേണം.

ആറാമത്തെ രാത്രിയിൽ ഫലകാരി എന്ന പേരായ പെൺഗ്രഹം ശിശുവിനെ ബാധിക്കും. അതു ബാധിച്ചാൽ ശിശു നടുങ്ങുകയും, മോഹാലസ്യപ്പെടുകയും, അധികം കരയുകയും, ആഹാരം കഴിക്കാതിരിക്കുകയും, ദേഹമിട്ടുരുട്ടുകയും ചെയ്യും. ഇതിന്നു മത്സ്യാദികളെക്കൊണ്ടാണു് ബലി ഉപഹരിക്കേണ്ടതു്. വരട്ടുമഞ്ഞൾ, ഗുൽഗുലു, കൊട്ടം, ആനക്കൊമ്പു് എന്നിവയെക്കൊണ്ടു് ധൂപലേപനങ്ങളും ചെയ്യേണ്ടതാണു്.

ഏഴാമത്തെ രാത്രിയിൽ മുക്തകേശി എന്ന പേരായ പെൺഗ്രഹം ബാധിക്കും. അതിൻെറ ലക്ഷണം ശിശുവിൻെറ ദേഹത്തിൽ ദുർഗ്ഗന്ധമുണ്ടാവുക, കോട്ടുവായ ഇടുക, ദേഹം ക്ഷീണിക്കുക, ചുമയ്ക്കുക എന്നിവയാകുന്നു. അതിൻെറ പരിഹാരത്തിന്നു പുലിപ്പല്ലുകൊണ്ടുള്ള ധൂപവും വയമ്പു്, ചാണകം, ഗോമൂത്രം എന്നിവയെക്കൊണ്ടുള്ള ലേപവും ഹിതമാകുന്നു.

എട്ടാമത്തെ രാത്രിയിൽ ശ്രീദണ്ഡി എന്ന പേരായ ഗ്രഹം ബാധിക്കും. എന്നാൽ ശിശു നാലു ദിക്കുകളിലേയ്ക്കും നോക്കുകയും, നാവു് ഇളക്കുകയും, കരയ്ക്കുകയും, കരയുകയും ചെയ്യും. അതിന്നു് മുമ്പു പറയപ്പെട്ടതുപോലെ മത്സ്യാദികളെക്കൊണ്ടു് ബലി നൽകുകയും വയമ്പു്, കടുകു്, വെള്ളുള്ളി എന്നിവയെക്കൊണ്ടു് ധൂപലേപനങ്ങളെ ചെയ്കയും വേണം.

ഒമ്പതാമത്തെ രാത്രിയിൽ ഊർദ്ധ്വഗ്രാഹി എന്ന ഭയങ്കരമായ പെൺഗ്രഹം ശിശുവിനെ ആവേശിക്കും. എന്നാൽ ശിശു നടുങ്ങുകയും, മേല്പോട്ടു മാത്രം ശ്വാസം കഴിക്കുകയും രണ്ടു കൈകളുടേയും മുഷ്ടികളെ കടിക്കുകയും ചെയ്യും. എന്നാൽ രക്തചന്ദനം, കൊട്ടം മുതലായവയെക്കൊണ്ടു് ലേപനവും കുരങ്ങിൻെറ രോമംകൊണ്ടും നഖംകൊണ്ടും ധൂപനവും ചെയ്യേണ്ടതാണു്.

പത്താമത്തെ രാത്രിയിൽ രോദനി എന്ന പേരായ പെൺഗ്രഹം ബാധിക്കും. അതിൻെറ ചേഷ്ട എല്ലായ്പോഴും കരയുക, ദേഹത്തിങ്കൽ സുഗന്ധവും നീലവർണ്ണവും തോന്നുക എന്നിവയാകുന്നു. ഇതിങ്കൽ നിംബപത്രം (വേപ്പില) കൊണ്ടുള്ള ധൂപവും വയമ്പു്, മഞ്ഞൾ, ചെഞ്ചല്യം എന്നിവകൊണ്ടുള്ള ലേപനവും നല്ലതാകുന്നു. മലരു്, മാംസം, യവച്ചോറു് എന്നിവയെക്കൊണ്ടു് ബഹിർഭാഗത്തിങ്കൽ ബലികൊടുക്കുകയും വേണം. പ്രസവിച്ചു് പതിമൂന്നാദിവസം കഴിയുന്നതുവരെ

ബാലന് മേൽപ്രകാരമുള്ള ധൂപാദി ക്രിയകൾ മുടക്കംകൂടാതെ ചെയ്യേണ്ടതാകുന്നു.

ഒരു മാസം പ്രായമായ കുട്ടിയെ പൂതന എന്നു പേരായി ഭയങ്കരമായുള്ള പെൺഗ്രഹം പിടികൂടുന്നതാണ്. അതു ബാധിച്ച ബാലൻ കാക്കയെപ്പോലെ കരയുകയും കൂടക്കൂടെ ശ്വാസംവിടുകയും ചെയ്യും. ദേഹത്തിനു് മൂത്രഗന്ധം ഉണ്ടായിരിക്കും. കണ്ണുകൾ ചീമ്മും. ഇങ്ങനെ കണ്ടാൽ അതിൻെറ പരിഹാരത്തിനു് ഗോമൂത്രംകൊണ്ടു കുളിപ്പിക്കുകയും, പശുവിൻെറ പല്ലുകൊണ്ടു് ധൂപനംചെയ്കയും വേണം. പൂതനയ്ക്കു പീതവസ്ത്രവും, രക്തപുഷ്പവും, രക്തചന്ദനവും, എണ്ണവിളക്കും, ത്രിവിധമായ പായസവും, മദ്യവും, എള്ളും, ചതുർവിധമായുള്ള മാംസവും ബലിയായി നൽകണം. ഇപ്പറഞ്ഞ സാധനങ്ങളെക്കൊണ്ടു് ഉങ്ങുമരത്തിൻെറ ചുവട്ടിൽ തെക്കുഭാഗത്തായിട്ടു് ഏഴുദിവസം ബലികൊടുക്കേണ്ടതാണ്.

രണ്ടുമാസം പ്രായമായ ശിശുവിനെ മുകുട എന്നു പേരുള്ള പെൺഗ്രഹം ഗ്രഹിക്കുന്നതാണ്. അതിൻെറ ബാധയേററാൽ കുട്ടിയുടെ ശരീരം ഏററവും തണുത്തിരിക്കും. ഛർദ്ദി, വാസ്സരംച്ച മുതലായവയും കുട്ടിക്കുണ്ടാകും. മുകുടയ്ക്കു പുഷ്പം, ചന്ദനം, വസ്ത്രം, അപ്പം, അട എന്നിവ കറുത്തനിറമുള്ളവയായി ബലി നൽകുകയും, വിളക്കു വെയ്ക്കുകയും, ധൂപം ചെയ്കയും വേണ്ടതാണ്.

മൂന്നാമാസം പ്രായമുള്ള ശിശുവിനെ ഗോമുഖി ആവേശിക്കും. എന്നാൽ കുട്ടി ക്രമാതീതമായി ഉറങ്ങുകയും, മലമൂത്രങ്ങൾ അധികമായി വിസർജ്ജിക്കുകയും, എപ്പോഴും കരയുകയും ചെയ്യും. ഈ ഗോമുഖിക്കു് യവം, ഞാഴൽപ്പൂവു്, മാംസം, ഉണങ്ങിയ മാംസം, ശാകം, അന്നം, പാൽ എന്നിവ പൂർവ്വാഹ്നത്തിങ്കൽ ബലിയായി ഉപഹരിക്കുകയും മദ്ധ്യാഹ്നത്തിങ്കൽ നെയ്കൊണ്ടു് ധൂപംചെയ്കയും വേണം. അഞ്ചു മരങ്ങളുടെ ഇലകൊണ്ടു് വെള്ളംവെച്ചു് കുട്ടിയെ കുളിപ്പിക്കുന്നതും നല്ലതാകുന്നു.

നാലാംമാസത്തിൽ പിംഗലയാണു പിടിപെടുക. അതു ബാധിച്ചാൽ കുട്ടിക്കു് കഠിനമായ ഉപദ്രവം ഉണ്ടായിരിക്കും. കുട്ടിയുടെ ദേഹം തണുക്കുകയും, ദുർഗ്ഗന്ധമുള്ളതായിരിക്കുകയും, ശോഷിക്കുകയും ചെയ്യും. ഭയങ്കരമായ പിംഗല പിടിപെട്ടാൽ കുട്ടി തീർച്ചയായും മരിച്ചുപോകും.

അഞ്ചാംമാസത്തിൽ ലലന എന്ന ഗ്രഹം ആവേശിക്കും. എന്നാൽ ദേഹത്തിനു് ക്ഷീണത വരികയും, വായിൽക്കൂടെ രക്തംപോകുകയും, മലം പോകുന്നതു മഞ്ഞവർണ്ണമായിരിക്കയും ചെയ്യും. ഈ ലലനയ്ക്കു ഗ്രഹത്തിൻെറ തെക്കുഭാഗത്തായി മത്സ്യാദികളായ പദാർത്ഥങ്ങളെക്കൊണ്ടു് ബലി കൊടുക്കേണ്ടതാണ്.

ആറാംമാസത്തിൽ പങ്കജ എന്ന ഗ്രഹം ബാധിക്കും. എന്നാൽ ശിശു പലപ്രകാരമുള്ള വികൃതചേഷ്ടകൾ കാണിക്കയും, വികൃതമായ വിധം കരയുകയും, വികൃതസ്വരം പുറപ്പെടുവിക്കയും ചെയ്യും. ഈ ഗ്രഹത്തിന്നു് മത്സ്യമാംസമദ്യങ്ങളും, ചോറും, പുഷ്പഗന്ധാദികളും ബലിയായി കൊടുക്കേണ്ടതാണു്.

ഏഴാംമാസത്തിൽ നിരാഹാര എന്ന ഗ്രഹം കിടാവിനെ ബാധിക്കും. അപ്പോൾ ശിശുവിന്നു് ദുർഗ്ഗന്ധാദികൾ ഉണ്ടാകും; പല്ലുകളിൽ വേദനയുമുണ്ടാകും. അരിയരച്ചതു്, മാംസം, മദ്യം മുതലായവയെ കൊണ്ടാണു് അതിന്നു ബലി നല്കേണ്ടതു്.

എട്ടാംമാസത്തിൽ ശിശുവിനെ ആവേശിക്കുന്ന ഗ്രഹം യമുനയാകുന്നു. അതു ബാധിച്ചാൽ ശിശുവിൻെറ ദേഹത്തിൽ വിള്ളൽ, വരൾച്ച മുതലായവയുണ്ടാകും. അതിന്നു് പ്രത്യേകം ചികിത്സയൊന്നും ചെയ്യേണ്ടതില്ല.

ഒമ്പതാംമാസത്തിൽ കുംഭകർണ്ണി എന്ന ഗ്രഹം കുട്ടിയെ ബാധിക്കും. അതിനാൽ ആർത്തനായ ബാലന്നു് ജ്വരവും ഛർദ്ദിയുമുണ്ടാകും കുട്ടി ക്രമത്തിലധികമായി കരയുകയും ചെയ്യും. അതിന്നു് മാംസം, ശുഷ്കമാംസം, മദ്യം മുതലായവയെക്കൊണ്ടു് ഈശാനകോണിൽ ബലി കൊടുക്കണം.

പത്താംമാസത്തിൽ താപസി എന്ന ഗ്രഹം ശിശുവിനെ ബാധിക്കും. അതുനിമിത്തം കുട്ടി ആഹാരം കഴിക്കാതിരിക്കുകയും, കണ്ണു ചിമ്മുകയും ചെയ്യും. ഈ ഗ്രഹത്തിന്നു് സമഭൂമിയിൽവെച്ചു് മണികെട്ടി, കൊടി നാട്ടി മദ്യമാംസങ്ങളെക്കൊണ്ടു് ബലി ഉപഹരിക്കണം.

പതിനൊന്നാംമാസത്തിൽ രാക്ഷസി ബാധിക്കും. എന്നാൽ കണ്ണു മുതലായവയിൽ പീഡയുണ്ടാകും. അതിന്നു് ചികിത്സയില്ല.

പന്ത്രണ്ടാമത്തെ മാസത്തിൽ പഞ്ചല ബാധിക്കും. അതു ബാധിച്ചാൽ വായുക്ഷോഭവും, ത്രാസവും, മറേറാരോ ചേഷ്ടകളും ഉണ്ടാകും. ഈ പഞ്ചലയ്ക്കു പൂർവ്വാഹ്നത്തിൽ കല്മാഷം മുതലായ പദാർത്ഥങ്ങളെക്കൊണ്ടും, മദ്ധ്യാഹ്നത്തിൽ തിലാദി പദാർത്ഥങ്ങളെക്കൊണ്ടും ബലി നല്കണം.

രണ്ടാമത്തെ സംവത്സരത്തിൽ യാതന എന്ന പേരായ ഗ്രഹം ബാധിക്കും. അതു ബാധിച്ചാൽ തീവ്രവേദനയും രോദനാദികളുമുണ്ടാകും. അതിന്നു് തിലമാംസമദ്യങ്ങളെക്കൊണ്ടു മുമ്പത്തെപ്പോലെ ബലിയും സ്നാനാദികളും ചെയ്യണം.

മൂന്നാമത്തെ സംവത്സരത്തിൽ രോദനി എന്ന ഗ്രഹം ആവേശിക്കും. അതുകൊണ്ടു ദേഹം വിറയ്ക്കുക, നിലവിളിക്കുക, രക്തം മൂത്രം പോവുക എന്നിവയുണ്ടാകും. അതിന്നു ശർക്കരപ്പായസവും എള്ളുണ്ടയുമാണു ബലി. എള്ളരച്ചുണ്ടാക്കിയ പ്രതിമയെ എള്ളുവെള്ളംകൊണ്ടു

കളിപ്പിക്കുകയും, പച്ചവൃക്ഷങ്ങളുടെ ഇലകളെക്കൊണ്ടു പുകയ്ക്കുകയും ചെയ്യണം. രാജഫലത്തിൻെറ തൊലികൊണ്ടും ധൂപം ചെയ്യാം.

നാലാംസംവത്സരത്തിൽ ചടക എന്ന ഗ്രഹം പിടിപെടും. അതിനാൽ വീക്കവും പനിയും എല്ലാ അവയവങ്ങൾക്കും തളൎച്ചയും ഭവിക്കും. അതിന്നു മത്സ്യമാംസതിലാദികളെക്കൊണ്ടു ബലിയും, സ്നാന ധൂപനങ്ങളും ചെയ്യണം.

അഞ്ചാംവൎഷത്തിൽ പഞ്ചാല എന്ന ഗ്രഹം ബാധിക്കും. എന്നാൽ പനിയും ഞെട്ടലും അംഗങ്ങൾക്കു തളൎച്ചയും സംഭവിക്കും. അതിന്നു, മാംസാന്നാദികളെക്കൊണ്ടു ബലിയും, ആട്ടിൻമലംകൊണ്ടു ധൂപനവും ചെയ്യണം. പ്ലാവു്, അത്തി, അരയാലു്, പേരാലു്, ക്രുവളം ഇവയുടെ ഇലയിട്ടുവെച്ച വെള്ളംകൊണ്ടുള്ള സ്നാനവും നല്ലതാകുന്നു.

ആറാംസംവത്സരത്തിൽ ധാവനി എന്ന ഗ്രഹം ബാലനെ ഗ്രഹിക്കും. അതുകൊണ്ടു മുഖശോഷം, വായയ്ക്കു വൈരസ്യം, അവയവങ്ങൾക്കു തളൎച്ച എന്നിവയുണ്ടാകും. അതിന്നു് മുമ്പറഞ്ഞ ദ്രവ്യങ്ങളെക്കൊണ്ടു് ഏഴുദിവസം ബലി നൽകുകയും, പുകയ്ക്കുകയും, കഞ്ഞുണ്ണിനീർകൊണ്ടു സ്നാനംചെയ്കയും വേണം.

ഏഴാംവൎഷത്തിൽ യവനയാണു ബാധിക്കുക. അതു ബാധിച്ചാൽ ബാലന്നു് സംസാരിക്കാൻ വയ്യാതാകയും, ഛൎദ്ദിയുണ്ടാകയും, ഹാസരോദനങ്ങൾ സംഭവിക്കയും ചെയ്യും. അതിന്നു് മല്യമാംസപായസാദികളെക്കൊണ്ടു് ബലിയും, സ്നാനധൂപനങ്ങളും ചെയ്യണം.

എട്ടാംസംവത്സരത്തിൽ ജാതവേദ എന്ന ഗ്രഹം ബാധിക്കും. എന്നാൽ ബാലൻ ആഹാരം കഴിക്കാതിരിക്കയും, കരയുകയും ചെയ്യും. ഇതിന്നു് എൾച്ചോറു്, എള്ളപ്പം, തൈരു് മുതലായവകൊണ്ടു ബലിയും സ്നാനധൂപനാദികളും ചെയ്യണം.

ഒമ്പതാംവൎഷത്തിൽ കാള (കാളി?) എന്ന ഗ്രഹം ബാധിക്കും. എന്നാൽ കൈകൾ പൊട്ടിക്കുക, അലറുക, ഭയപ്പെടുക എന്നീ ലക്ഷണങ്ങളുണ്ടാകും. അതിന്നു് എൾച്ചോറു്, എള്ളപ്പം, എൾപ്പൊടി, കല്മാഷം, പായസം എന്നിവകൊണ്ടു ബലി നൽകണം.

പത്താംവൎഷത്തിൽ കളഹംസി ആവേശിക്കും. എന്നാൽ ദേഹം ചുട്ടുനീറുക, ശോഷിക്കുക, പനിക്കുക എന്നിവയുണ്ടാകും. ഇതിന്നു് പൌലികമെന്ന അപ്പം, നെൎച്ചോറു് എന്നിവകൊണ്ടു് അഞ്ചുദിവസം ബലികൊടുക്കുകയും, വേപ്പിൻെറ ഇലകൊണ്ടു് പുകയ്ക്കുകയും, കൊട്ടം അരച്ചുപുരട്ടുകയും വേണം.

പതിനൊന്നാം സംവത്സരത്തിൽ ദേവദൂതി എന്ന ഗ്രഹം ഗ്രഹിക്കും. എന്നാൽ ബാലൻ നിഷ്ഠുരമായ വാക്കുകളെ ഉച്ചരിക്കും. അതിന്നു മേൽപ്രകാരം ബലിയും ലേപാദികളും ചെയ്യണം.

Since 1923

പന്ത്രണ്ടാം വൎഷത്തിൽ വലിക എന്ന ഗ്രഹം ബാധിക്കും. എന്നാൽ ഇടവിടാതെ ഏക്കമുണ്ടാകും. അതിന്നും ബലിലേപാദികൾ മേൽപ്രകാരം തന്നെ.

പതിമ്മൂന്നാം വയസ്സിൽ വായസി ആവേശിക്കും. അതു ബാധിച്ചാൽ മുഖം ഒഴികെയുള്ള അംഗങ്ങൾ ശോഷിച്ചു വരും. വായസിക്കു രക്തവൎണ്ണങ്ങളായ അന്നം, ചന്ദനം, പുഷ്പം മുതലായവയെക്കൊണ്ടു ബലി കൊടുക്കുകയും, പഞ്ചപത്രങ്ങളെക്കൊണ്ടു സ്നാനം ചെയ്യുകയും, കടുകിൻേറയും വേപ്പിൻേറയും ഇലകളെക്കൊണ്ടു ധൂപം ചെയ്യുകയും വേണം.

പതിന്നാലാം വയസ്സിൽ യക്ഷിണി ബാധിക്കും. എന്നാലവൻ പലതരത്തിലുള്ള വിക്രതചേഷ്ടകൾ ചെയ്യും. വയറുവേദന, ജ്വരം, ദാഹം എന്നിവയുണ്ടാകയും ചെയ്യും. അതിൻെറ ശാന്തിക്കു് മാംസഭക്ഷ്യാദികളെക്കൊണ്ടു് ബലിയും മുമ്പത്തെപ്പോലെയുള്ള സ്നാനാദികളും ചെയ്യണം.

പതിനഞ്ചാം വയസ്സിൽ മുണ്ഡിക ബാധിക്കും. അതുകൊണ്ടു് പലതരം വേദനകൾ, വിവിധചേഷ്ടകൾ, എപ്പോഴും രക്തസ്രാവം എന്നിവയുണ്ടാകും. ഇതിന്നു ബാലൻെറ മാതാവിന്നാണു ചികിത്സ ചെയ്യേണ്ടതു്.

പതിനാറാം വയസ്സിൽ വാനരിയാണു ബാധിക്കുക. എന്നാൽ നിലത്തു വീഴുക, എപ്പോഴും ഉറങ്ങുക, എല്ലായ്പോഴും പനിക്കുക എന്നീ ലക്ഷണങ്ങൾ കാണും. ഇതിന്നു് പായസം മുതലായവകൊണ്ടു മൂന്നു രാത്രികളിൽ ബലി കൊടുക്കുകയും, മുമ്പത്തെപ്പോലെ സ്നാനാദികളെ ച്ചെയ്കയും വേണം.

പതിനേഴാം വയസ്സിൽ ഗന്ധവതി എന്ന ഗ്രഹം ബാധിക്കും. എന്നാൽ അവയവങ്ങൾക്കു് ഉദ്വേഗം, രോദനം എന്നിവയുണ്ടാകും. ഇതിന്നു കല്മാഷാദികളെക്കൊണ്ടു ബലിയും, മുമ്പിലത്തെപ്പോലെ സ്നാനധൂപലേപാദികളും ചെയ്യണം.

മേല്പറഞ്ഞ സകലവിധ ബലിദാനങ്ങളിലും ഇനിയെഴുതുന്ന രക്ഷാകരമായ മന്ത്രം ജപിക്കേണ്ടതാണു്.

(മന്ത്രം)

ഓം നമഃ സൎവ്വമാതൃഭ്യോ ബാലപീഡാസംയോഗം ഭുഞ്ജ ഭുഞ്ജ ചുട ചുട സ്ഫോടയ സ്ഫോടയ സ്ഫുര സ്ഫുര ഗൃഹ്ണ ഗൃഹ്ണ ആകട്ടയ ആകട്ടയ കട്ടയ കട്ടയ ഏവം സിദ്ധരൂപോ ജ്ഞാപയതി—ഹര ഹര നിർദ്ദോഷേ കുരു കുരു ബാലികാം ബാലം സ്ത്രീയം പുരുഷം വാ സൎവ്വഗ്രഹാണാമുപക്രമാൽ—ചാമുണ്ഡേ നമോ ദേവൈവ്യ ഹ്രൂം ഹ്രൂം ഹ്രീം അപസര ദുഷ്ടഗ്രഹാൻ ഹ്രൂം തദ്യഥാ ഗച്ഛന്തു ഗൃഹ്യതാം അന്യത്ര പന്ഥാനം രുദ്രോ ജ്ഞാപയതി—ഈ മന്ത്രം എല്ലാ ബാലഗ്രഹങ്ങളിലും സൎവ്വകാമസാധകമാകുന്നു.

ഓം നമോ ഭഗവതി ചാമുണ്ഡേ മുഞ്ചെ മുഞ്ചെ ബാലം ബാലികാം വാ ബലിം ഗൃഹ്ണ ഗൃഹ്ണ ജയ ജയ വസ വസ—ഈ മന്ത്രവും എല്ലാ ബലിദാനത്തിങ്കലും രക്ഷാകരമാകുന്നു. ബലിദാനത്തിങ്കലുള്ള പ്രാത്ഥനാ മന്ത്രം എന്തെന്നാൽ:—

"ബ്രഹ്മാ വിഷ്ണുശ്ശിവഃസ്കന്ദോ—ഗൌരീ ലക്ഷ്മീർഗ്ഗണാദയഃ
രക്ഷന്തു ജ്വരദാഹാർത്തം—മുഞ്ചന്തു ച കുമാരകം"

എന്നാകുന്നു.